


ST. MARY'S COLLEGE, PUTHANANGADI

# ST. MARY'S COLLEGE

Run by the Congregation of the Sons of the Immaculate Conception(CFIC)

(Affiliated to University of Calicut)

PUTHANANGADI

P.O. Puthanangadi, Angadippuram Via, Pin - 679 321

Malappuram Dt., Kerala, India

Tel: 04933 - 258704, 9562 5850 33

Mob: 9562 5850 22

e-mail: info@stmaryscollege.info

www.stmaryscollege.info

Founder of the Sons of the
Immaculate Concetption ( CFIC )



# Blessed Luigi Maria Monti

# PLAN B

മനസ്സിന്റെ ഉള്ളറയിൽ കെടാതെ
സൂക്ഷിച്ചൊരു മൺ ചെരാതിന്റെ വെളിച്ചവുമായി
നടക്കുവാൻ തുടങ്ങുന്നു...

പിന്നിട്ട വഴികൾ നൽകിയ നൊമ്പരങ്ങളെ മുറുകെ
പിടിച്ചുകൊണ്ട്...

പിന്നിടുവാൻ കാതങ്ങളേറെയുണ്ട്
എനിക്ക് പിൻവിളികൾക്ക് കാതോർക്കുവാൻ നേരമില്ല...

പോകണം. എനിക്കായി കാലം ഒരുക്കിയ
അലയടങ്ങാത്ത സമുദ്രത്തിനടിയിലേക്ക്...



@st.marys_college

Superior General of CFIC



Very Rev .Fr. Michele Perniola CFIC

Provincial Superior of CFIC ( India )



Fr. Saji Muthirenthikkal CFIC

Our Beloved Principal



**Fr. Jose Mathew Parayil** CFIC

Our Beloved Vice Principal



**Fr. Denny Cholappallil** CFIC

# സമർപ്പണം..








**തായ്‌ലന്റിലെ ഗുഹയിൽ കുടുങ്ങിയവർക്ക്**
**ഓക്സിജൻ നൽകി തിരിച്ചു നീന്തുമ്പോൾ**
**തനിക്കായി കരുതി വെച്ചത് തീർന്നു പോയി,**
**അവസാന ശ്വാസം വരെ അപരനു വേണ്ടി**
**ജീവിച്ച വലിയ മനുഷ്യന്...**
**സ്വജീവൻ ത്യജിച്ച് രോഗികളെ പരിചരിച്ച്**
**ഭൂമിയിലെ മാലാഖയെന്ന പേര്**
**അന്വർത്ഥമാക്കിയവൾക്ക്...**
**പെയ്തു തീർന്ന ആർദ്രമായ ഗസലുകൾക്ക്...**
**പാതി മുറിഞ്ഞ വയലിൻ തന്ത്രികൾക്ക്...**
**മൃണാൾദായ്ക്ക്, പാലൂരിന്, കെ. ടി. സിയ്ക്ക്**
**സർവ്വോപരി ഈ കലാശാലയുടെ**
**ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുന്ന രണ്ട്**
**താരങ്ങൾക്ക്...**











# TEAM PLAN-B

ചീഫ് എഡിറ്റർ
**ഫാ: ജോസ് മാത്യു പാറയിൽ**

സ്റ്റാഫ് എഡിറ്റർ
**ഷമീർ ടി.**

സ്റ്റുഡന്റ് എഡിറ്റർ
**ഗബ്രിയേൽ ജോർജ്ജ്**

ക്രിയേറ്റീവ് സപ്പോർട്ട്
**ലീല വിജയൻ**
**സൽമാനുൽ ഫാരിസ്**
**രേഷ്മ**

ബോർഡ് മെമ്പേഴ്സ്
**അസ്ഹറുദ്ദീൻ പി.**
**സുബിൻ കെ.**
**മുഹമ്മദ് മുസ്തഫ കെ.പി.**
**ഷിജി കെ.എസ്.**
**കെ. കീർത്തി മോഹൻ ഡി.**

ഫിനാൻസ്
**ഫാ: ഡെന്നി ചോലപ്പള്ളിൽ**
**രാജേഷ് പി. എസ്**

ഇല്ലസ്ട്രേഷൻ
**റിനീഷ സി.പി.**
**ഫാത്തിമ റിസാന**
**സഞ്ജയ് പുരുഷോത്തമൻ**
**ഷമീം ലുഖ്മാൻ**


ടൈപ്പിങ്
**അസ്ഹറുദ്ദീൻ പി.**

ലേ ഔട്ട്
**സ്നോവി**
മാസ്റ്റർ ഡിസൈനേഴ്സ്

ഫോട്ടോഗ്രഫി
**ഫോട്ടോലാന്റ് സ്റ്റുഡിയോ പുത്തനങ്ങാടി**
**ഗബ്രിയേൽ ഫോട്ടോഗ്രഫി**
**സാം ഫോട്ടോഗ്രഫി**
**സൂരജ് എം.പി.**

കവർ ഡിസൈനർ
**റിനീഷ സി.പി.**





Lover
OF DARKNESS
ഒഴുക്ക്
आँसू
മഴയോർമ
മുതുകിലേറി കേരളം
നിഴലും വെളിച്ചവും
അതിഥി
മായാത്ത ഓർമ്മകൾ
Expectations to be fulfilled
സ്ത്രീ പുരുഷ സമത്വം :
മാറുന്ന പ്രവണതകൾ
DEVOTION BEYOND THE BOUNDARIES
The Heavens opened
Requiem to Humanity
DESTINY
യാത്ര
നില്നിൽപ്പിന്റെ
രാഷ്ട്രീയം
അതിരുകടക്കുന്ന ടെക്നോളജി
ഗണിതം
ന്യൂസ് റൂമിലെ വിമതസ്വരം
Love, till end of life shall we go?
മഴയായ് നീ
മാപ്പ്
मित्रता
ആണിന്റെയല്ല
ഇത് കഴിവിന്റെ ലോകം
പെണ്ണിന്റെയുമല്ല
ഇരുട്ടിലെ കണ്ണീർ
പ്രണയം
ആത്മ നൊമ്പരം
Indian Banks & Ranking NPAs
Cultural Invasion
ദൈവത്തിന്റെ കരങ്ങൾ
തേഞ്ഞുമാഞ്ഞ അക്ഷരം
मानवता
भीगी हुई बारिश


# പ്രത്യേക അറിയിപ്പ് !

ഈ മാഗസിൻ ആധാറുമായി ലിങ്ക് ചെയ്തിരിക്കുന്നു. ഈ രഹസ്യങ്ങളിലേക്ക് ഒളിഞ്ഞു നോക്കേണ്ടവർക്ക് നോക്കാം.



# PLAN-B

ഓരോ കാലത്തിനും ഒരു അനുഭവ സ്വത്വമുണ്ട്;
സ്വരൂപമുണ്ട്.
അതിനോട് ചേർന്നാണ് എന്നിലും നിന്നിലും
അനുഭവങ്ങളുടെ നദി ഒഴുകുന്നത്
നവ കൊളോണിയൽ കാലത്തിന്റെ
ആധുനികോത്തര ജീവിതത്തിൽ നിന്ന്
എന്റെ ജനനത്തെ, പ്രണയസുരഭിലമായ കൗമാരത്തെ
തീക്ഷണമായ യൗവനകാലത്തെ,
മരണത്തെപോലും
കണ്ടെത്തുകയാണിവിടെ......
അനുഭവങ്ങളുടെ, അഗാധതകളുടെ
ചരിത്രരേഖയാണ് പ്ലാൻ ബി.





1

# ളി

ഇത് ഞാൻ...

ഇതെന്റെ കഥയാണ്...

വർഷങ്ങൾക്ക് മുമ്പ് ഒരു രാത്രിയിലാണ് ഗവൺമെന്റ് ഹോസ്പിറ്റലിലെ ലേബർ റൂമിനു പുറത്തെ വരാന്തയിലൂടെ ടെൻഷനടിച്ച് അച്ഛൻ തലങ്ങും വിലങ്ങും നടന്നത്...

സംഘർഷഭരിതമായ ആ മുഖത്തെ വലിഞ്ഞു മുറുകിയ മാംസപേശികൾ നിങ്ങൾക്ക് കാണാം...

നഖം കടിച്ചും ബെഞ്ചിൽ ഇരുപ്പുറക്കാതെയും അച്ഛൻ നിമിഷങ്ങൾ തള്ളിനീക്കുന്നു...

അയൽപക്കത്തെ ചേച്ചിയും അമ്മായിയും അടക്കം പറയുന്നതു കാണാം...

ഒടുവിൽ ആകാംക്ഷകൾക്ക് വിരാമമിട്ട് അകത്തുനിന്നൊരു കരച്ചിൽ...

അച്ഛന്റെ അപഥസഞ്ചാരത്തിന് സഡൻ ബ്രേക്ക്...

പുറത്തേക്ക് തല നീട്ടി നഴ്സ് വിളിച്ചു പറഞ്ഞു;

“..........പ്രസവിച്ചു.......... കുട്ടിയാണ്..........”

അന്നു പിറന്നുവീണ നിമിഷം ഞാനീ ലോകത്തോട് സംസാരിച്ചതെങ്ങനെയാണ്?

എന്റെ ചേഷ്ടകൾകൊണ്ട് ഞാനെങ്ങനെയാണ് നിങ്ങളോട് സംവദിച്ച ത്...............


ളി എന്ന കൃത്രിമ നിർമ്മിത അക്ഷരം പോലെ അതിന്നും ഒരു സമസ്യയാണ്.

# പുതുജീവൻ തേടി...

(ഈ വർഷത്തെ തുഞ്ചത്ത് എഴുത്തച്ഛൻ കവിതാ പുരസ്കാരം ലഭിച്ച കവിത)



**ASHARUDHEEN. P**
*VIth Sem- BA History*



ഞാൻ തായ്‌വേര്.
ഇന്നെന്നിൽ
കവിഞ്ഞൊഴുകാതെ
തളം കെട്ടിയ മൗനം.
അന്നൊരുനാൾ
പാതിയിലേറെ പായൽ മൂടിയ
ചതുപ്പിന്റെ ഓരത്തു നിന്ന്
പടവുകളിടിഞ്ഞ
കരിങ്കൽത്തിട്ടക്ക് ചുവട്ടിലൂടെ
കടലിന്റെ പരപ്പും
പുഴയുടെ ഒഴുക്കും കിനാവുകണ്ട്
അഴുക്കും അടയാളങ്ങളും നിറഞ്ഞ
പ്രൗഢിയുടെ പിന്നാമ്പുറങ്ങളിലേക്ക്
ഊളിയിട്ടവൾ
മനസ്സിൽ,
ബാല്യത്തിലെ പുതുനാമ്പിന്റെ ഗന്ധം.
പിന്നീട് യൗവനത്തിൽ
ചേറിന്റെ ഊർവ്വരതയോട്
പിണഞ്ഞു ചേർന്ന
പ്രണയദൃശ്യങ്ങൾ.
ഓർമ്മയുടെ പടർപ്പുകളിൽ
തായ്‌വേരു പടലത്തിന്റെ
ചരിത്രഘട്ടം.
ഞാൻ
അനന്തതയുടെ ജ്യാമിതീയരൂപം.
ഒടുവിൽ
ചതുപ്പിലൊരു കാൽപ്പാട്
ആഴ്ന്നിറങ്ങുമ്പോൾ
കാഴ്ച്ച മങ്ങീടുന്നു.
ഇരുട്ടിന് വീണ്ടും കറുപ്പേറി വരുന്നു.
മരണഭയം പൂണ്ട്
കൂടപ്പിറപ്പുകൾ
പിടഞ്ഞു തുള്ളുമ്പോൾ

ഞാൻ
രഹസ്യങ്ങളുടെ
രഹസ്യങ്ങളിലേക്ക്
താനേയൊതുങ്ങുന്നു.
പിന്നെ,
ഉഴുതു മറിക്കപ്പെട്ട
മനസ്സും ശരീരവുമായ്
പുതുജീവൻ കാത്തുകൊണ്ടുള്ള
ഒരേ കിടപ്പ്...



**SHIFA SHERIN C.**
*IV th Sem. BSc Psychology*

# ഒഴുക്ക്

എൻ മിഴിനീർ ചൊരിക്കയായ്
പകൽ നിദ്രയിൽ പോലും
കറുപുരണ്ടൊരെൻ മനസ്സിൽ തെളിഞ്ഞൊരാ
വക്രതമിന്നെന്നിൽ മിഴിനീർ ചൊരിക്കയായ്
അവിടമതെന്നുമൊരേ ഭാവം
രൗദ്രമല്ല, ഉന്മാദമല്ല, സന്താപമോ അതൊട്ടുമല്ല.
നിസ്സഹായത തൻ ഒരൊറ്റ ഭാവം
എന്നോർമകൾ പായുന്നു, പിന്നിട്ടൊരാ പതിറ്റാ
ണ്ടിലേക്ക്

സ്നേഹ വാത്സല്യം തുളുമ്പുമാ കേളീഗൃഹത്തിൽ
താരാട്ടിന്നൊലികളും കളികൾ തൻ താളവും
കൂട്ടായ്മ തൻ മനുഷ്യചങ്ങലയും...
സമൂഹത്തിൻ ചുമരിൽ കൊത്തിയാ നാമം
കേരളമെന്നോ മറ്റോ..
മത മൈത്രിതൻ കെട്ടുറപ്പോടെ,
ഉയരത്തിൽ പറക്കുമാ കൊടിക്കന്ന്
ഒരു വർണ്ണം മാത്രം ശുഭ്ര വർണ്ണം.
ഏവരും ബന്ധുമിത്രാദികൾ
ശത്രുവെന്നാ പദമന്യം...
കൂടെ ഞാനാമുഖം ഓർമയിലും
എൻ ഇടം കൈ പിടിച്ചു കളിച്ചൊരാ തോഴനേ...

ആ കാലൊച്ച മുറിച്ചെൻ ഓർമ്മതൻ ഒഴുക്കിനെ
മുഖമുയർത്തി ഞാൻ ചോദ്യഭാവത്തോടെ...
എൻ കരങ്ങളിൽ ഏൽപ്പിച്ചു
പെട്ടി നിറയെ പണം, വടിവാൾ,
ആർദ്രമായ് ചൊല്ലീ എന്നോടായ്
" ഒരുവനെ മുറിച്ച് മാറ്റീടേണം
അവൻ അണിമാറി, കൊടി മാറി...."
ഇപ്പോൾ ആയുസ്സെടുക്കാനായ് നിർദ്ദേശവും
ഒരു കാലത്തവർ ആത്മമിത്രങ്ങളത്രേ
ഒരു വേള സ്തംഭിച്ചു പോയ് ഞാൻ

ഇതു കണക്കെ ഒരു ദുർനിമിഷത്തിൽ
ഞാൻ അറിഞ്ഞു മാറ്റീലയോ എൻ കളിത്തോഴനെ
ഒരേ കിണ്ണത്തിൽ നിന്നുണ്ടഞങ്ങൾ ;
എന്നാത്മമിത്രത്തിൻ ചുടുരക്തമെൻ കരങ്ങളിൽ
വിറക്കും കരങ്ങളാൽ അവൻ തൻ നെഞ്ചിടത്തിൽ
ആഴ്ന്നിറങ്ങിയെൻ മൂർച്ചയേറുമാ ആയുധം,
കണ്ടൂ ഞാനാമുഖത്തെ നിസ്സഹായത.

ഇന്നുമെൻ വാസമാ കൈരളീ ഗൃഹത്തിൽ
അവിടെങ്ങുമേയില്ലാ വാക്കുകൾ,
മിത്രം, ബന്ധു, സുഹൃത്ത്
പകരമൊറൊറ്റ സ്വരമത് ശത്രുമാത്രം.
പിന്നെങ്ങിനെ വാഴുമെന്നിലാ സൗഹൃദം.





**KEERTHI**
*IV th Sem. BA English*


# DEVOTION BEYOND THE BOUNDARIES

The red stain over her yellow salwar marked her identity at the age of fifteen. Misfortunate, I would say, this very sign, fitting her to the group, that merely frame one half of the total population, shut before her. The only freedom she enjoyed on certain Sundays, visiting the holy land.

Stepping to high schools, already broke much of her communication with the outer world. There was a wall, unbreakable, before her that often her brother could climb ahead, free to move anywhere, anytime. Though she equated this success of his with her only visit to the holy land of her duty. She was rather happy and never cursed of being accustomed to bleed for sustaining generations.

For her, it was not protest or a radical feminism, yet she signed for women entry to the holy land irrespective of the days that coloured red, irrespective of the group they belong but only on the ground of the devotions, a passionate devotion, I would say. And it was more than enough for the society that she too was a part to spot her as the worst kind of indignitory.

She victimized cold, better, and brutal experiences, even from her own communities. She suffered. When her sufferage crossed the limits that she felt uneasy to withstand, herself ended in the same yellow Salwar leaving the note – "I crave only for devotion; devotion beyond boundaries."



**ROSELIN T. VARGHEES**
*IV th Sem. BCom Finance*

# നിഴലും വെളിച്ചവും

ജീവിത നൗകതൻ  ഏകാന്ത യാത്രികനാം
മനുജൻ തൻ ഉറ്റ തോഴനായ് നീ
പിറന്നുവീണ നാൾമുതൽ അവസാന
ശ്വാസം വെടിയുന്ന നേരത്തും
കൂടെപ്പിറപ്പായ് കൂടെ നിന്നു.
ആരാരും കൂട്ടിനില്ലാ ദുരവസ്ഥയിൽ
എന്നുമെൻ ചാരെ വന്നു നിന്നു.
ഇറ്റിറ്റു വീഴുന്ന കണ്ണീർക്കണങ്ങളിലും
എൻ കൂട്ട് നീ മാത്രമായിരുന്നു.
മാറോടണയ്ക്കുവാൻ ആരുമില്ലാതെ
വിങ്ങുന്ന ജീവൻ തൻ
മൃതസഞ്ജീവനി നീയായിരുന്നു...
അതിദാരുണമാം പീഡകൾ തൻ
ശിശിരത്തിലും എൻ വസന്തം നീയായിരുന്നു.
ജീവിത വേനലിൽ പൊള്ളുന്ന ചൂടിലും
വർഷക്കാലം നിൻ സാന്നിദ്ധ്യമായിരുന്നു.
നിൻ ഉറ്റതോഴി വെളിച്ചമെന്നിരിക്കിലും
എൻ ഉറ്റ തോഴൻ നീയായിരുന്നു.
വെളിച്ചമില്ലാതെ നീയില്ലെന്നിരിക്കിലും
നീയെന്നുമെൻ പ്രിയതമനായിരുന്നു.
കുശുമ്പിയാം വെളിച്ചം എന്നെ നിന്നിൽ –
നിന്നകറ്റിയപ്പോഴും അവയെല്ലാ–
ഭേദിച്ച് നീയെന്നോട് ചേർന്നിരുന്നു.
കാറ്റിൻ ഈണം പോലെ, തോരാ –
മഞ്ഞിൻ തൂവൽപ്പോലെ
നോവും നെഞ്ചിൽ രാക്കൂട്ടിൽ
നീ ചേർന്നു നിന്നെൻ ചാരെ,
ഇടറാതെ നീയെൻ കയ്യിൽ കൈചേർത്ത
നാൾ പതറാതെ ഞാനാ വീഥിയിൽ
നടന്നീടുന്നു.
നിഴലറിയാതെ നിറം മങ്ങും ഒരു
പിടി നോവിലായ് നിൻ കരം.
ഇനിയൊരു ജന്മമെൻ തോഴനായ്
ചേരുവാൻ നീ വേണമെൻ കൂടെ
നെഞ്ചോടു ചേർക്കുന്ന ഞാൻ
നിന്നെ എൻ ചിത എരിയും
നേരം വരെ.
അറിയാതൊരോർമ്മപോലെ നിറയുന്നു.
തമ്മിൽ നാം കാണാതിരുന്ന
നേരമൊക്കെ തന്നെയായി ഞാൻ...
ഒരു നേർത്ത ചോദ്യം മാത്രം
ബാക്കിയാക്കുന്നു ഞാൻ...
എന്തിനു നീയെന്നെ തനിച്ചാക്കി
മാറി നിന്നു.  ഇരുളിൻ കരങ്ങൾക്കെന്നെ
വിട്ടുകൊടുത്തു.... ????



**SHAMEER. T**
*English Department*

# Irony

*They say that India is incredible.*
*That She has unity in diversity,*
*That it is developing day by day*
*And is a model for every other.*

*Where mortals conquer the streets*
*To protect the Almighty from doom,*
*Where towering statues are built*
*To save peasantry from deaths.*

*Where the poor are robbed,*
*While the rich are saved.*
*Where animals have ambulances to rush*
*While men shoulder corpses by foot.*

*Where woman is a deity*
*But got raped by the piety.*
*Still, they say that India is incredible.*
*Mother India, I am really proud of you..!*


LABOUR ROOM

B2

# മൂന്നാമിടം

... കാത്തിരിപ്പിനൊടുവിൽ വെളുത്ത തുണിയിൽ

പൊതിഞ്ഞ് ഞാൻ ലേബർറൂമിന് പുറത്തേക്ക്...

ആനന്ദാശ്രു പൊഴിച്ച് നിറമനസ്സോടെ  അച്ഛനെന്നെ ഏറ്റുവാങ്ങവേ...

ബന്ധുക്കളെന്നെ പൊതിഞ്ഞു നിൽക്കവേ...

ഗോവണി കയറി കിതച്ചുകൊണ്ട്  വന്ന ആരോ ഒരാൾ എന്റെ
മുകളിലെ തുണി മെല്ലെ പൊക്കി നോക്കിക്കൊണ്ട്

ഉറക്കെ ചോദിച്ചു: 'ചെക്കനോ.... അതോ പെണ്ണോ?'

ആണും പെണ്ണും....

അതിനപ്പുറമുള്ള ഒരു സ്വത്വത്തെകുറിച്ച് നാമാരെങ്കിലും ചിന്തിക്കാറുണ്ടോ....?

ഇതൊരു ചോദ്യമാണ്, ഞാനും നിങ്ങളും സ്വയം ചോദിക്കേണ്ട വലിയൊരു
ചോദ്യം.....?



# ആണിന്റെയല്ല പെണ്ണിന്റെയുമല്ല ഇത് കഴിവിന്റെ ലോകം

*എത്ര ഉറക്കെ ചോദിച്ചാലും സമൂഹം കേൾക്കേണ്ടെന്നു തീരുമാനിക്കുന്ന ചില ചോദ്യങ്ങളുണ്ട്. കേൾക്കേണ്ടെന്ന് തീരുമാനിക്കുന്നതോ, ഉത്തരമറിയാത്തതു കൊണ്ട് കേൾക്കാതിരിക്കുന്നതോ ആയ ഗൗരവമുള്ള ചില ചോദ്യങ്ങൾ....*

*ഇഷ്ടപ്പെട്ട സ്വത്വത്തിൽ ജീവിയ്ക്കാനുള്ള ട്രാൻസ്ജെൻഡറുകളുടെ അവകാശത്തെ സമൂഹം ഇപ്പോഴും നോക്കിക്കാണുന്നത് എങ്ങനെയാണ് ?*

*ആണായോ പെണ്ണായോ മാത്രമേ ജീവിയ്ക്കാൻ പറ്റൂ എന്ന് പറയാൻ ആർക്കുണ്ട് അവകാശം...?*

*ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ് അംഗവും ആക്ടിവിസ്റ്റുമായ റിയ ഇഷ സംസാരിക്കുന്നു.*

സുപ്രീം കോടതിയുടെ പുതിയൊരു വിധിയുണ്ട്. വിധി പുറത്തുവന്നയുടനെ തങ്ങളുടെ പ്രൊഫൈൽ ചിത്രം മഴവില്ലഴകിൽ മുക്കി വിധിയോട് അനുഭാവം പ്രകടിപ്പിച്ചവരാണ് നമ്മിൽ പലരും. യഥാർത്ഥത്തിൽ ട്രാൻസ് ജെൻഡറുകൾക്ക് മാത്രമായുള്ള ഒരു വിധിയല്ലിത്. ഒരു വ്യക്തിയെ പ്രത്യുൽപ്പാദന വ്യവസ്ഥയെ അടിസ്ഥാനമാക്കി മാത്രം കാണുന്ന മാറേ സാമൂഹ്യ വ്യവസ്ഥിതികളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഓരോരുത്തർക്കും ഓരോ ശരികളുണ്ട്. അതി ന് ഒരു ഏകമാന രൂപം വേണമെന്ന് നിഷ്കർഷിക്കുന്നത് എത്രത്തോളം ശരിയാണ് ?

ഇക്കാലത്ത് ഞങ്ങളുടെ യഥാർത്ഥ ജീവിതത്തെ കൃത്യമായി വരച്ചുകാണിയ്ക്കുന്ന ഒരു സിനിമയാണ് ' ഞാൻ മേരിക്കുട്ടി.' ഈ സിനിമ മുന്നോട്ടു വയ്ക്കുന്ന രാഷ്ട്രീയം ഞങ്ങളുൾപ്പെടുന്ന കാലങ്ങളായി നിശബ്ദരായ അരികുവൽക്കരിക്കപ്പെട്ടവരുടെ രാഷ്ട്രീയമാണ്. ഒരു ജനകീയ മാധ്യമം എന്ന നിലയിൽ ഇത്തരം പ്രമേയങ്ങൾ ചർച്ച ചെയ്യുന്ന സിനിമകൾ പുറത്തിറങ്ങുന്നു എന്നത് തന്നെ വലിയൊരു മാറ്റമാണ്. ഈ സിനിമ പുറത്തിറങ്ങിയ ഉടനെ പലരും വിളിച്ച് ഇത് തന്റെ ജീവിതമാണോ എന്ന് അന്വേഷിക്കുകയായി. വ്യക്തിപരമായി സന്തോഷം പകരുന്ന കാര്യങ്ങളാണിവ. ' ചാന്തുപൊട്ടിൽ'

നിന്ന് മലയാള സിനിമ 'മേരിക്കുട്ടി'യിലേക്ക് വളർന്നത് ഒരു മാറ്റത്തിന്റെ സൂചനയായി കരുതുന്നു. അതോടൊപ്പം പേരൻപ് എന്ന സിനിമയിൽ നായികയായെത്തിയ അഞ്ജലി അമീർ, ഒരു ദേശീയ പാർട്ടിയുടെ ഉത്തരവാദിത്തപ്പെട്ട സ്ഥാനം വഹിയ്ക്കുന്ന അപ്സര റെഡ്ഡി തുടങ്ങിയവരെല്ലാം ഈ മാറ്റത്തെ പ്രതിനിധാനം ചെയ്യുന്നവരാണ്. ആണാണോ പെണ്ണാണോ എന്നതല്ല. മറിച്ച് കഴിവാണ് പ്രധാനം. കഴിവുള്ളവരെ സമൂഹം അംഗീകരിയ്ക്കാൻ തുടങ്ങി എന്നതാണ്.

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ശസ്ത്രക്രിയ സംബന്ധിച്ചെല്ലാം പലരും ചോദിയ്ക്കാറുണ്ട്. ഒരു പുരുഷന് സ്ത്രീയായി മാറുക എന്നത് താരതമ്യേന എളുപ്പമാണ്. പുരുഷ ഹോർമോണുകളുടെ എണ്ണം ക്രമീകരിച്ച് സ്ത്രീ ഹോർമോണുകൾ കുത്തിവെച്ച് ഒരു വർഷത്തിനുള്ളിൽ നടക്കുന്ന ചികിത്സയിലൂടെയാണ് ഇത് സാധ്യമാകുന്നത്. ഈ കാലയളവിനുള്ളിൽ തിരിച്ച് പുരുഷൻ തന്നെയായി മാറാനും സാധിക്കും. മറിച്ച് ഒരു സ്ത്രീക്ക് പുരുഷനാവുക എന്നത് കുറച്ച് സങ്കീർണ്ണമാണ്. പലപ്പോഴും ' ജെൻഡർ' എന്ന പദത്തിന്റെ അർത്ഥം പോലും നമുക്ക് ശരിയായി മനസ്സിലാക്കാൻ സാധിക്കാറില്ല. നമ്മുടെ ലിംഗവ്യവസ്ഥയും മാനസികാവസ്ഥയും ഒരേ രീതിയിൽ വരുന്ന അവസ്ഥ മാത്രമാണിത്. എഴുപത്തിനാലോളം ജെൻഡറുകൾ ഉണ്ട്. പരിപൂർണ്ണ സ്ത്രീയാണ്, പുരുഷനാണ് എന്നൊന്നും അവകാശപ്പെടാൻ ആർക്കും സാധിയ്ക്കില്ല. ഈ പറയപ്പെടുന്ന വിഭാഗങ്ങളിൽ ഏതോ ഒരു വിഭാഗം മാത്രമായിരിക്കും നമ്മൾ. ജെൻഡർ എപ്പോൾ വേണമെങ്കിലും മാറ്റങ്ങൾക്ക് വിധേയമാകാം.

സമൂഹത്തിന്റെ കാഴ്ചപ്പാട് ഏത് രീതിയിലാണ് എന്ന് വ്യക്തിപരമായി ഞാൻ നോക്കാറില്ല. പൊതുസമൂഹത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ജീവിയ്ക്കുക എന്നതാണ് നമ്മുടെ പ്രാഥമിക ധർമ്മം. പക്ഷെ പലപ്പോഴും പൊതു ചർച്ചകളിൽ ഒന്നും നമ്മെ ഒരു ഘടമായി പ്പോലും കാണാറില്ല എന്നത് ഒരു വസ്തുതയാണ്. എന്നെ സംബന്ധിച്ചിടത്തോളം ' ട്രാൻസ്' എന്ന ലേബലിലാണ് ഞാൻ ഇത്രത്തോളം എത്തിയിട്ടുള്ളത്. അങ്ങനെത്തന്നെ അറിയപ്പെടാനാണ് ആഗ്രഹം. ജീവിതം ഒന്നേയുള്ളൂ. അത് മറ്റുള്ളവർക്ക് ഉപദ്രവമാകാത്ത രീതിയിൽ പ്രശ്നങ്ങളില്ലാതെ സന്തോഷത്തോടെ ജീവിക്കുക. വരുന്ന തലമുറയെങ്കിലും ട്രാൻസുകളെ പരിഹസിക്കുന്ന ഒരു തലമുറയായി മാറാതിരിക്കുക.

ലോകത്തിൽത്തന്നെ ആദ്യമായി ട്രാൻസ് ജെൻഡർ നയം രൂപീകരിച്ച സംസ്ഥാനമാണ് കേരളം. പക്ഷേ, സർക്കാർ എത്രകണ്ട് നയങ്ങൾ രൂപീകരിച്ചാലും സമൂഹത്തിന്റെ കാഴ്ചപ്പാടിലാണ് മാറ്റം വരേണ്ടത്. എത്രയോ വർഷങ്ങളായി ട്രാൻസ് ജെൻഡർ വിഭാഗം അനുഭവിയ്ക്കുന്ന യാതനകൾക്ക് ഒരു മാറ്റം വരണമെങ്കിൽ ഇങ്ങനെയൊരു പൊതു സമീപനം കൂടിയേ തീരൂ...



*കലോത്സവ ചരിത്രത്തിൽ ആദ്യമായി കോഴിക്കോട് സർവ്വകലാശാല സി–സോൺ കലോത്സവത്തിൽ ട്രാൻസ് ജെൻഡർ വിഭാഗം നാടോടിനൃത്ത മത്സരത്തിൽ പങ്കെടുത്ത് റിയ ഇഷ ചരിത്രത്തിന്റെ ഭാഗമായി*



**LEELA K**
*Malayalam Dept*.

# തേഞ്ഞുമാഞ്ഞ അക്ഷരം

ക്ഷരമില്ലാത്ത അക്ഷരമേ,
നിനക്കെന്തുപറ്റി ?
ആംഗലേയ ഭാഷതൻ
കടന്നാക്രമണം
നിന്നിലെ സ്വത്വത്തെ
ഊറ്റിക്കുടിച്ചുവോ ?
അതോ പരിഷ്ക്കാരിതൻ
കാഞ്ചന പെട്ടകത്തിൽ നിന്നും
നിന്നെ തെരുവിലേയ്ക്കിറക്കി വിട്ടുവോ...?
വികൃതയായ് തീർന്നുവോ നീ...?
ഇന്നലെകളുടെ ഓർമ്മയിൽ
വെളിച്ചത്തിൻ തീജ്വാലയായ്
ഉണർന്നെഴുന്നേൽക്കൂ
നാളെയുടെ ഗർജ്ജനമായ്
പുതുതലമുറയുടെ
നാവിൽ വെളിച്ചം സൃഷ്ടിയ്ക്കും
സൂര്യതേജസ്സായ് കടന്നുവരൂ...
കിളിക്കൊഞ്ചലോടെ...
മലയാൺമയുടെ മധുരസംഗീതമായ്...





**MUHAMMED MUSTHAFA. KP**
*IV^th Sem. BA Economics*

# മലപ്പുറം പെരുമ



മലപ്പുറം– കിഴക്ക് നീലഗിരി കുന്നുകൾക്കും പടിഞ്ഞാറ് അറബിക്കടലിനും ഇടയിൽ തലയുയർത്തിനിൽക്കുന്ന മനോഹര ഭൂമിക. അധിനിവേശ ശക്തികൾക്ക് എതിരെ ധീരമായി പടപൊരുതി രക്തം ചിന്തിയ മണ്ണ്. മതസൗഹാർദ്ദത്തിന്റേയും മനുഷ്യത്വത്തിന്റേയും ഉറവ വറ്റാത്ത ഹൃദയ ഭൂമിക. ചരിത്രത്തിൽ തുല്യതയില്ലാത്ത പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച മണ്ണ്. ലോകം പുകഴ്ത്തിയ ഒട്ടേറെ മഹധ് വ്യക്തികൾക്ക് ജന്മവും അഭയവും കൊടുത്ത മണ്ണ്. 'ഇജ്ജും പജ്ജും' പറയുന്ന നിഷ്കളങ്കരുടെ നാട്. പറയാൻ ഏറെയുണ്ട് മലപ്പുറം മഹിമ.

ചരിത്രാതീത കാലം തൊട്ടേ മലപ്പുറത്ത് ജനവാസമുണ്ടായിരുന്നു എന്നു തെളിയിക്കുന്ന ഒരുപാട് തെളിവുകൾ ലഭിച്ചിട്ടുണ്ട്. തമിഴ് സംഘകാലത്ത് ചേരനാട് മണ്ഡലത്തിലെ പൂഴിനാടിന് കീഴിലായിരുന്നു മലപ്പുറം. പിന്നീട് പെരുമാൾ കാലഘട്ടത്തിൽ കുലശേഖര രാജാക്കന്മാർക്ക് കീഴിലായി മലപ്പുറം. അവർക്ക് ശേഷം വന്ന നായർ നാടുവാഴികളാണ് ഏറനാട്, വള്ളുവനാട് എന്നിങ്ങനെ വിഭജിച്ചത്. പൊന്നാനി പെരുമ്പടപ്പ് സ്വരൂപത്തിന്റെയും കൊണ്ടോട്ടി നെടിയിരുപ്പ് സ്വരൂപത്തിന്റേയും ആസ്ഥാനമായിരുന്നു. വള്ളുവനാട് ഭരിച്ചിരുന്ന വള്ളുവക്കോനാതിരിയും സാമൂതിരിയും തമ്മിലുള്ള അധികാരതർക്കത്തിന്റെ ഭാഗമായിട്ടായിരുന്നു 12 വർഷത്തിൽ ഒരിക്കൽ തിരുനാവയയിൽ മാമാങ്കം നടന്നിരുന്നത്. 1755 ലാണ് അവസാനമായി മാമാങ്കം നടന്നത്. മലപ്പുറം ഭാഗത്തെ അധികാരിയായിരുന്ന പാറനമ്പിയും മാപ്പിളമാരും തമ്മിൽ 1728 മാർച്ചിൽ നടന്ന സംഘട്ടനമാണ് മലപ്പുറം പട. പിന്നീട് ഇവിടം ടിപ്പുവിന്റെ കീഴിൽ ആവുകയും ശ്രീരംഗപട്ടണം ഉടമ്പടിയെ തുടർന്ന് ബ്രിട്ടീഷുകാരുടെ കീഴിലാവുകയും ചെയ്തു.

വിദേശീയരുമായി പണ്ട് മുതലേ കച്ചവടം ഉണ്ടായിരുന്നു. എന്നാൽ അധിനിവേശ ശക്തികളെ ഇവിടുത്തുകാർ കടലിൽ തന്നെ ചെറുത്തുനിന്നു. പൊന്നാനി അന്ന് ശക്തമായ തുറമുഖമായിരുന്നു. അധിനിവേശ വിരുദ്ധ സമരങ്ങൾക്ക് ആവേശം പകർന്ന ര് കൃതികളായിരുന്നു ശൈഖ് സൈനുദ്ദീൻ മഖ്ദൂം രാമന്റെ തുഹ്ഫത്തുൽ മുജാഹിദീനും ഖാസി മുഹമ്മദിന്റെ ഫത്ഹുൽ മുഈനും. 1819 ഡിസംബർ 18 ന് വെളിയംകോട് ഉമർഖാസിയാണ് ചരിത്രത്തിലാദ്യമായി നികുതിനിഷേധ സമരം നടത്തിയത്. 1841, 1843, 1849, 1851, 1921 എന്നിങ്ങനെ 18–നൂറ്റാന്റെ പകുതി മുതൽ 1921 വരെ അധിനിവേശ ശക്തികൾക്കെതിരെ വിവിധ സമരങ്ങളും കലാപങ്ങളും നടന്നു. 1884 ഡിസംബറിലെ തൃക്കളൂർ സമരത്തിലാണ് ഇന്ത്യയിൽ ആദ്യമായി ഡൈനാമിറ്റ് ഉപയോഗിച്ചത്. 1921 എന്നത് ഈ

നാടിന്റെ ചിത്രത്തിൽ നിന്ന് മായ്ക്കാൻ കഴിയാത്ത ഒരേടാണ്. ഒന്നാം ലോക മഹായുദ്ധാനന്തരം രൂപപ്പെട്ട ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായി 1921 ൽ മലപ്പുറത്ത് നടന്ന സമരങ്ങളെയാണ് മലബാർ കലാപം എന്ന് വിളിക്കുന്നത്. അസംഘടിത കർഷക ചൂഷിത വർഗത്തിന്റെ പൊട്ടിത്തെറിയിൽ നിന്ന് രൂപപ്പെട്ടതാണിത്. ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിൽ ആലിമുസ്ലിയാർ, വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, എം. പി. നാരായണമേനോൻ, കട്ടിലശ്ശേരി മുഹമ്മദ് മൗലവി മുസ്ലിയാർ എന്നിവർ നേതൃത്വം നൽകി. ഇതിന്റെ ഭാഗമായാണ് 1921 ആഗസ്റ്റ് 26 ലെ The battle of Pookottoor, 1921 നവംബർ 10 ലെ വാഗൺ ട്രാജഡി (LV 1711 MSM) 1921 നവംബർ 14 ലെ മൊയ്തുണിപ്പാടം വെടിവെയ്പ് എന്നിവ നടന്നത്. 1921 ൽ ഓരോ നേതാക്കളേയും പിടികൂടാൻ പ്രത്യേകം സേനാവിഭാഗത്തേയും കരുത്തുറ്റ ഉദ്യോഗസ്ഥരേയും ഇറക്കേണ്ടി വന്നു. സമരക്കാർക്ക് ഇടയിൽ ഭിന്നത വരുത്താൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ലായിരുന്നുവെങ്കിൽ ബ്രിട്ടീഷുകാരന്റെ നിറതോക്കുകൾ മലപ്പുറത്തുകാരന്റെ നെഞ്ചുറപ്പിന് മുമ്പിൽ അടിയറവ് പറയുമായിരുന്നു. തുഞ്ചൻ, പൂന്താനം, മേൽപ്പത്തൂർ, മോയിൻകുട്ടി വൈദ്യർ, പുലിക്കോട്ടിൽ ഹൈദർ, ഞരളത്ത്, കുട്ടികൃഷ്ണമാരാർ, കെ.സി.എസ്. പണിക്കർ, ആർട്ടിസ്റ്റ് നമ്പൂതിരി, നന്തനാർ, ചെറുകാട്, ഉറൂബ്, ഇടശ്ശേരി, വള്ളത്തോൾ. ഇ. മൊയ്തുമൗലവി, ഇ.എം.എസ്., പി.എം.എസ്.എ പൂക്കോയതങ്ങൾ, ശിഹാബ് തങ്ങൾ തുടങ്ങി കേരളത്തിന്റെ കലാ-സാംസ്കാരിക -രാഷ്ട്രീയ-സാഹിത്യ രംഗത്ത് തിളങ്ങി നിന്ന ഒരുപാട് നക്ഷത്രങ്ങൾക്ക് ഈ നാട് ജന്മം നൽകി. ഗോപിനാഥ് മുതുകാടിനെ പോലുള്ള ഒരുപാട് പേർ ഇന്നും ജില്ലയുടെ അഭിമാനം ഉയർത്തുന്നു.

സകല എതിർപ്പുകളും തട്ടിമാറ്റി എം.പി.എം. അഹമ്മദ് കുരിക്കളെപ്പോലെയുള്ള നേതാക്കളുടെ നിരന്തര ശ്രമഫലമായാണ് 1969 ജൂൺ 16 ന് ഈ കാണുന്ന മലപ്പുറം പിറവിയെടുത്തത്. ഐക്യകേരളത്തിന് മുമ്പ് മദിരാശി സംസ്ഥാനത്ത് കീഴിലും ഐക്യകേരളാനന്തരം പാലക്കാട്, കോഴിക്കോട് ജില്ലകളിലുമായിരുന്നു മലപ്പുറം. മലപ്പുറത്തിന്റെ പിറവിയെ പലരും സംശയദൃഷ്ടിയോടെയാണ് കണ്ടത്. എന്നാൽ തകർന്ന് പോയ ഒരു ജനതയുടെ ഇച്ഛാശക്തികൊണ്ട് അസൗകര്യങ്ങളോടും അസൂയാലുക്കളോടും പടപൊരുതി മലപ്പുറം മുന്നേറി.

ഇംഗ്ലീഷ് വിദ്യാഭ്യാസം ഹറാമാക്കിയ വല്ലുപ്പമാരിൽ നിന്ന് അവരുടെ പേരക്കുട്ടികൾ നേടിയ വിജയമാണ് മലപ്പുറത്തിന്റെ വിദ്യാഭ്യാസ കുതിപ്പിന്റെ സൂചന. എസ്.എസ്.എൽ.സി. തൊട്ട് സിവിൽ സർവ്വീസ് വരെ മിക്ക പരീക്ഷകളിലും മലപ്പുറത്തുകാർ ഒന്നാം റാങ്കുകൾ വാരിക്കൂട്ടുന്നു. സർക്കാർ ഉദ്യോഗം തൊട്ട് പെൺകുട്ടികൾ വരെ പൈലറ്റുമാരാവുന്നു. പുതിയ നക്ഷത്രങ്ങൾ കണ്ടെത്തുന്നു. 1968 ജൂലൈ 22 നാണ് തേഞ്ഞിപ്പലത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് അടിത്തറ പാകിയത്. ഇത് മലപ്പുറത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിൽ നാഴികക്കല്ലായി. ഇന്ന് ദക്ഷിണേന്ത്യയിൽ ഏറ്റവും കൂടുതൽ യൂണിവേഴ്സിറ്റികൾ ഉള്ള ജില്ല മലപ്പുറമാണ്. 1) കാലിക്കറ്റ് യൂണിവേഴ്സിറ്റി-തേഞ്ഞിപ്പലം, 2) മലയാളം സർവകലാശാല-തിരൂർ, 3) ആയുർവേദ യൂണിവേഴ്സിറ്റി, കോട്ടക്കൽ, 4) അലിഗഡ് യൂണിവേഴ്സിറ്റി എന്നിങ്ങനെ ഏഴോളം സർവകലാശാല മലപ്പുറത്തുണ്ട്. സംസ്ഥാനത്ത് ആദ്യമായി 100ശതമാനം പ്രാഥമിക വിദ്യാഭ്യാസം നേടിയ പഞ്ചായത്ത് മലപ്പുറമാണ്.

കോട്ടക്കൽ ആര്യവൈദ്യശാലയും പൂങ്കുടിൽ മനയും(മങ്കട) മഞ്ചേരി മെഡിക്കൽ കോളേജും അടക്കം ആധുനിക - പരമ്പരാഗത ചികിത്സാ സംവിധാനങ്ങളുള്ള സ്ഥാപനങ്ങൾ ജില്ലയിലുണ്ട്.

മലപ്പുറത്തിന്റെ വ്യോമയാന ഗതാഗതം ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. 1988 ഏപ്രിൽ 1 ന് തുടങ്ങിയ കരിപ്പൂർ എയർപോർട്ട്, സംസ്ഥാനത്തെ ആദ്യ റെയിൽപാത തിരൂർ ബേപ്പൂർ (1861) ആണ്. നിലമ്പൂർ-ഷൊർണൂർ റെയിൽപാത ആസ്വാദക മനസ്സിൽ ആനന്ദം നൽകുന്ന യാത്ര സമ്മാനിക്കുന്ന ഹരിത ഇടനാഴിയാണ്.

മലപ്പുറത്തിന്റെ സിരകളിൽ നിറയുന്ന കായിക വിനോദമാണ് ഫുട്ബോൾ. ഫുട്ബോളിനോടുള്ള മലപ്പുറത്തിന്റെ മൊഹബ്ബത്ത് പ്രസിദ്ധമാണ്. സെവൻസ് ടൂർണമെന്റുകൾക്ക് ഉറക്കമൊഴിച്ചും മലപ്പുറത്തെ യൗവനം കൊയ്ത്ത് തീർന്ന പാടങ്ങളിൽ കളിച്ച് തീരുന്നു. എം.എസ്.പി. ക്യാമ്പിലെ സായിപ്പിൽ നിന്ന് ഫുട്ബോൾ പഠിച്ച ഇവിടുത്തുകാർ ബൂട്ടിട്ട സായിപ്പിനെ നഗ്നപാദരായി തോൽപ്പിച്ചു. കാരണം സായിപ്പിന് കാൽപന്ത് കളി നേരമ്പോക്കായിരുന്നു. മലപ്പുറത്തുകാരന് അത് സായിപ്പിനോടുള്ള പോരാട്ടമായിരുന്നു. ഇന്റർനാഷണൽ മൊയ്തീൻകുട്ടിയും മലപ്പുറം ചേക്കുവും തൊട്ട് അനസും, ആഷിഖ് കുരുണിയനും, ഷാബാസ് അഹമ്മദും മലപ്പുറം ഫുട്ബോളിന്റെ പതാക വാഹകരായി.

കുടുംബശ്രീ, അക്ഷയ പദ്ധതികൾക്ക് തുടക്കം കുറിച്ചത് മലപ്പുറത്തുകാരാണ്. ആത്മഹത്യകളും വ്യദ്ധസദനങ്ങളും സംസ്ഥാനത്ത് ഏറ്റവും കുറവ് മലപ്പുറത്താണ്. കാരുണ്യരംഗത്തും ഏറ്റവും മുന്നിലാണ് മലപ്പുറം.

നിലമ്പൂർ, പൊന്നാനി, തുഞ്ചൻപറമ്പ്, കോട്ടക്കുന്ന് തുടങ്ങിയ ചരിത്ര സാംസ്കാരിക-മത-പ്രകൃതി പ്രാ ധ്യാനമുള്ള ഒരുപാട് സ്ഥലങ്ങൾ മലപ്പുറത്തുണ്ട്. ഇത് ടൂറിസംരംഗത്ത് മലപ്പുറത്തിന് സാധ്യതയേറുന്നു. നിലമ്പൂർ-നഞ്ചൻകോട് റയിൽപാത അടക്കം ജില്ലയുടെ മുന്നേറ്റത്തിന് ഉണർവേകുന്ന ഒരുപാട് പദ്ധതികൾ വരാനിരിക്കുന്നു.

മലപ്പുറത്തിന്റെ ചരിത്രവും പാരമ്പര്യവും ഉൾക്കൊണ്ട് ഒരു പുതിയ തലമുറ കുതിക്കുകയാണ്. അവരുടെ പു





**AGHIL. M**

*4th Sem, B.Sc mathematics*


# ഗണിതം

(ഒരു ഗണിതകാരന്റെ ആത്മനൊമ്പരം)

ഒന്നുമൊന്നും കൂട്ടിയാൽ
രണ്ടെന്ന് ചൊല്ലിപ്പഠിച്ചു
തുടങ്ങീടുന്നു ഗണിതം.
ശാസ്ത്രത്തിൽ മുന്നേ
നടക്കുന്നവനല്ലോ,
നാമാദ്യമേ കാണുന്ന
ശാസ്ത്രത്തിൻ ഭാവവും.
ലളിതമല്ലെന്നാലും
മനോഹരമീ ഗണിതം.
എന്തുകൊണ്ടോ പലരും
വെറുപ്പോടെയകറ്റുന്നു.
ഇന്റഗ്രേഷനെ വെറുക്കുന്നവർക്കോ,
ഊർജ്ജ–രസതന്ത്രങ്ങൾ
ലളിതം, പ്രിയങ്കരം.
ഇന്നാ ഗണിതം എവിടെയെന്നാവോ ?
സംഖ്യകൾ ഒന്നും കാണാനേയില്ല,
ഇന്റഗ്രേഷനോ, ഒരു പൊടിപോലുമില്ല.
ഇംഗ്ലീഷിൽ വീർപ്പുമുട്ടീടുന്നൊരീ–
ഗണിതത്തിൽ, ഗണിതത്തെ
തിരഞ്ഞലഞ്ഞീടുന്നു ഞാൻ.
മറ്റൊന്നുമറിയാതെ ഗണിതമെടുത്ത ഞാൻ,
അവിടേയും സംപൂജ്യനായി മാറീടുന്നു.






**MEGHA DHAMODARAN**
*II$^{nd}$ sem BA Psychology*

# Expectations to be fulfilled

Expectations and hopes are the fuel that act as the driving force of life. Life without expectation are like dishes without salt. Every action of a person is result of an expectation. But all expectations are not fulfilled. Most of the expectation remains as more expectation. One such expectation rate in every person of our country since 1950's the expectation of an efficient government. Once in every five year we went to the polling booth and cart our vote with an expectation to elect an efficient leader. There came many leaders but none could fulfill our needs. They were intellect in accomplishing their demands. Each time we buy an object or enjoy a facility we pay tax all the time. Every citizen pays tax in a hope to make the resource available to them better or provide the needy with resource. But all over expectation are like the unfulfilled promise of the political leaders. Once a reporter asked Mahatma Gandhi "What is your expectation of a basic aim of India is?" He said "to wipe out this tear of common people." But this was his mere expectation. It is not complete. The authority spend thousands of crore to build statue expand townships and to enrich the co-operate world while they don't have a few hundred lakhs to eradicate the hunger of the people. Those farmer who works hard to satisfy our hunger are dead today due to hunger. There are abundant grain around them. They cultivated in an expectation to earn their living, but still they die of hunger. Their expectation die in the fire of unpaid debt. It seems very humorous to talk about the expectation of the common people that are not fulfilled. How can we expect our hope to be fulfilled while the dream and expectation of our great leaders, even the expectation of father of nation still remain incomplete.



**LIYANA**
*II[nd] Sem- BA English*

# Requiem to Humanity

‘Who is being cremated here’, you ask?
This, for me, is too heavy a task.
Her fate made her victim of murder.
‘Why the group of men did it, You ponder?
A person greatly talented she was
And she did cry out loud to the cars
While lying on the roadside almost naked
Oh no! Good mind are just faked
She was thrown out of a moving bus.
What is she? Property to us?
A loss of life, a loss of child
A loss of several lives. The world is wild.

‘The killers must be killed’, you say?
Oh no! More lives will have to pay.
They have with them, officials' power
And act dirty under their lover.
So should you be asking, ‘Who is cremated?’
Oh never mind! Humanity is molested.

‘And who’s this’, you want to know?
I heard the story and screamed ‘N0’...
This small boy was drowned in the deep river
His uncle did it. Oh! Just hearing makes you shiver.
‘What made him do it?’ of course, his greed
I wonder if he is of human breed.
He did it for money. Money makes people mad.
But his dirty mind made a whole family sad.
The thoughts about his caring Father,
The feedings of his loving mother,
Inside him while drowning deep,
Just the thought makes me want to weep.

You don’t ask who’s being cremated.
Instead ask what is being cremated?
For it is the humanity, its loves core
It is the justice we all wish for.
It is the responsibilities of our authorities.
It is the common courtesy and sensibilities.
It is the common sense and thinking power
That is being cremated. The ashes are bomber
Qualities of a common man. Thus they all dead,
And now, buried deep, deep under the mud.



**JITHA. P**
*IVth Sem- BA English*



വയറാകെ കത്തുന്നുണ്ടായിരുന്നു. രാവിലെ ഒന്നും കഴിക്കാത്തതുകൊണ്ട് കണ്ണാകെ മങ്ങിയിരിക്കുന്നു. തലേന്നു രാത്രി കുടിച്ച ഒരു കോരി കഞ്ഞിവെള്ളം മാത്രം വയറിൽ കിടന്നു തിളയ്ക്കുന്നുണ്ട്. വിശപ്പിന്റെ വിളി തല തുളച്ചുകയറുന്നുണ്ട്. മാഷ് എന്തൊക്കെയോ പറയുന്നു. ഒരു മുഴക്കം മാത്രം കേൾക്കാം. ബോർഡിൽ എന്തൊക്കെയോ എഴുതിക്കൂട്ടുന്നുണ്ട്. ഒന്നും മനസ്സിലാവ്ണില്യാലോ... ഒന്നു വേഗം വീട്ടിൽ എത്തിയിരുന്നെങ്കിൽ... അല്ല അതിന് അവേടം ഒന്നൂല്യാലോ... മൂന്ന് ദിവസമായി അപ്പക്ക് പണി ഒന്നുല്ല്യ. അതുകൊണ്ട് തന്നെ വീട്ടിലെ അരിപാത്രം കാലിയാണ്. രോഹിണി ഡെസ്കിൽ തല വെച്ചു കിടന്നു. ഒന്നു മയങ്ങിയെന്നു തോന്നുന്നു. കുട്ടികളുടെ കലപില ശബ്ദം കേട്ടാണ് പിന്നെ എഴുന്നേറ്റത്. ഉച്ചഭക്ഷണ സമയമാണ്. എല്ലാവരും ഭക്ഷണം കഴിച്ച് കളിക്കാൻ പുറത്തേക്കിറങ്ങിയിരുന്നു. അവൾ പതുക്കെ എഴുന്നേറ്റ് വരാന്തയിലെത്തി. തല കറങ്ങുന്നതു പോലെ തോന്നി. വിശപ്പ് കത്തിക്കയറുകയാണ്. അവളുടെ ക്ലാസിലെ അമലയും കൂട്ടുകാരും ഒരു പെട്ടിക്കടയുടെ മുന്നിൽ നിൽക്കുകയാണ്. അവർ ഉറക്കെ ഉറക്കെ സംസാരിക്കുകയും പൊട്ടിച്ചിരിക്കുകയുമൊക്കെ ചെയ്യുന്നുണ്ട്. അമല വലിയ വീട്ടിലെ കുട്ടിയാണ്. ധാരാളം പണമുവർക്ക്. അവൾക്ക് വിശപ്പെന്താണെന്ന് അറിയപോലുമില്ല. ഭാഗ്യവതി !!! അവർ എന്തൊക്കെയോ വാങ്ങിക്കൂട്ടുന്നുണ്ട്. അരിയു, മൈസൂർപാക്ക്, ജീരമിഠായി... അങ്ങനെ എന്തൊക്കെയോ... അവളുടെ വയറ് വിശന്ന് ചൂളം വിളിച്ചു. അമല ഒരു നെല്ലിക്ക വാങ്ങി. അതിന്റെ ഒരു ഭാഗം കടിച്ച് വലിച്ചെറിഞ്ഞു. രോഹിണിയുടെ ഉള്ളൊന്നു കാളി. ആ ഒരു നെല്ലിക്ക മാത്രം മതിയായിരുന്നു അവൾക്ക്... ബെൽ നീട്ടി അടിച്ചു. അൽപനേരത്തിനുള്ളിൽ ഗ്രൗണ്ട് കാലിയായി. അവൾ പതുക്കെ ആ നെല്ലിക്കയുടെ അടുത്തേക്ക് നടന്നു. ചുറ്റും നോക്കി. അതെടുത്ത് പാവാടയുടെ അറ്റം കൊണ്ട് നന്നായി തുടച്ചു. ചുറ്റും നോക്കി. ആരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തി ആ നെല്ലിക്കയുടെ മറ്റേ അറ്റം കടിച്ചു. ചവർപ്പും മധുരവും കൂടിക്കലർന്ന ഒരു രസം അവളുടെ നാവിനെ കോരിത്തരിപ്പിച്ചു. ബാക്കി വന്ന കുരു വലിച്ചെറിഞ്ഞ് അവൾ കിണറ്റിനടുത്തേക്കോടി. വയറു നിറയെ വെള്ളം കുടിച്ചു. മനസ്സിനും ശരീരത്തിനും വല്ലാത്ത തണുപ്പ്...


'എസ്. രോഹിണി, ശാരദ ടീച്ചർ വിളിക്കുന്നു'. പ്യൂൺ വന്ന് അറിയിച്ചു. അവൾ പിടഞ്ഞെഴുന്നേറ്റു. കുട്ടികളെല്ലാവരും ഒരു കുറ്റവാളിയെന്നപോലെ അവളെ തുറിച്ചുനോക്കി. അവൾ ക്ലാസിൽ നിന്നിറങ്ങി ഓഫീസ് റൂം ലക്ഷ്യമാക്കി നടന്നു. സാധാരണ അടിപിടി കേസിലേയും വഴക്കാളികുട്ടികളെയുമൊക്കെയാണ് ശാരദ ടീച്ചർ വിളിപ്പിക്കുക. ഇതിപ്പോ തന്നെ എന്തിനാ... ണ്ടുദിവസം മുന്നെ ക്ലാസിൽ കിടന്ന് തല്ലുണ്ടാക്കിയതിന് രമേഷിന് ടീച്ചറുടെ അടുത്തിന്ന് കിട്ടിയതാ. അവന്റെ കൈയ്യിലെ തൊലി ഉരിഞ്ഞുപോയി. ആലോചിച്ചപ്പോഴേ അവളുടെ മുട്ടിടിച്ചു.

ശാരദ ടീച്ചർ അവളെ അടിമുടിയൊന്ന് നോക്കി. അവളുടെ ചങ്ക് നന്നായി മിടിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് ടീച്ചർ അവളെ ചേർത്തു നിർത്തി. വാത്സല്യത്തോടെ നെറുകയിൽ തലോടി. അവൾ മിഴിച്ചു നോക്കി. ടീച്ചർ ബാഗു തുറന്ന് നല്ല മുഴുത്ത, വലിയൊരു നെല്ലിക്ക അവളുടെ നേരെ നീട്ടി.

സന്തോഷം കൊണ്ടാണോ അതോ ടീച്ചർ കണ്ട ചമ്മൽ കൊണ്ടാണോ എന്നറിയില്ല, അവളുടെ കണ്ണ് നിറഞ്ഞുതുളുമ്പിക്കൊണ്ടിരുന്നു.



**GOKUL**
*II[nd] Sem, B.A English*




ദൃശ്യമാം കാഴ്ചയിൽ,

നിശബ്ദമാം ഇയർഫോൺ വള്ളികളായിരുന്നു.

നാം... നിശ്ചലമാം വിധം പരസ്പരം പരിചയമില്ലാതെ ഇരുന്നു...

അപരിചിതർ തൻ കൺകളിൽ

നിറയുമീ നാം വെറും ഉപയോഗശൂന്യമാം വള്ളികൾ മാത്രം

നമ്മൾ തൻ ഉള്ളെന്തെന്നത് നമ്മളല്ലേ അറിയുന്നുള്ളൂ,

ഉള്ളോളം നിറയെ നിറച്ചതും നാം തന്നെ...

'നിശബ്ദമാം ഇയർഫോണിൻ വള്ളികൾ നാം എന്നാൽ രണ്ട്

കുഴലിലൂടൊഴുകുന്ന വാക്കുകൾ, ആശകൾ, സ്വപ്നങ്ങൾ

ചിന്തകൾ ഒന്നാണെന്നത്

"പാവം അപരിചിതർക്കറിയുവാൻ വയ്യല്ലോ"




**ASHARUDHEEN. P**
*VIth Sem- BA History*

# സ്ത്രീ പുരുഷ സമത്വം : മാറുന്ന പ്രവണതകൾ

“പുഴ കൊണ്ടുവന്നിട്ട ബോർഡുകൾ നോക്കി

കടൽ തലതല്ലി ചിരിച്ചു.

നായയുണ്ട് സൂക്ഷിക്കുക!

അനധികൃതമായി പ്രവേശിക്കുന്നവർ ശിക്ഷിക്കപ്പെടും.

അന്യ മതസ്ഥർക്ക് പ്രവേശനമില്ല,

പരസ്യം പതിക്കരുത് ”

കുറച്ച് ആഴ്ചകൾക്കുമുമ്പ് സോഷ്യൽ മീഡിയയിൽ വൈറലായ ഒരു കവിതാശകലമാണിത്. ഇതിന്റെ സാഹചര്യം മലയാളികളായ നമ്മെ ബോധ്യപ്പെടുത്തേണ്ട ആവശ്യമേ ഇല്ല. പക്ഷേ ഇപ്പോൾ ഈ വരികൾ ഉദ്ധരിക്കുന്നതിനു പിന്നിൽ വലിയൊരു ലക്ഷ്യമുണ്ട്. അതിന് സമത്വത്തിന്റെ, മാനവികതയുടെ പരിപ്രേക്ഷ്യമുണ്ട്.

മനുഷ്യൻ എന്ന അത്ഭുതം പ്രകൃതിയോട് നിരന്തരം കലഹിച്ച് നേടിയെടുത്തതാണ് തന്റെ ജീവിത പരിസരം. തന്റെ ചുറ്റുമുള്ള നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ അവൻ ശ്രമിച്ചു. ഗണിത ശാസ്ത്രത്തിന്റെയും ജ്യോതിശാസ്ത്രത്തിന്റെയും വളർച്ചയിലൂടെ അവന്റെ ചിന്താമണ്ഡലങ്ങളിൽ ഗണ്യമായ പുരോഗതിയുണ്ടാക്കി. പ്രാകൃത സമൂഹത്തിൽ നിന്നു തുടങ്ങി ആധുനിക സമൂഹത്തിലെത്തി നിൽക്കുന്ന മനുഷ്യന്റെ യാത്ര സമത്വമെന്നസമവാക്യങ്ങളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ച ഒരു യാത്ര കൂടിയാണ്.

കേരളത്തിന്റെ സാമൂഹ്യ പശ്ചാത്തലം ഇന്ന് ഏറെ കലുഷിതമാണ്. ബഹു. സുപ്രീം കോടതിയുടെ ഒരു വിധിയുമായി ബന്ധപ്പെട്ട് ഇവിടെ സൃഷ്ടിക്കപ്പെട്ട കോലാഹലങ്ങൾക്ക് തെല്ലൊരു ശാന്തത ഇനിയും കൈവന്നിട്ടില്ല. സ്ത്രീ- പുരുഷ സമത്വത്തെക്കുറിച്ചുള്ള വാഗ്വാദങ്ങൾക്ക് മനുഷ്യന്റെ ചരിത്രത്തോളം പഴക്കമുണ്ട്. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല. സ്വാതന്ത്ര്യാനന്തരം രൂപം കൊണ്ട ഭരണഘടന ഇത് അതിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആർട്ടിക്കിൾ-14 രാഷ്ട്രത്തിലെ പൗരന്മാർക്കെല്ലാം തുല്യത ഉറപ്പുവരുത്തുന്നു. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും ഇത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ നമുക്ക് സാധിച്ചോ എന്നത് സംശയകരമാണ്. വനിതകൾക്ക് സംവരണമേർപ്പെടുത്തുന്ന നിയമം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത് ഏതാനും വർഷങ്ങൾക്കു മുമ്പാണ്. അതും 33% മാത്രം. ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ സ്ഥിതി ഇതാണെങ്കിൽ ഇതര രാഷ്ട്രങ്ങളുടെ സ്ഥിതി എന്തായിരിക്കും? ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം നേടിയ പാകിസ്ഥാനിൽ ഒരു വനിതാ മെക്കാനിക് വന്നത് അടുത്തിടെയാണ്. സ്ത്രീകൾക്ക് ഡ്രൈവിംഗ് അനുവദിച്ചുകൊണ്ടുള്ള നിയമം സൗദി അറേബ്യൻ ശൂറ (പാർലമെന്റ്) പാസ്സാക്കിയത് മാസങ്ങൾക്ക് മുമ്പാണ്.

ഇന്ത്യയിലെ സവിശേഷമായ സാഹചര്യത്തിൽ പ്രധാനമായും ചർച്ച ചെയ്യേണ്ട ഒരു വിധി പ്രഖ്യാപനം കൂടെ അടുത്തിടെയുണ്ടായി. ആർട്ടിക്കിൾ 377 ന്റെ പുതിയ വ്യാഖ്യാനും സമൂഹത്തിൽ വലിയ ഒച്ചപ്പാടുകളുണ്ടാക്കി. ലൈംഗിക ന്യൂനപക്ഷങ്ങളെ മുൻനിർത്തി വിധിയെ സ്വാഗതം ചെയ്യാമെങ്കിലും വിധിന്യായത്തിനും അതിന്റേതായ പാകപ്പിഴവുകളാണ്. പരിധികളില്ലാത്ത ലൈംഗിക ബന്ധം പിതൃത്വം അവകാശപ്പെടാൻ സാധിക്കാത്ത ഒരു തലമുറയ്ക്കു വഴി വെയ്ക്കുമെന്നത് മുൻകൂട്ടി കാണേതാണ്. പക്ഷേ കാലങ്ങളായി സമൂഹത്തിന്റെ അവമതിപ്പ് നേരിടുന്ന വിഭാഗങ്ങൾക്ക് ഇത് വലിയ ആശ്വാസമാണ് പകർന്നു നൽകുന്നത്.

ഏതൊരു പുരോഗമനമായ മാറ്റം സമൂഹത്തിൽ രൂപപ്പെടുമ്പോഴും അതിന് വലിയ തോതിലുള്ള എതിർപ്പ് സ്വാഭാവികമായും ഉണ്ടാകും. 1829 ൽ വില്യം ബെന്റിക് സതി നിരോധിച്ചപ്പോൾ അതിനെതിരെ സമരം ചെയ്തവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളായിരുന്നു. രാജാറാം മോഹൻ റായിയും, സ്വാമി ദയാനന്ദ സരസ്വതിയും ഉൾപ്പെടെയുള്ളവർ ദീർഘനാളായി നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് ഈ സാമൂഹിക മാറ്റങ്ങൾ രൂപപ്പെട്ടത്. സമാന സാഹചര്യമാണ് കേരളത്തിലും. സ്ത്രീപ്രവേശനത്തെ സ്ത്രീ നിയന്ത്രണമെന്ന് പറഞ്ഞ് വാദിക്കുന്നവരിൽ വലിയൊരു വിഭാഗം സ്ത്രീകൾ തന്നെയാണ് എന്നത് ആശങ്കയുണർത്തുന്ന കാര്യമാണ്. എന്നു മുതലാണ് ശബരിമലയിൽ നിയന്ത്രണം ഏർപ്പെടുത്തിയത് എന്ന് പരതുന്നത് നന്നായിരിക്കും. മുമ്പ് അവിടെ നടന്ന സിനിമാ ഷൂട്ടിംഗുകളെപ്പറ്റിയും ഒന്ന് അന്വേഷിക്കുക.

മാറ്റം പ്രകൃതി നിയമമാണ് എന്ന് പറഞ്ഞത് സർ ഐസക് ന്യൂട്ടനാണ്. അത് ഉൾക്കൊള്ളാതെ ആർക്കും മുന്നോട്ട് പോകാനാവില്ല. കാലം കടന്നുപോകുമ്പോൾ പുരോഗതിയിലേക്കോ അധോഗതിയിലേക്കോ നമ്മുടെ പോക്കെന്ന് ഒരു ആത്മവിമർശനം നടത്തുന്നത് നന്നായിരിക്കും. നിർമ്മാല്യം എന്ന സിനിമയിൽ അവസാന ഭാഗത്ത് വിഗ്രഹത്തിന്റെ മുഖത്തേക്ക് തുപ്പുന്ന പി.ജെ. ആന്റണിയുടെ ഒരു ഒരവസ്ഥ ചിത്രീകരിക്കാൻ ഇന്ന് സാധ്യമാണോ ? ഇന്നാണ് ജീവിച്ചിരുന്നതെങ്കിൽ' ഭഗവത്ഗീതയും കുറേ മുലകളും' എന്ന് പുസ്തകത്തിന് പേരിടാൻ ബഷീറിന് ആവുമായിരുന്നോ ?

എത്രകാലമെന്നു വച്ചാണ് ഈ പുരുഷാധിപത്യ പ്രവണതകളെ സമൂഹം പേറുക. ലോകമാകെ തരംഗമായ 'മീ ടൂ' ക്യാമ്പയിൻ ഇത്തരം അനാരോഗ്യ പ്രവണതകളെ ശക്തമായി എതിർക്കുന്ന ഒന്നാണ്. അക്രമിക്കപ്പെട്ട സ്ത്രീയോട് നീ തനിച്ചല്ല ഞങ്ങൾക്കും സമാനമായ അനുഭവങ്ങൾ ഉണ്ടായിട്ടുട്ട് എന്ന് ലോകത്തോട് വിളിച്ചു പറയുന്നവർ ഉയർത്തിപ്പിടിക്കുന്നത് സ്ത്രീത്വമല്ല, ശ്രീത്വമാണ്. ഒരു മേഖലയും ഇതിൽ നിന്ന് ഭിന്നമല്ല. സിനിമാരംഗം തന്നെയെടുക്കുക. ലോകതലത്തിൽ നടക്കുന്ന മാറ്റങ്ങൾ ബോളിവുഡിലും എന്തിനേറെ മോളിവുഡിലും വന്നു കഴിഞ്ഞു. പക്ഷേ, ആണത്തം എന്ന നമ്മുടെ മിഥ്യാധാരണ എത്രത്തോളം രൂക്ഷമായി എന്നു കാണുക. ഒരു പ്രമുഖ നടനെതിരെ സംസാരിച്ചതിന്റെ പേരിൽ നടി പാർവ്വതി സോഷ്യൽ മീഡിയയിലും അല്ലാതെയും ആക്രമിക്കപ്പെട്ടത് നമുക്കറിയാം. മുമ്പ് നടന്ന ഒരു സംഭവത്തിൽ തങ്ങളുടെ സഹോദരിക്ക് നീതി കിട്ടില്ലെന്ന് കണ്ട് പുതിയ സംഘടന രൂപീകരിച്ചപ്പോൾ (WCC) അവർ ധിക്കാരികളായി, തന്റേടികളായി. തന്റേടം എന്ന വാക്കെടുക്കുക. നമ്മുടെ സ്ത്രീ മുന്നേറ്റത്തെ അടയാളപ്പെടുത്തുന്ന ഒരു വാക്കാണിത്. തന്റേടി (തന്റേതായ ഇടം കണ്ടെത്തുന്നവൾ) എന്ന വാക്കിന് തത്തുല്യമായി തന്റേടൻ എന്നൊരു പുല്ലിംഗമില്ല. ആണധികാരങ്ങളെ എതിർക്കുന്നവർ എന്നും സമൂഹത്തിൽ മാറ്റിനിർത്തപ്പെട്ടു. പുരുഷൻ എന്നാൽ ഭരിയ്ക്കുന്നവൻ എന്നും സ്ത്രീ എന്നാൽ ഭരിയ്ക്കപ്പെടുന്നവൾ എന്ന നമ്മുടെ മനോഭാവമാണ് മാറേണ്ടത്.

പക്ഷേ തങ്ങൾ ഒരു പ്രത്യേക വിഭാഗമാണെന്ന് ഓരോരുത്തർക്കും തോന്നുന്നിടത്താണ് പ്രശ്നങ്ങളുടെ തുടക്കം. ആൺ സുഹൃത്ത്, പെൺ സുഹൃത്ത് എന്നിങ്ങനെ വേർതിരിവുകളെന്തിന് ? സുഹൃത്ത് എന്ന ഒറ്റപ്പദത്തിന് ഇവയെ മൊത്തമായി ഉൾക്കൊള്ളാൻ കഴിയില്ലേ. ഇങ്ങനെയൊരു മനോഭാവം വളർന്നുവരാൻ സമൂഹത്തിലെ വ്യവസ്ഥാപിത വർഗ്ഗം അനുവദിയ്ക്കില്ല. കേരളത്തിലെ നവ പാഠ്യപദ്ധതിയായ 'മതമില്ലാത്ത ജീവൻ' എതിരെ നടന്ന പ്രക്ഷോഭങ്ങൾ ഓർക്കുമല്ലോ. സ്ത്രീയും–പുരുഷനും സമൂഹത്തിലെ അവിഭാജ്യ ഘടകങ്ങളാണെന്നും പരസ്പരമുള്ള ഇഴുകിച്ചേരലുകളിലൂടെയും പരസ്പര ബഹുമാനങ്ങളിലൂടെയുമാണ് ഇത് ദൃഢമാകുന്നത്.

സ്ത്രീ സംരക്ഷണമെന്ന പേരിൽ നടത്തുന്ന നിയമങ്ങൾ തന്നെ പലതും സ്ത്രീ വിരുദ്ധമാണ്. ഉദാഹരണമായി പാർലമെന്റ് ഈയിടെ പാസ്സാക്കിയ മുത്വലാഖ് നിയമം തന്നെയെടുക്കാം. ഭാര്യയും ഭർത്താവും മാത്രമുള്ള ഒരു കുടുംബത്തിൽ മുത്വലാഖ് ചൊല്ലിയതിനെത്തുടർന്ന് ഭർത്താവിനെ അറസ്റ്റു ചെയ്തു എന്നു കരുതുക. ഭാര്യക്ക് ഭക്ഷണം, പാർപ്പിടം തുടങ്ങിയ സൗകര്യങ്ങൾ ആരു നൽകും? ഇങ്ങനെയൊരു ഭേദഗതി ആനി യമത്തിൽ ഇല്ല. ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ഉറപ്പു നൽകുന്നുമില്ല.

സ്ത്രീയ്ക്കുവേണ്ടി സംസാരിക്കുന്നവരെയെല്ലാം ഫെമിനിസ്റ്റ് എന്ന് മുദ്രകുത്തി മാറ്റി നിർത്തുന്നതും പുതിയകാല പ്രവണതയാണ്. പക്ഷേ, വിരോധാഭാസമെന്നു പറയട്ടെ സ്ത്രീകൾ തന്നെ സ്ത്രീകൾക്ക് ഭീഷണിയാവുന്ന സാഹചര്യമുണ്ട്. പറവൂർ പീഢനകേസിലെ രണ്ടാം പ്രതി ഇരയുടെ അമ്മയാണെന്നതും ഓർക്കുക.

മാറേണ്ടത് മനോഭാവമാണ്. ഒരു പ്രകൃതി ദുരന്തം വന്നപ്പോൾ ഇവിടെ മതങ്ങളോ, വർഗ്ഗമോ, വർണ്ണമോ ഒന്നുമുണ്ടായിരുന്നില്ല. എല്ലാവരും സ്ത്രീ–പുരുഷ ഭേദമന്യേ അഹോരാത്രം പരിശ്രമിച്ചപ്പോൾ അത് ലോകത്തിനു മുമ്പിൽ കേരള മാതൃകയായി. സ്ത്രീകളുടെ സംഭാവനകളെ കുറച്ചുകാണിയ്ക്കാൻ ആർക്കു കഴിയും ? നിപയെ പ്രതിരോധിക്കുന്നതിനിടയിൽ തന്റെ ജീവൻ ഹോമിച്ച ഷിനിയും ഐ.എസ്. ക്യാമ്പുകളിലെ ക്രൂരതകൾ ലോകത്തോട് വിളിച്ചു പറഞ്ഞ നാദിയ മുറാദും സ്ത്രീകൾ തന്നെയായിരുന്നു. മലാല യൂസഫ് സായിയും, മദർ തെരേസും, ഇന്ദിരാഗാന്ധിയും സ്ത്രീകൾ തന്നെയായിരുന്നു. സ്ത്രീ–പുരുഷ ഭേദം തൊഴിൽ മേഖലയിലും വളരെ രൂക്ഷമാണ്. തുല്യ വേതനമെന്നതും, സുരക്ഷിതത്വവുമെല്ലാം ഇന്ന് കടലാസുകളിൽ തന്നെയുറങ്ങുകയാണ്.

' വസുദൈവ കുടുംബകം' എന്ന മഹത്തായ വാക്യം ലോകത്തിനു മുമ്പിൽ അവതരിപ്പിച്ച ഭാരതീയ സംസ്കാരത്തിന്റെ ഭാഗമാണ് നമ്മൾ. ഇതിന്റെ അടിസ്ഥാനമാകട്ടെ ആരോഗ്യകരമായ ബന്ധങ്ങളും. ചെറു പ്രായത്തിൽ തന്നെ നമ്മുടെ കുട്ടികളിൽ നല്ല മനോഭാവങ്ങൾ വളർത്തുന്നതിലൂടെ വരും തലമുറയിലൂടെയെങ്കിലും ആരോഗ്യകരമായ സമത്വസുന്ദര ഭാവി നമുക്ക് സ്വപ്നം കാണാം. മാറാൻ മടിയ്ക്കുന്ന അടിയുറച്ചു പോയ ആചാരങ്ങളെ മാറ്റേണ്ടുണ്ട്. അചിന്തിതമായ പുതിയ ധാരകൾ രൂപപ്പെടുകതന്നെ ചെയ്യും. അവിടെ ക്ലീബത്വം നടിച്ച് മാറി നിന്നതുകൊണ്ടായില്ല. നാം മുന്നോട്ട് വരിക തന്നെ ചെയ്യണം. കാരണം മാറ്റം പ്രകൃതി നിയമമാണ്.



3

# മർമ്മരങ്ങൾ


... കാലമേറെ കടന്നുപോയി...ഞാൻ വളർന്നു....
ഇതെന്റെ കൗമാരം... അതെത്ര മധുരതരം...
വസന്തത്തിന്റെ ഭ്രൂണങ്ങളും പേറി
ഇടനെഞ്ചിനൊപ്പമെരിഞ്ഞ്
മണൽക്കാടിന്റെ ദൂരങ്ങൾ
താണ്ടിയെത്തുന്ന കാറ്റ്.
മഴയൊഴിഞ്ഞ ആകാശത്തിന് ചുവട്ടിൽ
നനവിന്റെ രോമകുപ്പായത്തിനുള്ളിൽ
തുടുത്തു നിൽക്കുന്ന ഭൂമി.
പ്രണയത്തിന്റെ മഹാഗീതങ്ങൾ പാടുന്ന
നിറമുള്ള മൗനം.
സൂര്യന്റെ ചൂടുകരങ്ങൾ പുൽകിയുണർത്തുന്ന
പ്രണയ പുഷ്പങ്ങൾ...
ഈ ഉദ്യാനത്തിലിപ്പോൾ സ്നേഹത്തിന്റെ
സൂര്യകാന്തിപൂക്കൾ വിരിയുന്ന സംഗീതം.




**FAVAS. PA**
*VI$^{th}$ Sem- BA Economics*

# മഴയോർമ

തീയിൽ കുരുത്തതാണെങ്കിലും
വളരാൻ വെള്ളം വേണമായിരുന്നു.
വെയിലേറ്റു വാടിയില്ലെങ്കിലും
മഴയേറ്റു തണുക്കുമായിരുന്നു.
കടലാസുതോണി നനയുമ്പോൾ
ഉള്ളൊന്നു പിടഞ്ഞിരുന്നു.
കൂടെപ്പിറപ്പ് ചതിച്ചപ്പോഴും
കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു.
കടലിനെ നോക്കി നടക്കുമ്പോഴും
കടല കൊറിക്കുമ്പോഴും
കൈത്തുമ്പിൽ അവളുണ്ടായിരുന്നു.
കര കാണാതലഞ്ഞപ്പോഴും
കാറ്റിനെ തെറി പറഞ്ഞപ്പോഴും
പുഴവെള്ളം കൊണ്ടാണ് ദാഹം തീർത്തത്
കുടിനീര് കുടത്തിലില്ലാത്തതിനാൽ
വെള്ളം കിട്ടാതെ വേരുറങ്ങി.
എന്നാലും ഒന്നുറപ്പായിരുന്നു.
മഴവെള്ളം വന്നുകൊണ്ടേയിരിക്കും.



# കാത്തിരിപ്പ്



**LIYANA**
*II^nd Sem- BA English*

എന്തിനു ഞാൻ വേറൊരാളാകണം ?
മറ്റുള്ളവരുടെ അംഗീകാരം വാങ്ങണം ?
കാലമിത്രയും കഴിഞ്ഞുപോയി, ഇന്നും
ഞാനെന്തുനേടിയെന്നോർത്തിരിപ്പൂ.

ഇത് യാന്ത്രികതയുടെ ലോകം
ഒരു യന്ത്രമായി ഞാൻ നീങ്ങിടുന്നു.
ആൾക്കൂട്ടത്തിൻ നടുവിൽ
ഒന്നുമറിയാതെ ഞാനും നിന്നിടുന്നൂ.

ഞാനാർക്കുവേണ്ടി എനിക്കുവേണ്ടത്
ത്യജിച്ചുവെന്നത് ഓർമയില്ലാ; എങ്കിലും
തീർച്ചയാണത്, എന്റെയുള്ള് കേണത്
ആഴത്തിലാണ്, കടലാഴത്തിലാണ്.

തുഴഞ്ഞു നീങ്ങിടുന്ന എന്റെ ജീവിതത്തിൽ നിന്ന്,
യാഥാർത്ഥ്യങ്ങളടങ്ങിയ ആ നൗകയിൽ നിന്ന്,
അവിടേക്ക് മുങ്ങിയടുക്കാനെനിക്ക് ഭയമാണ്
നീന്തിപ്പൊങ്ങാനെനിക്കറിയില്ലെന്ന തോന്നലാണ്.
വഞ്ചിയിൽ കൂട്ടിരിക്കുന്നവർ തിരികെ
എന്നരികിലേക്ക് വരില്ലെന്ന ഭീതിയാണ്...

ഓ വളർച്ചയേ, എന്തിനു നീയെന്നെ തേടി ?
ഓ, കളങ്കമൊട്ടുമില്ലാത്ത ബാല്യമേ,
എന്തിനു നീയെന്നെ വിട്ടുപിരിഞ്ഞു ?
നീയെന്റെ കൈപിടിച്ചു നടന്ന നാളുകൾ,
വെറും ഓർമകളായി മാറ്റിയതെന്തിന് ?

എന്നെ ഞാനാക്കിടും തോന്നലുകളെ
വലിയ പുതപ്പിട്ടു ഞാൻ മൂടിടുന്നൂ.
എന്നെ ഞാനായിക്കാണുവാൻ, പ്രൗഢിയാൽ
ഞാനിതാണെന്നെന്നെ ബോദ്ധ്യപ്പെടുത്തുവാൻ
മനസ്സ് നിറയ്ക്കുവാൻ, ബാല്യത്തിൻ സുഖം
ഒരിക്കൽ കൂടി അറിയുവാൻ, ആഗ്രഹമുണ്ട്,
പെരുത്താഗ്രഹം ! അത്യാഗ്രഹം !!

നോവുന്ന ഹൃദയത്തിൽ വിങ്ങുന്ന ചോദ്യം,
ആ ഒരൊറ്റ ചോദ്യം കൂടി ഉയർത്തിടട്ടേ...

എനിക്കു ഞാനായി ജീവിച്ചീടുവാൻ
ഇനിയും എത്രകാലം കഴിഞ്ഞിടേണം.... ?



# മായാത്ത ഓർമ്മകൾ

**Asma T.A, Rishana Jasmin. K. T** (VI English) **, Fathima Shahla** (VI Physics)

ഒരുപാട് പ്രതീക്ഷകളോടെയാണ് ഞങ്ങൾ മൂന്ന് പേരും സെന്റ് മേരീസ് എൻ.എസ്.എസ്. സപ്ത ദിന ക്യാമ്പിലേക്ക് കാലെടുത്ത് വെച്ചത്. കൃത്യനിഷ്ഠ മുഖമുദ്രയാക്കിയ ഞങ്ങൾ വളരെ നേരത്തെ തന്നെ വിജനമായ കോളേജ് ഗ്രൗണ്ടിന്റെ അറ്റത്തുള്ള മാവിൻചോട്ടിൽ ഹാജരായിരുന്നു. 2.30 ന് തുടങ്ങിയ കാത്തിരിപ്പ് അവസാനിച്ചത് 5.30 കഴിഞ്ഞ്. ഈ അവസരത്തിലാണ് ഇത്രത്തോളം കുട്ടികൾ എൻ.എസ്.എസ്. വളണ്ടിയർമാരായി ഉണ്ടെന്ന സത്യം ഞങ്ങൾ തിരിച്ചറിഞ്ഞത്. " ഇവരുടെയൊക്കെ കൂടെ എങ്ങനെ ഏഴ് ദിവസം ?" ഞങ്ങൾ ആലോചിച്ചു. എന്നാൽ, പാലച്ചോട് സ്നേഹസദനിലേക്കുള്ള യാത്രമുതൽ ക്യാമ്പിന്റ മാധുര്യം ഞങ്ങൾ ആസ്വദിക്കാൻ തുടങ്ങി. ഇടുങ്ങിയ ബസ്സിൽ കുണ്ടും കുഴിയും നിറഞ്ഞ റോഡിലൂടെയുള്ള യാത്ര ഒരു പുതിയ അനുഭവമായിരുന്നു.

ആന്റണിച്ചേട്ടന്റെ കല്യാണക്കഥയിൽ തുടങ്ങിയ ക്യാമ്പിന്റെ മാധുര്യം അടുക്കളപ്പണിയിലും, കാടുവെട്ടിത്തെളിക്കലിലും, പെയിന്റിടിയിലും, ക്ലീനിങ്ങിലും പ്രധാനമായും സ്നേഹസദനിലുള്ള സേവനത്തിലും നിറഞ്ഞു നിന്നു. പരസ്പര സ്നേഹവും, സാഹോദര്യവും, വാരി വിതറിയ ചളിയും ക്യാമ്പിന് മോടി കൂട്ടി. പല ' രാജ്യ'ങ്ങളിൽ നിന്നുള്ള കുട്ടികളായത് കൊണ്ടാവാം വിചിത്രമായ വാക്കുകൾ കൊണ്ട് സമ്പന്നമായിരുന്നു ക്യാമ്പ് ദിനങ്ങൾ. ക്യാമ്പിന്റെ രാത്രികളും പകലുകളും ഒരു പോലെ ആസ്വാദ്യകരമായിരുന്നു.

കൂട്ടായ്മയുടെ ശക്തിയെ മനസ്സിലാക്കിത്തന്ന് കൊണ്ട് ഞങ്ങളെ ഉന്മേഷഭരിതരാക്കിയുള്ള നജ്മുദ്ദീൻ സാറിന്റെ മോട്ടിവേഷൻ ക്ലാസ് ഓരോരുത്തരുടേയും പ്രകടനം കാഴ്ച വെക്കാനുള്ള മികവുറ്റ ഒരവസരമായിരുന്നു. ഓടിയും ചാടിയും, ഉരുണ്ടും മറിഞ്ഞും, തിക്കിയും തിരക്കിയും, പിടിച്ച് പറിച്ചും തന്റെ ഗ്രൂപ്പിന് വേണ്ടി ആക്രാന്തത്തോടെ പരിശ്രമിച്ച പലരും ശ്രദ്ധ പിടിച്ച് പറ്റി. ഭയവും, ആകാംക്ഷയും, നിലവിളിയും സമം ചേർത്ത് കൊണ്ട് ' പാമ്പിനെ അടുത്തറിയാൻ ' സെഷൻ റഹ്മാൻ ഉപ്പൂടൻ അതിഗംഭീരമാക്കി. പ്രശസ്ത പാമ്പ് വിദഗ്ധനായ അദ്ദേഹം പാമ്പുകളെക്കുറിച്ചുള്ള ചിന്താഗതി തന്നെ മാറ്റി മറിച്ചു. ഇരുതലമൂരിയിൽ തുടങ്ങി കരിമൂർഖനെയും പെരുമ്പാമ്പിനെയും രംഗത്തിറക്കി റഹ്മാൻ സാർ സെഷൻ ഇളക്കി മറിച്ചു. പാമ്പിനെ കണ്ട ആകാംക്ഷയിലാവണം, പലരും മുറിവിട്ട് ഓടാൻ ശ്രമിയ്ക്കുന്നതിനിടയിൽ വീഴുകയും ആർത്തു വിളിക്കുകയും ചെയ്തു. അപ്പോഴും, അവർക്കിടയിലേക്ക് പാമ്പുകളെ സൈര്യവിഹാരത്തിന് അനുവദിച്ച റഹ്മാൻ സാറിനെ ഞങ്ങൾ ആകാംക്ഷയോടെ നോക്കിനിന്നു. പാമ്പ് ഒരു ചർച്ചാ വിഷയമായ ഈ സെഷനിൽ പാമ്പകളെ തോളിലിട്ട് താണ്ഡവ നൃത്തമാടിയവർ മുതൽ ഒരു നോക്ക് കാണാനോ സ്പർശിക്കാനോ കൂട്ടാക്കത്തവർ വരെ ഉണ്ടായിരുന്നു.

കൊട്ട് കൊണ്ടും താളത്തിനൊത്തുള്ള ചുവടുകൾ കൊണ്ടും അനശ്വരമായ നാടൻ പാട്ടിന്റെ വേദിക്ക് പ്രദീപ് സാർ നൽകിയ പ്രോത്സാഹനം അഭിനന്ദാർഹമായിരുന്നു. വായ്ത്താരികളുടെ നിറഘോഷങ്ങളുമായി അവസാനിച്ച ആ വൈകുന്നേരം ഇന്നും മധുരസ്മരണയായി നിലനിൽക്കുന്നു.

തന്റെ എൻ.എസ്.എസ്. അനുഭവങ്ങളെ തൊട്ടുണർത്തിക്കൊണ്ടുള്ള സെന്റ് മേരീസിന്റെ സ്വന്തം കലാകാരൻ സൂരജുമായുള്ള അഭിമുഖ സംഭാഷണം കൗതുകം നിറഞ്ഞതായിരുന്നു. സൂരജിനൊപ്പം സെൽഫി എടുക്കാനായി മത്സരിച്ച 46 വളിയേഴ്സിനെ ഒരൊറ്റ ഫ്രെയിമിൽ പകർത്തിയെടുക്കാൻ പ്രശാന്ത് സാർ നന്നേ പണിപ്പെട്ടു.

കൂൺ കൃഷിയെ പരിചയപ്പെടുത്താൻ ക്യാമ്പിലെത്തിയത് രതീഷ് സാർ ആയിരുന്നു. കൂൺകൃഷിയുടെ ഓരോ ഘട്ടവും വ്യക്തമാക്കിക്കൊണ്ട് മുന്നേറിയിരുന്ന ക്ലാസ്സ്

അവസാനത്തിൽ റബ്ബർ ബാന്റ് കിട്ടിയതോടെ പരസ്പരം ഉന്നം വെച്ച് കൊണ്ട് അക്രമാസക്തമായിത്തീർന്നു. മനോഹരമായി മഷ്റൂം കെട്ടിവെച്ച് കൊണ്ട് വളണ്ടിയേഴ്സിൽ പലരും അഭിമാനത്തിന്റെ കൊടുമുടിയിലെത്തിച്ചേർന്നു.

കഥ ഒരലങ്കരമാണെന്ന് ഉറക്കെ പറഞ്ഞ് കൊണ്ട് എൻ.എസ്.എസ്. വളിയേഴ്സിന്റെ സ്കിറ്റ് സെഷൻ അഭിനയകലയുടെ ഉത്സവമായി. വ്യത്യസ്തമായ സ്കിറ്റുകൾ അവതരിപ്പിച്ചുകൊണ്ട് കൈയ്യടി വാരിക്കൂട്ടിയ ഓരോ ഗ്രൂപ്പുകളിലെയും മെമ്പേഴ്സിൽ പലരും അവരവരുടെ കഥാപാത്രങ്ങൾക്ക് ജീവൻ നൽകി താര പദവിയിലേക്കുയരുകയായിരുന്നു.

ഒരു തിയേറ്റർ അപാരതയെ ഓർമ്മിപ്പിച്ച് കൊണ്ട് ഷോട്ട് ഫിലിം പ്രദർശിപ്പിച്ച ശേഷമുള്ള റിവ്യൂ സെഷൻ അതീവ കോമഡിയായിരുന്നു. ഷോട്ട് ഫിലിം കപ്പോഴുള്ള വളിയേഴ്സിന്റെ ഉത്സാഹം അവിടെ കണ്ടതേയില്ല. വിശദമായ വിവരണം നൽകിയെങ്കിൽകൂടി സാർ ഉദ്ദേശിച്ച റിവ്യൂ രൂപപ്പെടുത്തുവാൻ ഗ്രൂപ്പുകൾ പാടുപെടുക തന്നെ ചെയ്തു.

ക്യാമ്പ് രാത്രികളെ ഉല്ലാസത്തിമിർപ്പിലാഴ്ത്തിക്കൊണ്ട് ക്യാമ്പിലെ ഗായിക – ഗായകന്മാരുടെ ഒത്തുചേരൽ വിസ്മരിക്കാൻ കഴിയുകയില്ല. നാടൻപാട്ടും, സിനിമാ പാട്ടും നൽകിയ ഓളം ചില്ലറയല്ല. ക്യാമ്പിൽ ഇത്രത്തോളം ഗായകന്മാരുണ്ടെന്ന സത്യം മനസ്സിലായതും ഈ രാത്രികളിലായിരുന്നു.

അണയാൻ പോകുന്ന തീയിന്റെ ആളലായിരുന്നു നിലമ്പൂരിലേക്കുള്ള ഔട്ടിങ്ങും ന്യൂ ഇയർ ആഘോഷവും ക്യാമ്പിന്റെ ആറാം ദിനത്തിൽ സമ്മാനിച്ചത്. നല്ല എരിവുള്ള പ്രഭാത ഭക്ഷണത്തിന് ശേഷം പതിവ് പോലെ സെന്റ് ജോസഫ് സ്കൂൾ ബസ്സിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ അണിഞ്ഞൊരുങ്ങി യാത്ര പുറപ്പെട്ടു. നിലമ്പൂരിലേക്കായിരുന്ന ആ യാത്ര. സ്കൂൾ ബസ്സായിരുന്നത് കൊണ്ട് തന്നെ ടെക്നിക്കൽ എന്റർടെയ്ൻമെന്റ് ഒന്നും തന്നെ ഇല്ലാതിരുന്നതിനാൽ ഞങ്ങൾ തന്നെ ഗായകരും നർത്തകരുമായി മാറി രംഗം മനോഹരമാക്കി. അങ്ങനെ ആടിപ്പാടി ഞങ്ങൾ ആഢ്യൻ പാറയിൽ എത്തിച്ചേർന്നു. ഞങ്ങളുടെ ആദ്യ ടൂർ സ്പോട്ട്. പ്രകൃതിയുടെ അതിമനോഹരമായ ദൃശ്യാവിഷ്കാരമായിരുന്നു ആഢ്യൻപാറ. പുഴയുടെ ഒഴുക്കിനനുസരിച്ച് പാറയിൽ വഴുക്കിയും വീണും പ്രകൃതിഭംഗി ആസ്വദിച്ചവർ പലരുമുണ്ടായിരുന്നു. അധ്യാപകരുടെ ഫോണുകൾ കടം വാങ്ങി ആഢ്യൻപാറയുടെ സൗന്ദര്യത്തിൽ ഞങ്ങൾ ഒരുപാട് സെൽഫികൾ എടുത്ത് കൂട്ടി. പലരും പല വഴി നീങ്ങിയെങ്കിലും ഉച്ചക്ക് ബിരിയാണിക്കായി ഒരു വഴിയിലൊത്തു ചേർന്നത് വളരെ വേഗത്തിലായിരുന്നു. വിശപ്പിന്റെ കാഠിന്യം കൊണ്ടായിരിക്കണം, പലരും, പാറയുടെ മുകളിൽ പാഞ്ഞ്കേറിയും, മണ്ണിലിരുന്നും ഒക്കെയായിരുന്നു കഴിപ്പ്. ഉച്ചഭക്ഷണത്തിന്റെ ആലസ്യത്തിൽ ബസ്സിൽ കയറിയ ഞങ്ങൾ പിന്നെയെഴുന്നേറ്റത് കനോലി പ്ലോട്ടിന്റെ എൻട്രൻസിലാണ്. കൂട്ടമായി നടന്നിരുന്ന പലരും തൂക്കുപാലത്തിന്റെ അടുത്തെത്തിയപ്പോൾ പുറകോട്ട് വലിയാൻ തുടങ്ങി. പേടിച്ചിട്ടൊന്നുമല്ലായെന്ന് അവർ തറപ്പിച്ച് പറയുന്നുണ്ടായിരുന്നു. ടീമിലെ ധൈര്യശാലികളിൽ കുറച്ച് പേർ മുമ്പിലിറങ്ങുകയും ഭീരുക്കൾക്ക് ധൈര്യം കൊടുക്കുകയും ചെയ്തു. ഞങ്ങൾ എത്തിച്ചേർന്നത് വലിയ തേക്ക് മരങ്ങളുടെ തണലിലേക്കായിരുന്നു. തേക്ക് മരങ്ങൾക്കിടയിൽ നിന്ന പല പോസുകളിൽ ഫോട്ടോയെടുത്ത് ഞങ്ങളത് ഫോട്ടോസെഷനാക്കി മാറ്റി. മരത്തിൽ വലിഞ്ഞ് കയറാനും വേലി ചാടാനും കഴിവുകളുള്ളവർ കൂട്ടത്തിലുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കിതും അന്നായിരുന്നു. വളരെ ക്ഷീണത്തോടെയാണ് ഞങ്ങൾ കോളേജിലെത്തിയത്. ക്ഷീണം മറന്ന് എല്ലാവരും ന്യൂ ഇയർ സെലിബ്രേഷൻ ചർച്ചയിൽ ഏർപ്പെട്ടു.

രാത്രിയുടെ ആരംഭത്തിൽ നിന്ന് അധ്യാപകരും ചില വളണ്ടിയേഴ്സും ചേർന്ന് ക്യാമ്പ് ഫയർ ഒരുക്കി. ചടുലമായ നൃത്തച്ചുവടുകളോട് കൂടി ക്യാമ്പ് ഫയറിന് ചുറ്റും എല്ലാം മറന്ന് ഞങ്ങൾ ആടിത്തിമർത്തു. ഞങ്ങളിലെ മൈക്കിൾ ജാക്സണെയും, പ്രഭുദേവയേയും കണ്ട് അധ്യാപകർ അന്തം വിട്ട് നിൽക്കുന്നത് ഞങ്ങൾ കണ്ടു. അതിന് ശേഷമായിരുന്നു ഞങ്ങൾ കാത്തിരുന്ന കേക്ക് കട്ടിങ്ങ്. വളരെ രുചികരമായ ബ്ലാക്ക് ഫോറസ്റ്റ് കേക്ക് പുതുവർഷത്തിന്റെ ആശംസ നേർന്ന് കൊണ്ട് ജോസച്ചൻ സ്നേഹത്തോടെ കട്ട് ചെയ്ത് എല്ലാവർക്കും നൽകി. രാത്രി ഭക്ഷണത്തിന് ശേഷം ഞങ്ങളുടെ ന്യൂ ഇയർ പ്ലാൻ നി ർവ്വീര്യമാക്കിക്കൊണ്ട് പെൺകുട്ടികളെ ഉറങ്ങാനായി റൂമിലേക്ക് പറഞ്ഞയച്ചു. ഇതിൽ പ്രതിഷേധിച്ച് പന്ത്രണ്ട് മണിവരെ ഉറങ്ങാതെ പന്ത്രണ്ട് മണി ഒരു സെക്കന്റിന് ശേഷം ഞങ്ങൾ അവിടെയുണ്ടായിരുന്ന മറ നീക്കി പുറത്ത് വരികയും താഴെയുള്ള ബോയ്സും അധ്യാപകരും കേൾക്കാനായി " ഹാപ്പി ന്യൂ ഇയർ " എന്ന് കൂവി വിളിക്കുകയും ചെയ്തു. അത് കഴിഞ്ഞ് ഗേൾസ് ടീമും ബോയ്സ് ടീമും തമ്മിലുള്ള സംഗീത മത്സരം അരങ്ങേറി.

രാവിലെയെഴുന്നേറ്റപ്പോൾ പലരുടേയും മുഖത്ത് തലേന്നത്തെ ക്ഷീണവും പിരിയലിന്റെ വിഷമവും തളം കെട്ടി നിന്നിരുന്നു. സെന്റ് ഓഫ് സെഷൻ കണ്ണീരിൽ കുതിർന്നതായിരുന്നു. ക്യാമ്പ് ദിവസങ്ങളിലെ സംഭവങ്ങൾ ഓർത്ത് വിടപറയാനുള്ള വിഷമം പലരും കരഞ്ഞ് കൊണ്ട് പറഞ്ഞ് തീർത്തു. സെമിനാർ ഹാളിൽ നിന്ന് കെട്ടിപ്പിടിച്ച് യാത്ര പറഞ്ഞ് പുറത്തിറങ്ങി രക്ഷിതാക്കളോടൊപ്പം പുറത്തിറങ്ങുമ്പോൾ എല്ലാവരുടെയും കണ്ണുകൾ യാത്ര പറയാൻ വാക്കുകൾ തിരയുകയായിരുന്നു.

അങ്ങനെ ഏഴ് ദിവസത്തെ ക്യാമ്പ് അവസാനിക്കുമ്പോൾ സൗഹൃദങ്ങളുടേയും വർണ്ണാതീതമായ സുന്ദരനിമിഷങ്ങളുടേയും അവസാനത്തിൽ നൊമ്പരത്തിന്റെ വരികൾ കൂടി ഞങ്ങൾ കൂട്ടിച്ചേർത്തു. ഒരുപാട് നല്ല ഓർമ്മകൾ നൽകി ഹൃദയത്തിൽ മറക്കാനാവാത്ത ഒരനുഭവമായി ഇന്നും ആ ദിനങ്ങൾ ആനന്ദം പകർന്ന് കൊണ്ടിരിക്കുന്നു.

എത്രകാലം കഴിഞ്ഞാലും, മനസ്സിലെ മായാത്ത ഓർമ്മയായി നിലനിൽക്കും, ആ ഏഴ് ദിനങ്ങളും, പിന്നെ വളണ്ടിയർമാരും.....




**FATHIMA RISHANA**
*IVth Sem- B.Sc Maths*


# പ്രണയം



കവിതയെഴുത്തു മത്സരത്തിൽ
പ്രണയമാണ് വിഷയം
ഒട്ടിയ വയറിൽ ഒന്നുഴിഞ്ഞു ഞാൻ
നെടുവീർപ്പോടെ ചിന്തിച്ചു.
പ്രണയമെന്തെന്നറിയാത്ത ഞാൻ
പ്രണയത്തെക്കുറിച്ചെഴുതുന്നതെങ്ങനെ
ചിന്തകൾ ഓർമ്മകൾക്കു വഴിമാറി.
ചിത്രമൊട്ടിക്കുവാൻ വററ് ചോദിച്ചതിനു
ചട്ടുകം കൊണ്ടു മറുപടി തന്നമ്മയ്ക്ക്
വറ്റിനോടായിരുന്നു പ്രണയം.

തന്റെ പാത്രത്തിലെ മൂന്നാലു-
വറ്റുകളാർത്തിയോടെ നുണയുന്ന
അനിയന്റെ ചുണ്ടിലും കണ്ടു -
ഞാനതേ പ്രണയം.
നിത്യവും പശിയില്ലെന്നു പറഞ്ഞന്തി-
ഭക്ഷണമിരുകോപ്പ പച്ചവെള്ളത്തിലൊതുക്കുന്ന
അച്ഛന്റെ ഉള്ളിലുമുണ്ട്
ആരോടും പറയാത്തൊരു പ്രണയം.
കഴുകിത്തുടച്ച കഞ്ഞിക്കലം
ചായ്പ്പിൽ കമഴ്ത്തി
എത്രനാളിങ്ങനെയെന്നമ്മയുടെ-
വിങ്ങലുകൾക്കച്ഛന്റെ ആശ്വാസവാക്കുകൾ
കണ്ടില്ലെന്നു നടിക്കുവാൻ
പാടുപെടാറുണ്ടെൻ കണ്ണുനീർത്തുള്ളികൾ.


വറ്റ് കിട്ടാത്തതിന്റെ പ്രതിഷേധമൊടുവിൽ
പട്ടിണിയിലൊതുക്കിയപ്പോൾ
ചായ്പ്പിലെ കുറിഞ്ഞിയ്ക്കന്നു
പള്ളിപ്പെരുന്നാളായിരുന്നു.

പിഞ്ഞാണമൊട്ടാകെ വറ്റുകൾ പരതുന്ന
ആ പൂച്ചക്കണ്ണിലും കുഞ്ഞാൻ
പ്രതീക്ഷയൂറുന്ന പ്രണയം.

ഓർമ്മകൾക്കുമേൽ മണ്ണിട്ട്
കവിതയീ രണ്ടുവരിയിലൊതുക്കി ഞാൻ.

" വിശപ്പിനോടെനിക്കു പ്രണയമാണ്
ഭക്ഷണത്തോടും അടങ്ങാത്ത പ്രണയം...."










**JOSEPH METHEW**
*VI^th Sem- B.A Economics*

# Indian Banks & Ranking NPAs

In 1913, the famous economist, John Maynard Keynes after surveying the state of banking in India, wrote in “Indian Currency and Finance”, in a country where banking is so dangerous as India, it should be conducted on the safest possible principles”. His warning has been proven prophetic.

“Bank is an institution which deals with money. Broadly speaking, bank draws surplus money from the people who aren’t using it at the time, and lend to those who are in a position to use it for productive purpose”.

Very recently, many business persons have taken huge amount of loans with the help of the government and don’t show any willingness to return the loan to the banks. Such non-repayment of loans leads Non Performing Asset (NPA). NPA, in terms of Reserve Bank of India’s (RBI) regulations of result “out of non-repayment of interest for a period of 90 days, or non-repayment of principle amount for 90 days or more”.

According to the studies by ASSOCHOM-……….. gross, NPA in Indian banks are accepted to rise to RS 9.5 Lakh Crores by March 2019, from RS 8 Lakh Crores in March 2018. It is almost 12% of our Gross Domestic Production (GDP).

Added to that, former RBI governor Dr. Reghuram Rajan in his report to Parliament recently submitted, he warned that the government should return from letting ambitious credit targets or warning

loans. “Credit targets are sometime achieved by abandoning approximate due diligence, creating the environment for future NPAs. Both ‘Mudra loans’ as well as the ‘Kisan credit card’, while being popular, here to be examined more closely for potential list. The credit guarantee scheme for the Micro Small and Medium Enterprise (MSME) run by the small Industrial Development Bank of India (SIDBI) industry is growing confident liability and needs to be examined with urgency”, he said on his note.

The missing NPA encompasses crony capitalism, fraud, fugitive, all of which are financially underwritten by tax payers. And the outcome may well be lower operating profit and higher net losses on account of increasing provisioning and NPA accumulation which will outweigh any efficiency gain that is being projected. Together with that higher NPA will affect the financial system. Investor’s confidence, along with limiting affects an economic growth as a whole. This will have negative welfare implications for the country’s common citizen.

Now the government law came up with lot of measures to tackle the rising NPA. Amending banking law which gave RBI more power, stringent NPA recovery rules, RBIs loan restructuring scheme, going for more “hair cut” or write off for NPAs and finally presenting NPA scenario. Together with that a fine pronged strategy that include small and medium enterprise resolution approach, bank-led resolution approach, asset management company led resolution approach, insolvency and bankruptcy code approach and asset-trading platform have been setup.

Above all, the government must initiate exemplary actions against willful defaulter and fraudulent in order to give a clear message. It can be done only with the help of a strong political will than giving easy option of using tax money to offset banking problems.



**FATHIMA SHYMA**
*IVth Sem- BBA*

# മഴയായ് നീ

ചിതറിവീണ മഴമുത്തുപോലുള്ള
നിൻചിരിയോർത്തുഞാൻ നിൽക്കവേ
കർമേഘം മൂടിയ നിൻമുഖം കണ്ടുഞാൻ
അരികത്താരുമില്ലെന്ന തോന്നൽ മാറ്റുവാൻ
അരികിലെത്തിയ എന്നെ കരയിച്ചു നീ പോകവേ
വിതുമ്പുന്ന ഹൃദയവുമായി ഞാൻ നോക്കി നിന്നു
എങ്കിലും സഖീ...
ഇനിയൊരു വർഷമുണ്ടാകും
ഇനിയൊരു ശിശിരമുണ്ടാകും
പക്ഷേ നിന്നെപ്പോലൊരാൾ സാധ്യമല്ല...
കുമുട്ടുവാൻ വേർപ്പിരിയുവാൻ വിധിക്കപ്പെട്ട ലോകത്ത്
സ്വന്തമെന്നു പറയാൻ നിന്നോർമകൾ മാത്രം
അകലം കൊണ്ടകറ്റാനും കാലംകൊണ്ടു മായ്ക്കാനുമാവില്ല
മധുരമായെന്നിൽ പെയ്തിറങ്ങിയ നിന്നെ
മാനത്തുതെളിയുന്ന താരകങ്ങളേക്കാൾ
മഞ്ഞിൽ വിരിയുന്ന പൂക്കളേക്കാൾ
മനസ്സിൽ തളിർക്കുന്ന സ്വപ്നങ്ങളേക്കാൾ
തോരാത്ത മഴയാം നിന്നെയാണെനിക്കിഷ്ടം.
ഓരോ മഴത്തുള്ളിയും കൈവിട്ടുപോകുമ്പോൾ
തേങ്ങുന്ന  മനസ്സുമായി നിൽക്കും മേഘം പോൽ
ചോദിക്കുന്നു ഞാനും...
മറക്കുമോ സഖി നീ എന്നെ ..





# അതിരുകടക്കുന്ന ടെക്നോളജി

**SHIBILA SHERIN. MN**
*IV$^{th}$ Sem- B.Sc Maths*

ടെക്നോളജി ഇന്ന് അതിന്റെ നെറുകയിൽ എത്തിയിരിക്കുന്നു. സമൂഹത്തിന്റെ ഒരു ഭാഗമായിരിക്കുന്നു. ഒരു പക്ഷേ ഒരു വലിയ ഭാഗം തന്നെ. സമൂഹം ഇന്ന് ഒരുതലത്തിൽ അല്ലെങ്കിൽ മറ്റൊരുതലത്തിൽ അതിനോട് അടിമപ്പെട്ടുകൊണ്ടേയിരിക്കുന്നു. ടെക്നോളജിയുടെ ഭാവി ഇന്ന് എത്തിപ്പിടിക്കാൻ കഴിയാത്തത്ര ഉയരത്തിലാണ്. ഇന്ന് ടെക്നോളജി ഹ്യൂമനോയിഡ് റോബോട്ടുകളിൽ വരെ ചെന്ന് നിൽക്കുന്നു. മനുഷ്യനെ പോലെ ഒരു പക്ഷേ മനുഷ്യനേക്കാൾ വേഗതയോടെ തന്റെ പ്രവർത്തനങ്ങളെയെല്ലാം ചെയ്യാൻ കഴിയുന്ന ഒരു റോബോട്ട്. ആ ചിന്ത അത്ര വിദൂരത്തല്ല. വരും നാളുകളിൽ നമുക്ക് അതും പ്രതീക്ഷിക്കാം. ഇന്ന് സാങ്കേതിക വിദ്യയുടെ സഹായത്തോടെ മനുഷ്യൻ വാർത്തെടുത്ത ഒരു ഹ്യൂമനോയിഡ് റോ ബോട്ട് ആണ് ' സോഫിയ'. പേരിൽ പോലും മനുഷ്യനോട് സാമ്യം പുലർത്തുന്ന ഇലക്ട്രോണിക് മെഷീൻ. അവൾ ചോദ്യങ്ങൾക്കുള്ള മറുപടി നൽകുന്നു. ചോദ്യങ്ങൾ ചോദിക്കുന്നു. പല മേഖലകളിലും മനുഷ്യന് തുല്യമായ ജോലികൾ മികവോടെ ചെയ്യുന്നു. മനുഷ്യനെപോൽ അവൾ പുഞ്ചിരിക്കുന്നു. പുരികങ്ങൾ ചുളിക്കുന്നു. കണ്ണുകൾ ചലിപ്പിക്കുന്നു. ഇന്ന് ഇത്രത്തോളം ടെക്നോളജി നേട്ടം കൈവരിക്കുമ്പോൾ ' ആൽബെർട്ട് ഐൻസ്റ്റീൻ'ന്റെ വാക്കുകൾ പലതും നമ്മെ ഓർമ്മപ്പെടുത്തുന്നു.

" I tear the day when the technology overlaps with our humanity. The world will only have a generation of idiots''

ഈ വാക്കുകൾക്ക് ഇന്ന് പ്രസക്തി കൂടി വരികയാണ്. വിഢ്ഢികളായ, ഒന്നും ചെയ്യാനില്ലാത്ത ഒരു തലമുറ. എല്ലാം ചെയ്യാൻ ഇവിടെ ഓട്ടോമാറ്റിക് മെഷീനുകൾ പിന്നെ വാർത്തെടുക്കപ്പെടുന്ന ഒരുപാട് സോഫിയകളും. എന്തിനേറെ പറയുന്നു ഇന്ന് ലോകം മുഴുവൻ ഒരു വിരൽതുമ്പ് കൊണ്ട് നടക്കുന്നവരാണ് നമ്മളോരോരുത്തരും. നമ്മുടേതു മാത്രമല്ല, മറ്റൊരാളുടെ സ്വകാര്യതയിലേക്ക് വരെ കടന്ന് ചെല്ലാൻ പാകത്തിൽ Hacking system വരെ ഇന്ന് നമുക്ക് മുമ്പിലുണ്ട്. എന്തിനേറെ വാട്സ്ആപ്പും, ഫെയ്സ്ബുക്കും, ഇൻസ്റ്റഗ്രാമും ഇല്ലാത്ത ഒരു ദിനം പോലും ഇന്ന് നമ്മിൽ കടന്നുപോകുന്നില്ല. ഇതിൽ നിന്ന് തന്നെ മനസ്സിലാക്കാം സാങ്കേതിക വിദ്യ മനുഷ്യജീവിതത്തിൽ



ചെലുത്തുന്ന സ്വാധീനം.

മാനവികതയുടെ കുറഞ്ഞ ഒരു വിഭാഗം ടെക്നോളജിയെ അവരുടെ എല്ലാ ശ്കതിയും ബുദ്ധിയും ഉപയോഗിച്ച് ഉയർത്തെടുക്കുമ്പോൾ ഒന്നും ചെയ്യാനില്ലാതെ ഒരു വലിയ വിഭാഗം അവിടെ വിഢ്ഢികളാകുന്നു. ടെക്നോളജിയുടെ ഉയർച്ച ഒരിക്കലും ഒരു പൂർണ്ണ പരാജയമല്ല. അംഗീകരിക്കപ്പെടുന്ന അല്ലെങ്കിൽ ഒരു മാറ്റം കൊണ്ടുവരാൻ കഴിയുന്ന അത്ര ശക്തിയും ഊർജ്ജവും ടെക്നോളജിക്കുണ്ട്. ഒരുപാട് മാറ്റങ്ങളും, ഒരുപാട് നേട്ടങ്ങളും അതിനുകൊണ്ടുവരാൻ കഴിയും. എന്നാൽ മാനവികതയുടെ മറന്നുപോകുന്ന ഒരുപാട് കഴിവുകൾ ഓർക്കേതുണ്ട്. ഒരു വിഡ്ഢികളായ തലമുറ ഇവിടെ സൃഷ്ടിക്കപ്പെടാതിരിക്കാൻ വേണ്ടി.

# मानवता



**AKSAMOL PETER**
*II[nd] Sem- B.A English*



मानवता से हमारा क्या वातपर्य है ? किसी का काम करके देना क्या मानवता कहा जा सकता है? हँ या ना. यह हम कुछ सही से कह नही सकते, क्यूँकि किसि की सहायता करना मानवता की श्रेणी मे ही आता है परन्तु मानवता तसी मानवता कहलाई जा सकती हे जब वह पुरे दिल सी उसी किया हे न कि अपने भले के लिस । अपनी भले के लिस दूसरी का भला करना मानवता नही कहलाया जा सकता ।

मानवता मनुष्यों की दिया गया ईश्वरा का उपहार है । वह हर स्क मे है केवल उसी अपने अंदर जहाना होता है । मानवता एक अनेखी खूबी है जी कि मनुष्यो मीं है, मानवता के बल पर ही यह दुनिया सेहपुणे

क्यातावरण मे आगी की ओ बद रही है. अगर मान्-ावता न होता ती यह दुनिया शम्म ही चुकी मनुष्य का एक दूसरे से स्नेह भाव, एक दुसरे की सहायता करन्-ाा, अपने सह-पडोसी के भाय खेह भाव सी रहना, किसी की चोट लगने पर सुद से पहले उसकी सहायता करना, फिसी बोस्थ्रे की सहाश देना, भूखे इंसान का खाना देना, निवस्त्र की बस्ब प्रदान करना यह सब मानवता कहलाया जा सकता हैं ।

किसी के सु:ख मे दु:खी होना मानवता कहनाई जा सकती । जबकि किसी के सु:ख मे शामिल होना, उसके दु:ख मे शामिल होकर उसका दु:ख कम करना मानवियता कहलाई जा सकती है।

किसी इसान का बिभहारापण देखके जी ददे, दिल मे या मन मे अफन होता वी दुदे मानवता होने के कारण आता है, जारर तो वह इंसान मानवता नहीं को मानव कैसे ही सकता है ?

आज की पिदी मे मानवता बेहद कम होती डजा रही है, प्रेसी चप्रवी का अन्त बैछद निकट है, केई किसी की नही अन्त बेछद निकट है, कोई किसी की नही सुनेगा, न जानन चाहेगा सब अपने स्वाये के लिस्स एक दूसरे की परेशान करने ऐसे मे प्रखी का संतुलन बिगाड जारगा ओर सब नष्ट ही जास्सगा ।

मनुष्य की हमेशा साईचारे में रहना चांहिरर। इस युग में प्रायमिक पदाई के साय ही बच्चीं की मानवता के बारे में पदाना आवश्यक हो गया है, किताबी झान के अलावा मनुष्य कौ सामुहिक झान का हीना अनिवाये है । इस पीदी के सही से अगी बदाना हो ती नवयुवकी को सामुद्दिक झान प्रदान करना जरूरी है ।

नव पीदी को चलते न ती मॉ- बाँप की बच्ची से मवलब ओर न बच्चि की माँ- बाँप से । इस पीढी के लोग एक दुसरे से बात करनी तक का समय नही सब लिग केवल अपने आप में शीमित होते जा रहे है व अनके खभाव ने बिहद बहद बदलाव भी वजर आ रहा है । सबकी छोटी -छोटी बातो पर गुस्सा आना, बिलकुल सहनाशलिवा का न होना । बडी की बात न मानना यह सब नव पीदी की परोशानी है, जौ कि बेहुद खतसाक है । आजकल की पीदी जी सिनेमा मी देखती है, जैसे की उसमी जी, लडाई-झागडा दिखाया जाता है वह बेहद रिमाँच-पूण ररीके से दिखाया जाता है, यहाँ तक कि आजकल के खेलकुद भी लडाई - झगाडे वाने है जिससी बच्चीं का मन बेहद फूर होता जा रहा है । बे मानवता बिलकुल भूल चुके है, छोटी-छोटी बातीं बर आजकल हूाभा किस जा रहे है । किसी मे दया नामक चिण ही नही रह गई है य़ ओर एक चिज जौ कि नवयुवकीं पर ही नही सब समूह पर असर कर रही है वी है टीवी में अरलील प्रदरोन, यह बहूद आम होता जा रहा है, एक भी सिनेमा परे धर के लीगा एक साय नहीं देख सकते उसमे

३०

ज्यादा अरलील प्रदेशन, व अरलील बातीं की दिखाया जाता है, जीससे नवयुवकीं पर बेहद बुरा असर पड रहा है । जिस तरिकें सी लडकियों की दखा जाना चाहिस बो लोग उस तरीके से नही दखते है । उनकी अन्दर कुरता ने जन्म ले लिया है । जीन लोंगी की दीखकर सम्मानपुवेक माँ, बेटी, बहन आदि का स्यान मन मे देना चाहिर उन्हीं के साय वे लोग बेहद प्यवहार करते है । आने बाली पीदी को कम से कम, सही दिशा मे लाना है तो सबको मिलकर हाय बढाना होगा । उन्हे सामुहिक जान प्रदान करना होगा ।

मानव मे मानवता का बोध उप्पन करना ही होगा । उन्हे अच्छी राह मे लाना ही टोगा



**SHIJI. KS**
*VIth Sem- B.A English*

# ഇരുട്ടിലെ കണ്ണീർ



കറുത്ത കരങ്ങൾ ഇരുട്ടിൽ പെൺ നഗ്നത
തേടി നീളുന്നു ആ പെൺ ശരീരം വിറയ്ക്കുന്ന
കാലുകളാൽ ഒളിക്കുവാൻ ഒരിടം തേടുകയായിരുന്നപ്പോൾ.
നിശബ്ദയായ് കരയുവാൻ അല്ലാതെ ഒരിടം
കണ്ടെത്തുവാൻ ആകുന്നില്ലവൾക്ക്
കാമാർത്തി പൂണ്ടകരങ്ങൾ അവൾ തൻ നഗ്നതയെ
ഭീകര സത്വമെന്നോണം വിഴുങ്ങി.
അടക്കിപ്പിടിച്ച കരച്ചിൽ ഇരുട്ടിനെ
കീറി മുറിച്ചുകൊണ്ട് പുറത്തേക്കൊഴുകി.
അവൾ ചെയ്ത തെറ്റെന്താണ് ?
രാത്രി ആൺ സമൂഹത്തിനുവേണ്ടി മാത്രം
ഉള്ളതാണെന്ന് തിരിച്ചറിയാതെ പോയതാണോ ?
അതോ, നട്ടെല്ലുള്ള ആങ്ങളമാരുടെ പെങ്ങളായി
ജനിക്കാതെ പോയതോ ?



**AISWARYA**
*IVth Sem- B.A English*

# मित्रता

‘ मित्रता’ एक अनोखा रिश्ता होता है । एक खुबशुरत एहुसास है । सब लोग कहतो है कि हमेशा अच्छी मित्रे किस्मतवालें को मिलता हैं । यह बात बिलकुल सच हैं ।

आज के समाज में लेग जल्दी से मित्रें को चुन लेता हैं । वह सिर्फ ओर सिर्फे उस्की बाहय सैंदंयें को देखत थे। कोई भी उनकी मन को समझने की कोाशिश भी नही करती हैं । हम सब उन लेगों की बाहय सैंदयें से ज्यादा उसकी मन की सैंदय को समझना चाहिए । अयति उसकी मन की निक्कलंग या पवित्र प्रेम को समझकर मित्र बनाना चाहिए ।

एक अच्छी मित्र वो होता है, जब हम बुरे मार्गे पर चलेंगे तो हमें अच्छे मागो दिखाते हैं । जब हम एक समस्या मे पडे है तो हमेशा हमारे साय देती है । हमारी मां की प्यार निमेल ओर पावित्र निभेर होता है । एक मां कि तरह जो कोई भी हमें प्वार देते हैं वही एक अच्छी मित्र हैं । जब हमारि मित्र को हमारि जरूरत पडे है तो उसके पास चलना चाहिए ए। सैडों लोगों ने हमोर विरूद्छ अन्याय करने की ऊगाली उठाने वक्त जो कोई भि अयात एक व्याकित हो सकता है । उन सैडों लोगों के विदूछ हमारे साय देने केलिए जो व्यकित तैयार होता हैं वही अच्छी मित्र होता हैं ।

मित्रता में समान खाभाव की आवश्यकता हनीं हैं । क्योंकि हमें एक क्रूह्र में लडके और नडकी मित्रें को देख सकता हैं । उनकी खभाव में बहूत भिन्नताएं होती है. फिर भी उन भिन्नताओं मे भी एक एकता हमें देखो सकता है, वही होती है ‘मित्रता ’ ।

एक मित्र केलिए कुछ भी करने केलिए दूसरा मित्र हमेशा तैयार् होते हैं ।

जो कोई भी हमारे दिल की करिब होता है, वह हमेशा हमोर साय नहीं होग वह किस्मत होता हैं जब हमसे हमारे मित्र अलग होतै समय दिल कि पिडा सह नही सकता । इस समय हम एक बाद जरूर समझना चाहिए या कि हमें दुःख होने की अवशकता नहीं हैं, क्योंकि सिफे ओर सिफ उन मित्रें को शरीर हसमे अलग होता है । उसकी यादों हमेशा हमारी दिल की एक - एक छडक में हैं । वे हमारी दिल में रहता हैं ।




**LIYANA**
*II[nd] Sem- BA English*


# Lover of Darkness



She was muffled in black cloth,
And walked just like a sloth.

Yes, the woman in black,
She lived in a shack.

The rest of the population,
Saw her as an agitation.

They thought her to be a wicked spirit,
For she would appear only for a minute.

But, in the darkest hours of the night,
She tiptoed on the streets with a light,

At a moment, she would stop and stay freeze,
Embracing moons warmth enjoying cold breeze.

Some called her lover of darkness,
Little they knew she was its Goddess.


Rineesha.

4

# പ്രതിരോധം

... എന്റെ യൗവനകാലഘട്ടം ...

നിങ്ങളുടെ ഉത്തരങ്ങളെന്താണ് എന്റെ

ചോദ്യങ്ങൾക്ക് പാകമാകാത്തത്...

ഇവിടെ സത്യത്തിന്റെ ചുണ്ടുകൾ

കൂട്ടിയടച്ചിരിക്കുന്നു.

ചുണ്ടത്തുവെച്ച ഒരു വിരൽ നമ്മോട് പറയുന്നു

നിശബ്ദതയുടെ കാലമായെന്ന്

എന്താണ് സത്യമെന്ന ചോദ്യത്തിന്

ഒരാളും ഒരുത്തരവും പറയില്ല

അതറിഞ്ഞിരുന്ന ഒരാൾ

സത്യമായിരുന്ന ഒരാൾ

പോയ്ക്കഴിഞ്ഞിരിക്കുന്നു...

ഇവിടെ ഞാൻ പ്രതിരോധത്തിന്റെ കുപ്പായമണിയിക്കുന്നു...

ഞാൻ പ്രതിരോധമാണ്.!

അഭിമുഖം



BREAKING NEWS

# ന്യൂസ് റൂമിലെ വിമതസ്വരം

**അസുഖകരമായ, ആശങ്കാജനകമായ പിന്തിരിഞ്ഞു നടത്തം അതിവേഗം സംഭവിക്കുന്ന ഒരുമേഖലയായിട്ടാണ് മാധ്യമ പ്രവർത്തനത്തിന്റെ സാമൂഹികതലം ഇന്ന് പരിണമിച്ചുകൊണ്ടിരിക്കുന്നത്. അത് സാങ്കേതിക വിദ്യകൾ കൊണ്ട് അതിശയിപ്പിക്കുന്നു. എന്നാൽ പണ്ട് നാം പോരാടിത്തോൽപ്പിച്ച പലതിനേയും തിരിച്ചുപിടിച്ച് പൊതുസമൂഹത്തിലേക്ക് നിർബന്ധപൂർവ്വം ആനയിക്കുന്നു. ബഹുസ്വരമായ ജനാധിപത്യത്തിന്റെ സാധ്യതകൾക്ക് വിപണനത്തിന്റെ താൽക്കാലിക ലാഭം കൊണ്ട് തുരങ്കം തീർക്കുന്നു. മാധ്യമ പ്രവർത്തന രംഗത്തെ പുതിയ പ്രവണതകളെ ചൂഴ്ന്നെടുത്ത് പ്രമുഖ മാധ്യമ പ്രവർത്തകൻ ശ്രീ. അഭിലാഷ് മോഹനനുമായി ഒരു ഛായ് പേ ചർച്ചാ...**

■ ഓരോ വ്യക്തിയും സ്വയം മാധ്യമപ്രവർത്തകനായി മാറുന്ന സോഷ്യൽ മീഡിയാ കാലത്ത് മാധ്യമ പ്രവർത്തനം തൊഴിലായി സ്വീകരിച്ച ഒരു വിഭാഗം എന്ന രീതിയിലേക്ക് യഥാർത്ഥ മാധ്യമ പ്രവർത്തകർ മാറുന്നുണ്ടോ ?

★ മാധ്യമ പ്രവർത്തനം ഒരു ദശാസന്ധിയിലാണെന്ന് പറയാം. ഇവിടെ സൂചിപ്പിച്ച പോലെ ഒരോരുത്തർക്കും സ്വയം മാധ്യമ പ്രവർത്തകൻ ആകാനുള്ള സാഹചര്യമുണ്ട്. ഒരു ഏജൻസിയെ സമീപിക്കാതെ തന്നെ വാർത്തകൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള സാതന്ത്ര്യമുണ്ട്. മാധ്യമ പ്രവർത്തനം കൂടുതൽ ജനാധിപത്യവത്കരിക്കപ്പെടുന്നു. ഇത് അതിന്റെ പോസിറ്റീവായ വശമാണ്. ഇതിലൂടെ ഒരു പ്രത്യേക വാർത്തയെ ചിലർ തമസ്കരിക്കാൻ ശ്രമിച്ചാലും അത് ജനങ്ങളിലേക്ക് എത്തുന്നു. മാധ്യമ പ്രവർത്തനരംഗത്തെ ഡിജിറ്റലൈസേഷന്റെ ഭാഗമായാണ് ഈയൊരു സൗകര്യം നേടിയെടുക്കാനായത്. അതേ സമയം തന്നെ ഇത് വലിയ തോതിൽ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു. ഇങ്ങനെ പ്രചരിക്കുന്ന വാർത്തകളിൽ എത്രത്തോളം വാസ്തവം ഉണ്ട് എന്ന വലിയൊരു ചോദ്യത്തെക്കൂടി നമുക്ക് അഭിമുഖീകരിക്കേതുണ്ട്. കൊളംബിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേർണലിസത്തിന്റെ പുതിയ സർവ്വെ പ്രകാരം അനൗദ്യോഗിക സ്രോതസ്സുകളിൽ നിന്ന് വരുന്ന വാർത്തകളിൽ എഴുപത്തി നാല് ശതമാനവും അവാസ്തമാണ് എന്ന് ചൂണ്ടിക്കാണിക്കുന്നു.



മുഖ്യധാര മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ എല്ലാം പരിശോധനയ്ക്ക് ശേഷമാണ്പുറത്തുവിടുന്നത്. എന്നാൽ സമാന്തര മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ ഒന്നും തന്നെ ' അക്കൗണ്ടബ്ൾ ' അല്ല എന്നൊരു പ്രശ്നം ഉദിക്കുന്നുണ്ട്.

ഓൺലൈൻ മാധ്യമങ്ങളുടെ ആധിക്യം സാമ്പ്രദായിക മാധ്യമങ്ങളെ ഏത് രീതിയിലാണ് ബാധിക്കുന്നത് ?

ചോദ്യം വളരെ പ്രസക്തമാണ്. വളരെ വിശാലമായ ഒരു പരിപ്രേക്ഷ്യത്തിൽ അന്വേഷിക്കേണ്ട ഒരു കാര്യമാണിത്. ഒന്നാമതായി ആളുകൾ ഓൺലൈൻ മാധ്യമങ്ങളിലെ വാർത്തകൾ കൂടുതലായി ശ്രദ്ധിയ്ക്കുമ്പോൾ അതുമായി പൊ രുത്തപ്പെടാൻ സാമ്പ്രദായിക മാധ്യമങ്ങൾ ശ്രമിക്കേണ്ടതായി വരുന്നു. മാധ്യമരംഗത്ത് വരുന്ന പല മാറ്റങ്ങൾക്കും നിദാന്തി കുറിച്ചതും ഇതാണ്. ഒരു പത്രത്തിന് പത്രമായി മാത്രം അല്ലെങ്കിൽ ഒരു ചാനലിന് ചാനലായി മാത്രം നിലനിൽക്കാൻ സാധ്യമല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ സാമ്പ്രദായിക മാധ്യമങ്ങൾ എന്നൊരു സങ്കൽപ്പം ഇന്നില്ല. കാലാനുസൃതമായ മാറ്റങ്ങൾക്ക് ഓരോ മാധ്യമവും വിധേയമായിക്കൊണ്ടിരിക്കുന്നു. ആ മാറ്റങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്തവ കാലാന്തരത്തിൽ പുറകോട്ടടിയ്ക്കപ്പെടുന്നു. പ്രേക്ഷകൻ ആവശ്യപ്പെടുന്ന വാർത്തകൾ നൽകാൻ കഴിയുന്ന മാധ്യമങ്ങൾക്കാണ് നിലനിൽപ്പ് എന്ന് ചുരുക്കം.

“ഒരു കള്ളം ആയിരം തവണ പറഞ്ഞാൽ അത് സത്യമാവുമെന്ന് ” പറഞ്ഞത് ഗിബൽസാണ്. ഈ പ്രളയകാലത്ത് കേരളത്തെ താറടിച്ചു കാണിക്കാനുള്ള ശ്രമങ്ങൾ പല ഭാഗങ്ങളിൽ നിന്നുമുണ്ടായി. ഇത്തരം പ്രവണതകളെ ചെറുക്കുന്നതിൽ മാധ്യമ പ്രവർത്തകന്റെ പങ്കെന്താണ് ?

ഇത് സത്യാനന്തര കാലഘട്ടമാണ്. ചോദ്യത്തിൽ സൂചിപ്പിച്ചതുപോലെ വസ്തുകളേക്കാളേറെ വൈകാരികമായി ജനങ്ങളെ ഉത്തേജിപ്പിക്കുന്ന വാർത്തകൾക്കാണ് പ്രചുര പ്രചാരം ലഭിക്കുന്നത്. അത് ആളുകൾ വിശ്വസിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ ഒരു നടപ്പുവശമാണ്. ഞാൻ മുമ്പ് പറഞ്ഞ വിശ്വാസ്യതയുമായി ചേർത്തുവായിക്കാവുന്ന ഒരു ഘടകമാണിത്. ഇത്തരം മാധ്യമങ്ങളുടെ സങ്കേതങ്ങൾ ഇവിടെയുണ്ട്. അതൊരിക്കലും ഇല്ലാതാക്കാനാകില്ല. ഇവിടെ ചെയ്യാനാകുന്നത് ലഭ്യമായ മാധ്യമങ്ങളുപയോഗിച്ച് ഇതിനെ പ്രതിരോധിക്കുക എന്നതാണ്. ഉത്തരവാദിത്തപ്പെട്ട ഒരു മാധ്യമ പ്രവർത്തകനെ സംബന്ധിച്ചിടത്തോളം ഇത്തരം വാർത്തകളെ പ്രതിരോധിക്കേണ്ടത് തന്റെ ധർമ്മമാണ്.

ഭരണകൂടത്തോടുള്ള വിധേയത്വം മാധ്യമങ്ങളെ എത്രത്തോളം സ്വാധീനിക്കുന്നു. പെയ്ഡ് ന്യൂസ് എന്ന സങ്കേതം ഇതുമായി ചേർത്തുവായിക്കാനാകുമോ ?

ഇത് രണ്ടും രണ്ട് വസ്തുതകളാണ്. ഇന്ത്യയിൽ മുഖ്യധാര മാധ്യമങ്ങൾ പരസ്യമായി ഭരണകൂടത്തോട് വിധേയത്വം പ്രകടിപ്പിക്കാൻ തുടങ്ങിയിട്ട് കുറച്ചു വർഷങ്ങളേ ആയിട്ടുള്ളൂ. പ്രത്യേകിച്ച് നിലവിലുള്ള ഭരണ വ്യവസ്ഥക്കെതിരെ ഇന്ത്യൻ മുഖ്യധാരാ മാധ്യമങ്ങൾ അന്വേഷണാത്മകമായി, വിമർശനാത്മകമായി എതിർപ്പ് പ്രകടിപ്പിച്ചു എന്നതിന് ചൂണ്ടി കാണിക്കാൻ വലിയ ഉദാഹരണങ്ങൾ പോലും നമുക്കില്ല. ടെലിവിഷൻ ചാനലുകളാകട്ടെ സർക്കാരിന്റെ മെഗാഫോണായി വർത്തിക്കുന്ന അഭൂതപൂർവ്വമായ കാഴ്ചയാണ് നമുക്ക് മുമ്പിലുള്ളത്. ഇത്തരത്തിൽ വിധേയത്വം പ്രകടിപ്പിക്കുന്നതിന് പല കാരണങ്ങളുണ്ട്. ഒന്ന് അവരുടെ പ്രധാന ഉപഭോക്താക്കളായിട്ടുള്ള ഇന്ത്യൻ മധ്യവർഗ്ഗം ഇത്തരം വാർത്തകൾ ആവശ്യപ്പെടുന്നുണ്ട് എന്നതാണ്. മറ്റൊന്ന് സർക്കാരിനെതിരായി സംസാരിക്കുക എന്നത് വലിയ ബുദ്ധിമുട്ടാണ് എന്ന് അവർ ധരിക്കുന്നു എന്നതാണ്. കാരണം ഈ മാധ്യമങ്ങളുടെയെല്ലാം വാണിജ്യതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നത് കോർപ്പറേറ്റ് ഹൗസുകളാണ് എന്നത് തന്നെ.

■ അങ്ങനെയെങ്കിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ മാധ്യമ സ്വാതന്ത്ര്യത്തെ എങ്ങനെ വിലയിരുത്താം. പ്രത്യേകിച്ച് കോടതിമുറികളിലെ റിപ്പോർട്ടിങ് നിരോധിച്ച സവിശേഷ സാഹചര്യത്തിൽ ?

★ കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങൾ ഭരണകൂടത്തോട് വിധേയത്വം പ്രകടിപ്പിക്കുന്ന മാധ്യമങ്ങളല്ല. വിമർശനാത്മകമായാണ് മാധ്യമങ്ങൾ സർക്കാരിനെ കാണുന്നത്. നിലവിലുള്ള ഭരണ വ്യവസ്ഥയെ ലഭ്യമായ സാഹചര്യങ്ങളിൽ ചോദ്യം ചെയ്തുകൊണ്ടുതന്നെയാണ് കേരളത്തിലെ മാധ്യമങ്ങൾ പ്രവർത്തിക്കുന്നത് (മറ്റേത് പരിമിതികളുണ്ടെങ്കിലും). കോടതികളിലെ റിപ്പോർട്ടിങ് ഒരു പ്രധാന വിഷയമാണ്. കോടതി ഒരു വ്യവസ്ഥ എന്ന നിലയിലല്ല മറിച്ച് അവിടെയുള്ള അഭിഭാഷകർ ഉയർത്തിയ പ്രതിഷേധത്തിന്റെ ഭാഗമായാണ് റിപ്പോർട്ടിംഗ് അനുവദിയ്ക്കാത്തത്. ഇനി മാധ്യമ പ്രവർത്തകരും, അഭിഭാഷകരും തമ്മിലുള്ള തർക്കത്തിൽ മാധ്യമ പ്രവർത്തകരുടെ ഭാഗത്ത് തെറ്റുണ്ടെന്ന് തന്നെ വയ്ക്കുക. അങ്ങനെയൊരു വിഷയത്തിന്റെ പേരിൽ റിപ്പോർട്ടിംഗ് നിരോധിക്കുക എന്നത് ആർട്ടിക്കിൾ –19 ന്റെ ലംഘനമാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നാണ് കോടതി. ഇവിടെ റിപ്പോർട്ടിംഗ് വിലക്കുക വഴി പൗരന്റെ സ്വാതന്ത്ര്യത്തെയും അതിലുപരി ജനങ്ങളുടെ അറിയാനുള്ള അവകാശത്തെകൂടിയാണ് വെല്ലുവിളിക്കുന്നത്. ആരോഗ്യപരമായ ഒരു ജനാധിപത്യത്തിൽ ഒരിക്കലും അംഗീകരിയ്ക്കാൻ കഴിയുന്ന കാര്യമല്ലിത്.

■ മാധ്യമ മാനേജ്മെന്റുകളുടെ ഇടപെടൽ സ്വതന്ത്രപത്രപ്രവർത്തനത്തിന് പരിധി നിശ്ചയിക്കുന്നു എന്ന് പറയാനാകുമോ ?

★ ഉടമയുടെ താൽപര്യം അദ്ദേഹത്തിനു കീഴിലുള്ള ഒരു മാധ്യമ സ്ഥാപനത്തെ ബാധിയ്ക്കുക എന്നത് സ്വാഭാവികമാണ്. പക്ഷേ കേരളത്തിൽ മാധ്യമങ്ങൾക്ക് ഈ താൽപ്പര്യങ്ങൾക്കപ്പുറം സ്വതന്ത്രമായ നിലപാടെടുക്കാൻ സാധിക്കുന്നുണ്ട്. അത് എത്ര പരിധി വരെ എന്നത് ഒരു ചോദ്യമാണ്. കേരളം പൊതുവെ മാധ്യമ അവബോധമുള്ള ഒരു സംസ്ഥാനമാണ്. കേരളത്തിൽ പ്രവർത്തിക്കുന്ന മാധ്യമങ്ങൾക്ക് സങ്കുചിതമായ നിലപാടെടുക്കാൻ കഴിയാത്തതും ഈ അവബോധം ഒന്നുകൊണ്ടുമാത്രമാണ്.

■ ആവശ്യമുള്ളത് വിളമ്പികൊടുക്കുന്ന ഒരു വിപണിയല്ല മാധ്യമ പ്രവർത്തനം എന്ന് പറയാറുണ്ട്. റേറ്റിങ് നിലനിർത്താൻ വേണ്ടി /പ്രേക്ഷക താൽപ്പര്യങ്ങളെ മുൻനിർത്തി പരിപാടികൾ പ്രക്ഷേപണം ചെയ്യുന്ന അവസ്ഥയെക്കുറിച്ച് ?

★ മാധ്യമങ്ങളെ സംബന്ധിച്ച് റേറ്റിങ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. കാരണം പരസ്യദാതാക്കൾ ആശ്രയിക്കുന്നത് റേറ്റിങ്ങാണ്. പ്രേക്ഷക താൽപ്പര്യങ്ങളെ സംരക്ഷിക്കുക എന്ന തലത്തിലേക്ക് മാധ്യമങ്ങൾക്ക് പോകേതുണ്ട്. അതിന് അവരെ പ്രേരിപ്പിക്കുന്ന ഘടകം അവരുടെ നിലനിൽപ്പാണ്. പ്രേക്ഷകാഭിരുചി വളരെ വലിയൊരു ഘടകമാണ്. പക്ഷേ അപ്പോഴും നമ്മുടെ മാധ്യമങ്ങൾ വലിയൊരളവോളം ഇക്കാര്യങ്ങളെ പ്രതിരോധിച്ചു നിൽക്കാറുണ്ട്.

■ സമീപകാല കോടതി വിധികളെ (ശബരിമല, 377–ാം വകുപ്പ്) ഏത് രീതിയിൽ കാണുന്നു ?

ഉ തികച്ചും സ്വാഗതാർഹമാണ്. ഇവയെല്ലാം തന്നെ ഒരു 'പുതിയ പാന്ഥാവിലേക്ക് സമൂഹത്തെ നയിക്കുന്ന വിധികളാണ്. ഭരണഘടനയെ പുതിയ കാലത്തെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പുരോഗമനപരമായി വ്യാഖ്യാനിക്കുക എന്ന ദൗത്യമാണ് കോടതി ഏറ്റെടുത്തു നടപ്പാക്കിയത്. ഒരു വ്യക്തിയുടെ മൗലികാവകാശങ്ങളെ ലംഘിക്കാൻ മറ്റൊന്നിനും സാധിയ്ക്കില്ല എന്ന പരമപ്രധാനമായ വസ്തുതയാണ് ഓരോ വിധിയും അടിവരയിട്ടു വ്യക്തമാക്കുന്നത്. ഒരു പൗരസമൂഹമായി നമ്മെ വളർത്തിയെടുക്കാൻ ഈ വിധികൾ സഹായകമാകും എന്ന കാര്യത്തിൽ സംശയമില്ല.

? ചോദ്യങ്ങൾ ചോദിയ്ക്കുന്നവരെ നിശബ്ദമാക്കുന്ന ഭയാശങ്കകൾ നിറഞ്ഞ ഒരു കാലഘട്ടമാണിത്. ഇവിടെ ഭൂരിപക്ഷ

THE WIRE



**സിദ്ധാർത്ഥ് വരദരാജൻ**




വർഗ്ഗീയതയേയും ന്യൂനപക്ഷ വർഗീയതയേയും ഒരുപോലെ എതിർക്കാൻ കഴിയുമോ ?

★ വർഗീയതയ്ക്ക് ന്യൂനപക്ഷം, ഭൂരിപക്ഷം എന്ന വേർതിരിവ് കാണേണ്ടതില്ല. ചിലയാളുകൾ പറയുന്നത് ഭൂരിപക്ഷ വർഗ്ഗീയതയ്ക്കാണ് ഇന്ത്യയിൽ ഭരണാധികാരം നേടാനായത് എന്നാണ്. പക്ഷെ ന്യൂനപക്ഷ വർഗ്ഗീയതയ്ക്ക് ഭരണാധികാരം ഇല്ലെങ്കിലും കായികമായി തങ്ങളുടെ ശക്തി പ്രകടിപ്പിക്കുന്നുല്ലോ. അധികാരം ഉപയോഗിച്ച് ചോദ്യങ്ങളെ നിശബ്ദമാക്കാനുള്ള ഒരു ശ്രമം നടക്കുന്നുണ്ട്. അതിനെതിരെ ഒരു പ്രതിരോധവും ഇന്ത്യയിൽ വളർന്നു വരുന്നുണ്ട്.

■ പത്ര –മാധ്യമ രംഗത്ത് ചില പത്രങ്ങൾക്ക് പരസ്യം നിഷേധിക്കുന്ന അവസ്ഥയുണ്ടായി. ഇത് എങ്ങനെ വിശദീകരിക്കും ?

★ പരസ്യമില്ലാതെ പ്രവർത്തിക്കുന്ന ധാരാളം മാധ്യമങ്ങൾ ഉണ്ട്. ' ദ വയർ' ഒരുദാഹരണം. പത്രപ്രവർത്തനം എന്താണെന്ന് തങ്ങളുടെ പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്ത ഒരു ഓൺലൈൻ പത്രം. സർക്കാരിന്റെ പരസ്യം കൈപ്പറ്റുമ്പോൾ നമ്മൾ അവരുടെ താൽപ്പര്യങ്ങളെ കുറച്ചെങ്കിലും സംരക്ഷിക്കേണ്ടിവരും. ഇപ്പോൾ പരസ്യം ലഭ്യമാകുന്നില്ല എന്ന് പറയുന്ന മാധ്യമങ്ങൾ സർക്കാരിനെ നിരന്തരം വിമർശിക്കുന്നവരാണ്. അങ്ങനെയുള്ളവർ നിലനിൽപ്പിനുവേണ്ടി സർക്കാർ പരസ്യം വേണമെന്ന് പറയുന്നത് ബാലിശമാണ്. ഇനി നിലപാടിന്റെ ഭാഗമായാണ് തങ്ങൾ പത്ര പ്രവർത്തനം നടത്തുന്നതെങ്കിൽ പരസ്യമില്ലാതെ തന്നെ പ്രവർത്തിക്കുന്ന മറ്റ് മാധ്യമങ്ങളെ മാതൃകയാക്കണം. അടിസ്ഥാനപരമായി മാധ്യമങ്ങൾ തകർച്ചയിലാണ്.

■ കുൽദീപ് നയ്യാരുമാരിൽ അർണാബ് ഗോസ്വാമിമാരിലേക്ക് വരുമ്പോൾ സാധരണക്കാരന് എന്തെങ്കിലും പ്രതീക്ഷയുണ്ടോ ?


★ തീർച്ചയായും, പുതിയ കാലത്ത് ഉറച്ച നിലപാടുകളുള്ള ഒട്ടേറെ മാധ്യമങ്ങളുണ്ട്. വയർ, കാരവൻ പോലെ. ദ വയറിൽ സിദ്ധാർത്ഥ് വരദരാജനും സംഘവും എത്ര മനോഹരമായാണ് തങ്ങളുടെ ധർമ്മം നിർവ്വഹിക്കുന്നത്. ഇന്ത്യൻ മുഖ്യധാര മാധ്യമങ്ങൾക്ക് സമാന്തരമായി ഒരു ധാര ഇക്കാര്യത്തിൽ നിലനിൽക്കുന്നുണ്ട്.

■ നമ്മുടെ ഭരണകർത്താക്കൾ (പ്രത്യേകിച്ച് പ്രധാനമന്ത്രി) ചോദ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ വിമുഖത പ്രകടിപ്പിക്കുന്നു ?

★ ശരിയാണ് ഭരണത്തിലേറി ഇത്ര നാളായിട്ടും ഒരു പത്രസമ്മേളനം വിളിച്ചു ചേർക്കാൻ കഴിഞ്ഞിട്ടില്ല. റേഡിയോ പ്രഭാഷണങ്ങൾ, പ്രസംഗങ്ങൾ, ട്വീറ്റുകൾ തുടങ്ങിയവയിലൂടെയാണ് ജനങ്ങളെ അഭിമുഖീകരിക്കുന്നത്. ഇനി നാമമാത്രമായി നടത്തിയ അഭിമുഖങ്ങൾ മുൻകൂട്ടി തയ്യാർ ചെയ്തവയാണ്. വിമർശനാത്മകമായ ചോദ്യങ്ങളെ നേരിടാൻ തയ്യാറായിട്ടില്ല.

■ ഹാസ്യം മധുരം പുരട്ടിയ ഒരമ്പാണ്. പുതിയ കാലത്തെ ട്രോൾ എന്ന സങ്കേതം വിമർശനത്തിന്റെ പുതിയ സാധ്യതയല്ലേ തുറക്കുന്നത് ?

★ തീർച്ചയായും, ഒരു കാലത്ത് കാർട്ടൂൺ എത്രത്തോളം ഫലപ്രദമായി ഉപയോഗിച്ചിരുന്നുവോ അതുപോലെയാണ് ഇന്ന് ട്രോളുകളും. നിരവധി പോരായ്മകൾ ഉണ്ടെങ്കിലും സാമൂഹ്യ വിമർശനത്തിനുള്ള ഒരുപാധി എന്ന നിലയിൽ കാണാവുന്ന ഒരുഘടകമാണിത്.





**VISHNU. C**
*VIth Sem-B.Com B*

# ആത്മ നൊമ്പരം



ആകാശനീലിമയലിഞ്ഞ മിഴികളിൽ
അനുരാഗ ഹിമകണം തുളുമ്പവേ
അറിഞ്ഞു ഞാനിതുവരെ തിരഞ്ഞവളെ
യെന്നുറക്കെ പറയുവാൻ
ഞാനൽപ്പം മടിച്ചിരുന്നു.

പരസ്യമായ രഹസ്യമായിരിക്കട്ടെ...
അലസമാം ചെയ്തികളിൽ അലട്ടുന്നൊരോർ–
മ്മയായ് ഓരോ നിമിഷവും എന്തിനോ
വേണ്ടി തുടിക്കുന്ന ചോദ്യങ്ങളായ് തീരുന്നുവോ ?

ഒരു നിമിഷ ശകലത്തിൻ പറഞ്ഞൊരാ നൊ–
മ്പരത്തിനു മറുപടിയാം ഓർമ്മച്ചെപ്പുതുറ–
ന്നൊരാ ഹൃദയത്തിൽ മറയില്ല ഒളിവില്ല സൗഹൃദം മാത്രം.

എൻ ജീവിത വീഥിയിലേക്കു ഇണയായും തുണ–
യായും പൂവണിഞ്ഞ സൗഹൃദ വേളയിൽ
അറിയാതെയുരുകുന്നൊരാ പാഴ്നൊമ്പരങ്ങൾ.

കാലങ്ങൾ നീങ്ങിമറയവേ അറിയാതെ
പോകുന്നൊരാ മർമ്മരങ്ങൾക്കുവേണ്ടി ഞാനക–
ലാതെ പോയ് മറഞ്ഞീടുന്നുവോ....
മറയായ് അകലുന്ന എൻ ജീവനിൽ
ഇനിയില്ല ഇനിയില്ല വെറും ഓർമ്മ മാത്രം.



**PRABITHA. VP**
*VIth Sem- B.Com CA*

# മാപ്പ്

എന്നും എഴുന്നേറ്റു വരുമ്പോൾ ഉമ്മറത്തെ കാഴ്ചകളിലൊന്നായ ജാതി മരവും, ചാമ്പക്കയും ഡിസംബർ മാസം അടുക്കാറായതുകൊണ്ട് തളിരിട്ട് ഇലകൾ ഇടതൂർന്നു നി ൽക്കുന്നു. ചാമ്പക്കമരം തിങ്ങി കായ്കനികൾ ഉണ്ടാവും. അത് കഴിക്കാനായി കുട്ടികളും, പക്ഷികളും എത്തും. ആ കാഴ്ച കാണാൻ നല്ല രസമാണ്. എത്രയോ നിലത്ത് വീണ് ചിതറി കിടക്കും. പൈപ്പിന്റെ ചുവട്ടിൽ ആയതുകൊണ്ട് വെള്ളത്തിന്റെ ആവശ്യവും ഇല്ലായിരുന്നു. നല്ല തണലും നൽകിയിരുന്നു. ഇന്നലെ ഭാര്യ ഭർത്താവിനോട് പറയുന്നുായിരുന്നു. മരത്തിന്റെ ഇല കാരണം ഭയങ്കര ശല്യമാണ്. അടിച്ചുവാരി വൃത്തിയാക്കാൻ വയ്യ എന്നും. പിറ്റേദിവസം ഒരാൾ വരുന്നു. കൈയ്യിൽ കോടാലിയുമായി. ഏതൊക്കെ മരം വെട്ടണമെന്ന ചോദ്യത്തിനു മുമ്പിൽ ഒന്നു പതറുകപോലും ചെയ്യാതെ പിതാവ് പറഞ്ഞു. ചാമ്പക്ക, പേരയ്ക്കാ മരം, ജാതി അയാൾ തന്റെ പണിയിലേർപ്പെട്ടു കോടാലിയെടുത്ത് ചാമ്പക്കയുടെ വേരിന്റെ അടിയിലേക്ക് അറുത്തുമാറ്റാൻ, ചില്ലകളും, വേരുകളും മുറിച്ചു മാറ്റിക്കൊണ്ടേയിരുന്നു. ഒരു വലിയ ശബ്ദം കേട്ട് ഓടി വന്ന മകൾ ആകെ പരിഭ്രാന്തയായി. എന്താണ് സംഭവിക്കുന്നത് എന്ന് വിശ്വസിക്കാൻ കഴിയാതെ. മരങ്ങൾ ഓരോന്നായി നിലം പതിയുന്നു. സ്വാർത്ഥതാൽപര്യംകൊണ്ട് മാറിയ അച്ഛനും അമ്മയ്ക്കും മുന്നിൽ പ്രതിഷേധിക്കാൻ പോലും കഴിയാതെ മകളുടെ മനസ്സ് ആകെ വിങ്ങിപൊട്ടി. തന്റെ വീടിന്റെ മുന്നിൽ എന്നും ഒരു തണലായി നിന്നിരുന്ന വൃക്ഷങ്ങൾ അറുത്തുമാറ്റി കഴിഞ്ഞിരിക്കുന്നു. മാതാപിതാക്കൾ അറിയുന്നില്ലല്ലോ തങ്ങളുടെ കുടുംബത്തിന്റെ വേരുകൾ ഇതുപോലെ അറുത്തുമാറ്റപ്പെട്ടാൽ ഉണ്ടാവുന്ന അവസ്ഥ. സ്വാർത്ഥതാൽപര്യങ്ങളാൽ എന്തൊക്കെയോ ചെയ്തുകൂട്ടുന്നു. 'ഒരു ഇരുപതു രൂപ തരുമോ അച്ഛാ... രണ്ട് മരതൈകൾ വാങ്ങാനാണ്.....' അച്ഛൻ എന്തെന്നില്ലാത്ത കുറ്റബോധം വീർപ്പുമുട്ടിക്കുന്നത് മകൾക്ക് കാണേണ്ടിവരുന്നു. മരമേ നിനക്ക് മാപ്പ്...





**LIJU. P**
*IV^th Sem-B.A Economics*



ഞാൻ നിങ്ങളെയുപേക്ഷിച്ചതോ-
നിങ്ങളെന്നെയോ ?
ഉത്തരം കിട്ടുന്നില്ല ചോദ്യത്തിന്
എങ്കിലും,
മിടിക്കുന്ന ഹൃദയം,
വെമ്പുന്ന മനസ്സ്,
ശൂന്യമായ ചിന്ത,
എല്ലാമെല്ലാം നിന്നെ
പ്രണയിച്ചിരുന്നു.
ജീവിതവഴിയിൽ നീയെനിക്കു
കൂട്ടായിരുന്നു.
മൗനവേളയിൽ നീയെന്റെ
ശബ്ദമായിരുന്നു.
വേദനയുടെ ഹൃദയാളത്തിൽ
നീയെന്റെ-
കണ്ണുനീരായിരുന്നു.
നിശ്ബദമായ തേങ്ങലിൽ നീയെനിക്കു-
സാന്ത്വനമായിരുന്നു.
ആഹ്ലാദ നിമിഷങ്ങളിൽ നീയതു
പങ്കിട്ടിരുന്നു.
വിരഹത്തിൻ നൊമ്പരത്തിലും
പിരിയാത്ത-
സ്നേഹിതയായിരുന്നു.
അങ്ങനെയങ്ങനെ നീയെനി-
ക്കെല്ലാമായിരുന്നു.
അതിലേറെ,
ഞാൻ നീയായിരുന്നു.
ഞാനെന്നെ പകർത്തിയത്
നിന്നിലായിരുന്നു.
നീ ഞാനായിരുന്നു.

# നിലനിൽപ്പിന്റെ രാഷ്ട്രീയം





**HASNA. C**
*IV$^{th}$ Sem- BCA*

കാരമുള്ളിൻ  വേരുകളാഴ്ന്നിറങ്ങിയ
പെണ്ണുടലിൻ യാത്രയുടെ പ്രയാണം
പിന്നിട്ട വഴികളിൽ കാലത്തിന്റെ
അദൃശ്യമായ രക്തക്കറകൾ....

തുടക്കവും ഒടുക്കവുമില്ലാത്ത
ഒറ്റയടിപ്പാതയുടെ ഇടനാഴിയിൽ വെച്ച്
മനസ്സിലൂർന്ന് പോയ രാത്രിയുടെ
മൂർച്ചയുള്ള നിഴൽ രൂപങ്ങൾ.

വികാരങ്ങളുടെ വിരൂപങ്ങളാൽ
ഗർഭം ധരിച്ചിരുന്നു.
ഏകാന്തതയിൽ പെറ്റുകൂട്ടിയ
നിറമുള്ള സ്വപ്നങ്ങൾ
പുനഃർജ്ജനിയുടെ തുടിപ്പായിരുന്നു.

തൂലികയിൽ പിറവിയെടുത്ത അക്ഷരങ്ങൾ
നിശബ്ദങ്ങളായ് ശബ്ദിച്ചുകൊണ്ടിരുന്നു
കടലാഴങ്ങൾ കണക്കെ ഭേദിക്കപ്പെട്ട
ഹൃദയത്തിന്റെ മുറിവുകൾ
ചുവന്ന ഗുൽമോഹറിന്റെ
പൂത്ത വസന്തത്തെ ചുംബിച്ചു.
നോവ് തിന്ന രാത്രിയിന്നത്രമേൽ
പ്രിയപ്പെട്ടതായി മാറിയിരിക്കുന്നു.
ഗർഭപാത്രങ്ങളുടെ കൂട്ടവിലാപങ്ങളിന്ന്
നിർവൃതിയുടെ ആരവങ്ങളായ്
ഇരുട്ട് മുറിയുടെ ഒരു കോണിൽ
കെട്ടിത്തൂങ്ങി ആത്മഹത്യചെയ്തിരിക്കുന്നു.
ചങ്ങലക്കെട്ടുകളിൽ സമരസപ്പെടാതെ
ഭ്രാന്തൻ ചിന്തകളുടെ തടവുകാരി
സ്വതന്ത്രയായിരിക്കുന്നു.



**ARYA. P**
*IV[th] Sem-B.A English*

# Love, shall we go till the end of life

Love of love it's a behaviour within one,
An endless eagerness
Love is there with its own different shades.
Need a special search to find it!

Love becomes everything that what we see everywhere.
Love sacrifice itself:
We search when we couldn't find it.

Love will never change when we plead,
It will hit us in other ways.
The fight never ends.

Love is tear, love is star, and you are sky.
Love is truth, you are the argument,
It's a diary that all your lie time.
Love, till end of life shall we go?





**GABRIEL GEORGE**
*IVth Sem- BSc. Maths*

# മൂന്ന് കവിതകൾ

## ~~അ~~ശുദ്ധം

ഒലിച്ചിറങ്ങിയ കറയെ
ഓർത്തൽപ്പം തേങ്ങി
ആരും കാണാതെ
മൂടി ഒളിപ്പിച്ചു.

നിലവിട്ട് തെറിച്ച്
പറന്ന് ചുവന്ന ചിറക് വിരിച്ച്
പുതുനാമ്പിൻ ഉറവിടം.

(അ)ശുദ്ധിയുടെ പൊത്തിനെ
ആപ്പിട്ട് മൂടി
ഇരുൾ മൂടിയ തലകൾ.

## ഞെരുക്കം

കാലം ചുരുട്ടിയെറിഞ്ഞൊരെ–
രിയും ചെറുബീഡി പോൽ
എറിഞ്ഞ് ചവിട്ടിയരച്ചു
ചിന്തകളുടെ നിലവിളിയെ.

കെട്ടില്ല ആ തീപ്പൊരിയെന്നും
പടർന്ന്  പിടിച്ച്
എതിർത്ത കരങ്ങൾ
കത്തിച്ചാമ്പലാക്കി.

## ഇരുൾ

അടികൊണ്ടിടികൊണ്ട് ചതഞ്ഞ് പതഞ്ഞ
ഇരു കാലുകൾ കൂട്ടി ഇടിക്കുമ്പോൾ
എവിടുന്നോ പൊങ്ങി ഉയർന്നു
തലനീട്ടുന്നു സൂക്തങ്ങൾ.

അമർന്ന് ഞരങ്ങി
ആ കാഴ്ചകളെല്ലാം
ഒളിച്ചുകിടന്ന് പരിഹസിക്കും
ഒച്ചുപോൽ.





**HYFA SUBAIR**
*VIth Sem-B.A English*

# Cultural Invasion

What is culture? Can we just simply define culture? Well, culture consists of several factors like the place we live in, the language we speak, the religious and traditions we hold and even the food we eat. So, simply culture depends upon these factors, and are different each individual. Religion, language and the place one lives in mainly determines a culture. Language, as we already discussed plays a major role in the formation of the culture, as the ideas could only be communicated and spread through language. There are several varieties of culture existing in the world mainly named as the American culture, the African culture, the Indian culture and so on. However the earlier form of classification of culture included two types, namely – the western culture and the eastern culture, formed by the Orientals.

Cultural invasion on the other hand is the replacement or forced inclusion of a certain cultural aspects to a native culture. This further creates catastrophe among the people as they would neither be able to let go of their native culture nor be able to fully accept the new one. The best example to portray cultural invasion is the spread of Christianity to different places as well as the British




Colonialism. Britain was a great empire having a large number of colonies under her. Each colony was different from the one another as well as from British culture. They had their own language, traditions, religions, and so on. But the idea of spreading Christianity led to a great condition which later led to a cultural invasion. As the colonized people had to obey the rules as well as regulations of the colonizer, and thus they were even made to let go of their culture, and brought up a new culture. Most of them were forced to do so, whereas, others were ready on their own will.

The present African culture is the best example for cultural invasion. The westerners during the olden times, precisely during their expeditions happen to discover a land of black-skinned people. They were greatly different from the westerners, in all aspects, that they were just like those earlier forest man with no education and had several native Gods.

Taking this as an opportunity, the African country was colonized by the British men, considering them as their slaves. The Africans were known to be as Negroes, because of their dark complexion. And most of them were literally imported to Britain as well as other countries as slaves. They were ill-treated and were brutally punished, as the whites considered them as inferior due to their illiteracy and all. The later generation formed from earlier African slaves in America was now acknowledged as Afro-Americans. These men are the prey of cultural invasion, as they do not have a perfect culture. They were neither belonging to African culture nor to the American culture. Instead they own and practice a mixed culture. It is indeed a great sorrow to acknowledge as these Afro-Americans were unknown about their native language and most of the beliefs, but they do not even fully have those American cultural factors, even if they are born and bought up here.

But these men have also started to rise up to a higher level, after their freedom gain. "Barak Obama", an Afro-American rose to the position of the President of America a few years before. Despite of their cultural invasion, they have managed to get education and have started to a great level.

Another example for this is the condition of the country India. India was well known for its cultural diversity. Earlier India was not sustained as a country but a group of different dynasties each having different culture and tradition. But later on, different men came into India for several trades and slowly these traders started to flourish their religion among the Indians. This gave rise to a wide variety of religions like Islam, Christianity, Jew and so onto be seen among the Indians. Despite these religious varieties and dynasties they co-existed well. But it was after the British invasion, a great change in culture occurred. The British men considered even Indians as inferior and started to consider it as their right to teach Indians their divine culture. This led to the destruction of earlier Indian culture. The spread of Christianity, spread of English language, etc was sole reason for the cultural invasion.

At present Indians holds a new culture which is indeed a mixture of both the native and foreign one. That is, Indians too hold on to their religious beliefs, practices as well as superstitions, at the same time, they widely use the English language to communicate to others and even try to adopt the fashion statements of the westerns. The way of studying English and acquiring several western factors were accepted by Indians so to cope up with the modern world. They do believe in their native culture but also holds several western cultures.

India is a country well known for its cultural diversity. Still, India has natives belonging to different cultures and they do co-exist well. But the way of giving more importance to the education of English, the way of using western costumes, and all shows this cultural invasion. Today even the food we eat have changed, the hunger for variety of fast foods like the Chinese, Arabians etc had increased a lot. The vast availability of the fried food items, burgers, sandwiches, and so on provides evidence to this. Even several rituals are adopted from other cultures like the practice of Valentine's Day, Halloween, etc.

Cultural invasion is really a native aspect as it leads to the destruction of a culture thus making it diminish from the world. But today, most of the cultures have undergone this state. But this cannot be fully considered as wrong Ideas, these were the circumstances which lead to the formation of a mixed culture.



5

# അതിജീവനം

... ലൈംഗികതയുടെ കണക്കുപുസ്തകത്തിൽ

കറുപ്പിലോ വെളുപ്പിലോ പെടാതിരുന്നത് എന്റെ തെറ്റാണോ?

എനിക്കൊരു സ്വത്വമുണ്ടെന്ന് വിളിച്ചു പറയുന്നതിനിടെ

നിങ്ങളിൽ നിന്ന് എത്ര അപവാദശരങ്ങൾ

ഞാൻ ഏറ്റുവാങ്ങി...

ജീവിതം എന്റെ അവകാശമാണെന്ന് എത്ര തവണ

ഞാൻ പറഞ്ഞു കൊണ്ടേയിരുന്നു...

ഇപ്പോൾ ഞാൻ  അതിജീവനത്തിന്റെ പാതയിലാണ്

എത്രമേൽ ഇകഴ്ത്തിക്കാണിയ്ക്കാൻ ശ്രമിച്ചാലും

അടിച്ചമർത്തിയാലും ഞാൻ ഉയർന്നുകൊണ്ടേയിരിക്കും...

എന്റെ നാടിന്റെ പാരമ്പര്യവും അതാണ്...

പ്രളയത്തിലൊറ്റപ്പെട്ടപ്പോഴും, ' The most shameless Bunch of Indians' എന്ന്

പറഞ്ഞ് ചിലർ അപഹസിച്ചപ്പോഴും

ഉണർന്നെണീച്ച അതിജീവനത്തിന്റെ പാരമ്പര്യം....



**AHAMMED NISHTAK**
*II[nd] Sem- BCom Finance*

# അതിഥി



രമേഷിന്റെ വീട് ചെറുതായിരുന്നു. അതിനൊത്ത് പഴയതും. ഓലമേഞ്ഞ ആ കുടിലിൽ ഒട്ടും പ്രതീക്ഷിക്കാതെ ഒരതിഥി പുലർച്ചെ കയറിവന്നു. അയാളെ സ്വീകരിച്ചതും സൽക്കരിച്ചതും രമേഷൻ തന്നെയായിരുന്നു. അയാൾ പോകാൻ നേരമായപ്പോൾ 'ഞാനും വരാം" എന്ന് പറഞ്ഞ് രമേഷനും കൂടെ ഇറങ്ങി നടന്നു. ഒന്നും എടുക്കാതെ, ആരോടും ഒരുവാക്ക് പോലും മിണ്ടാതെ... പിറ്റേ ദിവസം രാവിലെ ഭാര്യ സുമതി ഭർത്താവിനെ നഷ്ടപ്പെട്ട വിവരം അറിഞ്ഞു കരയുന്നത് കേട്ടു. രമേഷിന്റെ അനിയനാണ് ആദ്യം ഓടിയെത്തിയത്. പിന്നാലെ കാറ്റും മഴയും എത്തി. വീട്ടിൽ മുഴുവൻ മൂകതയായിരുന്നു. രമേഷൻ പോയപ്പോൾ എടുക്കാതെ പോയ 'വസ്തു' തറയിൽ കിടപ്പുണ്ട്. അത് നോക്കി എല്ലാവരും കരയാൻ തുടങ്ങി. കവലയിലെ ചായക്കടയിൽ വാർത്തയെത്തി. കുഴിവെട്ടാൻ ആര് പോകും എന്ന വിഷയത്തിൽ കുഴിവെട്ടുകാർ തമ്മിൽ തർക്കമായി. ആരുപോയാലും ' അഷ്ടിക്കു വകയില്ലാത്തവന്മാർക്കെടുത്തു നിന്ന് എന്തുകിട്ടാനാ' എന്ന ചോദ്യം അവരെ ശാന്തരാക്കി. ആ വീട്ടിൽ ഈ പെരുമഴയത്ത് ആര് പോകും എന്നതിന് നാട്ടുകാർ തമ്മിൽ തർക്കമായി. ഒരു പന്തൽ പോലും ഇടാൻ കഴിവില്ലാത്ത അവിടെ ഈ മഴയത്ത് എങ്ങനെ പോകും? ചെന്നിട്ടുതന്നെ എന്ത് കാര്യം? എന്നീ ചോദ്യങ്ങളിൽ അവരും ശാന്തരായി. ബന്ധുക്കൾക്ക് പോകാതെ വയ്യല്ലോ... മഴയെ ശപിച്ച് അവരിറങ്ങി നടന്നു. രമേഷിന്റെ വീട്ടിൽ അഞ്ചും വയസ്സായ രണ്ട് കുട്ടികൾ. രമേഷന്റെ കുട്ടികൾ. അച്ഛന്റെ തിരോധാനമറിയാതെ കൂട്ടുകാർക്കൊപ്പം മഴയത്തിറങ്ങി കടലാസ് തോണിയുണ്ടാക്കി. രമേഷന്റെ ഭാര്യ വെള്ള പുതച്ച വസ്തുവിന് മുന്നിലിരുന്ന് പൊട്ടിക്കരഞ്ഞു. കുഴിവെട്ടുകാർ എത്തിയില്ലേ ? അശോകൻ, രമേഷന്റെ അനിയൻ തിരക്കി. ഒന്നും കൊടുക്കാനില്ലെന്നറിയാം... പക്ഷേ... അയാൾ ആത്മഗതം പറഞ്ഞു. നേരം ഇരുട്ടിത്തുടങ്ങി. ആരേയും കാണാതായപ്പോൾ അപ്പുറത്തെ രാമേന്ദ്രന്റെ വീട്ടിൽ നിന്ന് ഒരു തൂമ്പ കടം വാങ്ങി. അഞ്ചു രൂപ വാടക പറഞ്ഞു. സാരല്യ പണിയെടുത്ത് വീട്ടാം. സുരേഷിന്റെ വീട്ടിൽ നിന്ന് ഒരു പന്തൽ ഷീററ് കടം വാങ്ങി വസ്തു ഇറക്കിവെക്കെണ്ടേ...? ആറ് ഉറുപ്പിക. ലേശം കൂടുതലാണ്. സാരല്യ. അശോകൻ പറഞ്ഞു. കുഴിവെട്ടി. വസ്തു മണ്ണിട്ടുമൂടി. കുട്ടികൾ മഴ കൊള്ളുന്നത് കണ്ട് പേടിച്ച് അശോകൻ കുട്ടികളെ വീട്ടിലാക്കാൻ പറഞ്ഞു. ഇല്ലേൽ നാളെ ആസ്പത്രിയിൽ പണം ചിലവാകും. വസ്തു നിൽക്കുന്നിടത്തിന് അടയാളമായി ഒരു കല്ല് നാട്ടി. കരയാൻ ശ്രമിച്ചു. കണ്ണീര് പുറത്ത് വന്നില്ല. നശിച്ച മഴ. അശോകൻ ആത്മഗതം പറഞ്ഞു.

അടുത്ത ദിവസം രാത്രി ദിവാകരൻ മുതലാളിയുടെ ബംഗ്ലാവിലും അതിഥി വന്നെന്നുകേട്ടു. ഒന്നുമെടുക്കാതെ അയാളും കൂടെ ഇറങ്ങി നടന്നു. പിറ്റേന്ന് രാവിലെ ഒരു തർക്കമുണ്ടായെന്ന് കേട്ടു. കുഴിവെട്ടുകാർ തമ്മിൽ... ആരു വെട്ടുമെന്ന വിഷയത്തിൽ. നാട്ടുകാർ തമ്മിൽ.. ആരാദ്യം പോകുമെന്ന സംശയത്തിൽ. എല്ലാവരും നിലയ്ക്കാത്ത മഴ വകവെക്കാതെ ദിവാകരൻ മുതലാളിയുടെ ബംഗ്ലാവിനെ ലക്ഷ്യമാക്കി നടന്നു. മെല്ലെ കടലാസു കഷ്ണങ്ങൾക്ക് മീതെ മഴ ആധിപത്യം നേടുന്നുണ്ടായിരുന്നു. ആ ഗ്രാമത്തിലെ എല്ലാവർക്കുമായി ഒരതിഥി വരുന്നെന്ന് കേട്ടു.



**RAHEEMA SHERIN. K.K**
*VI th Sem-B.Com C*

# ദൈവത്തിന്റെ കരങ്ങൾ



ദൈവത്തിന്റെ കരങ്ങൾ
നാടും നഗരവും
വെള്ളത്തിലാഴ്ന്നു തുടങ്ങി
ആർത്തുവിളിപ്പൂ
കേരളമാകെ
നാം ചെയ്ത ക്രൂരത–
കണ്ടില്ലെന്നു നടിച്ചില്ല കേരളം
പേമാരിയായി വന്നൂ ഞാൻ.
ഇപ്പോൾ ഇവിടം സുന്ദരമാണ്.
രാഷ്ട്രീയമില്ല വർഗീയത ഇല്ല.
ജാതിഭേദമേതുമില്ല.
എല്ലാവരുമൊത്തു ചേരുന്നിതാ
ഒരു മേൽക്കൂരക്കുള്ളിൽ
ദരിദ്രനും ധനികനും ഇവിടെ
ഒരു പോൽ മാത്രം
ഏവരും ആർത്തുവിളിപ്പൂ
ഒരുപോൽ രക്ഷക്കായ്
അന്നേരം എത്തുന്നിതാ ചില –
ദൈവത്തിൻ കരങ്ങൾ
വെള്ളപ്പൊക്കത്തിലെ
രക്ഷക്കായ്



**SHAHANA. M**
*IV^th Sem. BSc Mathematics*

# മുതുകിലേറി കേരളം




കേരളം അതിജീവനത്തിന്റെ പാതയിലാണ്. ഉടുതുണിക്കു മറുതുണിയില്ലാതെ മലയാളി ഇല്ലായ്മയുടെ രുചിയറിഞ്ഞ നാളുകൾ. സ്വാതന്ത്ര്യ പുലരി ആഘോഷിക്കേണ്ട ദിനങ്ങൾ പേമാരിയിൽ മുങ്ങിയ കേരളത്തെയാണ് പുറം ലോകം കണ്ടത്. 2018 ജൂലൈ–ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ പ്രളയം കേരളത്തെ ഒന്ന് കുടഞ്ഞെടുത്തു. പേമാരിയും ഉരുൾ പൊട്ടലും മൂലമുണ്ടായതും പ്രളയവും മണ്ണിടിച്ചിലും മറ്റും കാരണമുായ നാശനഷ്ടങ്ങളും വർണ്ണനാതീതമാണ്. ധനികനെയും പാവപ്പെട്ടവനെയും ഒരുപോലെയാണ് വെള്ളം കണ്ടത്. അവിടെ വകഭേദം കാണിച്ചില്ല. അവിടെ പണത്തിന്റെയോ മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ വ്യത്യാസമുണ്ടായില്ല. എല്ലാവരെയും വെള്ളം ഒരുപോലെ പിഴിഞ്ഞെടുത്തു. 2004 ലെ സുനാമിവരെ മലയാളികളാരും വെള്ളം ഭയപ്പെട്ടിരുന്നില്ല. അതിന് ശേഷം മലയാളി തന്റെ സ്വാർത്ഥ ജീവിതത്തിലേക്ക് കാൽവെച്ചതോടെ വീണ്ടും പ്രളയം മലയാളിയെ തേടി വന്നു. ഒരുവിധത്തിൽ പറഞ്ഞാൽ വിളിച്ചുവരുത്തിയെന്നും പറയാം. ദുരന്തങ്ങൾ കേട്ടുകേൾവിയും ദൂരക്കാഴ്ചയും മാത്രമായിരുന്ന മലയാളിക്ക് അതിന്റെ നേർസാക്ഷികളാകേണ്ടിവന്നു.

95 വർഷം മുമ്പ് " 99 ലെ വെള്ളപ്പൊക്കം" എന്ന് വിശേഷിപ്പിക്കപ്പെടുന്ന 1924 ജൂലൈയിലെ പേമാരിയും വെള്ളപ്പൊക്കവുമായിരുന്നു മലയാളിക്ക് ഭീകരമായ ജലപ്രളയം. എന്നാൽ 2018ലേത് 99 ലേക്കാൾ രുക്ഷവും ഭയാനകവുമായിരുന്നു. മഴതീർത്ത ഒഴുക്കിൽ മണ്ണും മനുഷ്യ



നും ഒഴുകിപ്പോയി. പുഴയിലേക്ക് എറിയപ്പെട്ടതെല്ലാം അത് തിരിച്ചേൽപ്പിച്ചു. കേട്ട വാർത്തയേക്കാളും കാഠിന്യമുണ്ടായിരുന്നു നമ്മെ കാത്തിരുന്ന വാർത്തകൾക്ക്. കുത്തിയൊലിച്ചുവന്ന വെള്ളം സ്വന്തമെന്ന് കരുതിയതെല്ലാം കൊണ്ടുപോയപ്പോൾ നിസ്സഹായതയോടെ നോക്കിനിൽക്കാനേ കഴിഞ്ഞുള്ളൂ. കാറ്റിലും മഴയിലും വൈദ്യുതി ബന്ധം തകർന്ന് സമ്പർക്ക മാധ്യമങ്ങൾ അകലെയായി. റോഡുകൾ പിളരുകയും പാലങ്ങൾ തകരുകയും ചെയ്തതോടെ മനുഷ്യന്റെ പരസ്പര സമ്പർക്കത്തിന് ദൂരമേറി. ജീവന്റെയും മനുഷ്യസാന്നിദ്ധ്യത്തിന്റേയും വിലയറിഞ്ഞ നാളുകളായിരുന്നു അവ. പ്രായ ജാതി ഭേദമെന്യേ എല്ലാവരും ക്യാമ്പിലെ അഭയാർത്ഥികളായി. മാതാപിതാക്കളെ വൃദ്ധ സദനങ്ങളിൽ എത്തിച്ച മക്കൾ ഒടുവിൽ മാതാപിതാക്കൾക്കൊപ്പം ക്യാമ്പിൽ കഴിയേണ്ടിവന്നു. പണക്കാരനും പാവപ്പെട്ടവനും ഒരുപോലെ അന്തിയുറങ്ങിയ നാളുകൾ. സ്വാർത്ഥത എന്ന ഹൃദയത്തിൽ കൊണ്ടുനടന്നവർക്ക് മറുപടി ആയിരുന്നു ഇത്.

എന്നാൽ ഒരുമയാണ് കേരളത്തെ ദുരിതങ്ങളിൽ നിന്ന് കരകയറാൻ പ്രാപ്തമാക്കിയത്. ഉടപ്പിറപ്പുകളുടെ പ്രയാസം സ്വന്തം പ്രയാസമായി കരുതിയവർ കേരളത്തിന് പുത്തൻ പാഠങ്ങളാണ് നൽകിയത്. കടലിനോട് പൊരുതി രണ്ടറ്റം മുട്ടിക്കുന്ന കടൽ തൊഴിലാളികൾ തങ്ങളുടെ എല്ലാ പ്രശ്നങ്ങളും മറന്ന് രക്ഷാപ്രവർത്തനങ്ങളിൽ മുൻനിരയിൽ നിന്നു. സ്വന്തം മുതുക് കാണിച്ച് ജീവിതത്തിലേക്ക് പുത്തൻ പടവുകൾ പണിത് നൽകിയ ജൈസലും പേരറിയപ്പെടാത്ത ധാരാളം സേവന മനസ്സുകളും പ്രശംസ അർഹിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം വെള്ളത്തിൽ മുങ്ങിയപ്പോൾ പുറം ലോകവും സഹായഹസ്തവുമായി വന്നു. ചിലർ തങ്ങളുടെ കഴിവ് കാണിച്ചുകൊണ്ടാണ് സഹായം അഭ്യർത്ഥിച്ചത്. കേരള ഹൈക്കോടതി ജഡ്ജി ആന്ധ്ര തിരുപ്പതി സ്വദേശിയായ ജസ്റ്റിസ് ഡി. ശേഷാദ്രി നായിഡുവിന്റെ 'My land needs a helping hand' എന്ന തലക്കെട്ടിൽ കേരളത്തിന്റെ പ്രകൃതിഭംഗിയും



മനോഹാരിതയും വിവരിച്ചു തുടങ്ങുന്ന കവിതയുടെ അവസാനം തങ്ങളുടെ നാടിന്ന് വേണ്ടി സഹായം അഭ്യർത്ഥിച്ചു. ഇങ്ങനെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഹായമെത്തി.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയദുരന്തത്തിന് ഇരയായ മലയാളി അതിന്റെ ആഘാതത്തിൽ നിന്ന് ഇനിയും കരയറിയിട്ടില്ല. പ്രകൃതിയോടുള്ള അവഹേളനമാണ് 1924 നു ശേഷം കേരളത്തെ ഈ അവസ്ഥയിലെത്തിച്ചത്. പഴയ മനുഷ്യർ പ്രകൃതിയെ സ്നേഹിച്ചിരുന്നു. പ്രകൃതിയോടുള്ള അലിവ്, സ്നേഹം ഇവയെല്ലാം ഒരു കാലത്ത് മലയാളിയുടെ സിരകളിൽ പടർന്ന വികാരങ്ങളായിരുന്നു. ഈ വികാരങ്ങൾ തിരിച്ചു കൊണ്ടുവരുന്നതിലൂടെ മാത്രമേ പുത്തൻ കേരളത്തിന്റെ ആയുസ്സിന് ഭംഗം വരാതെ കാത്തുസൂക്ഷിക്കാൻ കഴിയൂ. ഇതിലും മലയാളി ഒരുമ കാണിക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ പുറം ലോകം വിശേഷിപ്പിച്ച God's own Country യെ തിരിച്ചെടുക്കാം.



**FATHIMA RISANA**
*VIth Sem. BA English*

# DESTINY



Under the endless sky,
I heard that appalling football.
Which troubled me and hurted.
I have lost the adorable breeze,
And the blinking stars.
The fiery nights passed away,
And despoiled my eye stream rest.
I passed across melodious night,
And doodled my passion… but No!
Why me?
The question aggrieved my heart,
And whispered "Only the Heaven knows"
With deep tears and tears,
I am waiting for that heavenly light.

# *The Heaven opened*

The cool breeze kissed rosy petals,
And scattered its melody over the Green-
land.
It cherished me and whispered.
The heavenly drops touched my eyes,
And rooted into my heart.
The earth has odours wrapped me
And the divine drops shattered.
The green branches and the violet incense
Are glittered and pierced me
A chill entered into my heart,
To be wet with my poppy plant.



# കേരളത്തിന്റെ ഉയർത്തെഴുന്നേൽപ്പ്



**VISHNU. C**
*VIth Sem-B.Com B*

പ്രകൃതിയെ ഏറ്റവും അനുഗ്രഹീതം എന്ന് വിശേഷിപ്പിച്ച നമ്മുടെ നാടിനെ വേട്ടയാടിയ ദിനങ്ങളായിരുന്നു നമുക്ക് മുന്നിൽ ഒരു സിനിമപോലെ പ്രത്യക്ഷപ്പെട്ടത്. ചരിത്രത്തിലൊരുക്കാലത്തും അനുഭവിക്കാത്ത ദുരിതാവസ്ഥയിലൂടെയായിരുന്നു കടന്നുപോയത്. അതിക്രൂരമായ മഴയും വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലും, മണ്ണിടിച്ചിലും, സംസ്ഥാനത്ത് നൂറ്റാണ്ടിൽ ഏറ്റവും വലിയ ദുരന്തം. ഓർമ്മയുടെ ചരിത്രത്തിൽ നിന്നും ഓർത്ത് വെച്ച് അടുത്ത തലമുറയോട് ഈ കഥപറയാം....

മഴ നിർത്താതെ പെയ്ത് ദിനങ്ങളെക്കുറിച്ചും നാടിനെ ഭീതിയിലാഴ്ത്തിയ കാലത്തെക്കുറിച്ചും നാം ഓർമ്മയാവുന്നതുവരെ ഓർത്തുകൊണ്ടേയിരിക്കും. ഒരു ചെറിയ നിമിഷത്തിനുള്ളലായിതീർന്ന വലിയ ദുരന്തം നമുക്ക് മുന്നിൽ അലയടിച്ചു വന്നത്. മഴയുടെ ശക്തികൂടുകയും നിരന്തരമായി ദിവസങ്ങൾ ആർത്തുപെയ്യുകയും, ചെയ്ത നിമിഷത്തിൽ അണക്കെട്ടുകൾ സ്വാഭാവികമായി തുറക്കുകയും, സമീപ പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും ചെയ്തു. മുഴുവൻ ജില്ലകളിലും റെഡ് അലർട്ട് പ്രഖ്യാപിച്ചു. പത്ത് ദിവസങ്ങൾക്കുള്ളിൽ ഇരുന്നൂറിലധികം മരണങ്ങൾ, ആയിരങ്ങളെ കാണാതാവുകയും, തകർന്നിടിഞ്ഞത് അനേകം കെട്ടിടങ്ങൾ, ഒന്നിനുപുറകേ ഒന്നായി വന്ന ശക്തമായ പേമാരിയിൽ മുങ്ങിത്തീരുകയായിരുന്നു കേരളം. ഈ അവസ്ഥയിൽ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങുകയും, രക്ഷപ്പെടുത്തിയും, നഷ്ട്ടപ്പെട്ടുപോയ ജീവനുകളുടെ കാര്യവും, ജീവിതത്തെക്കുറിച്ചുള്ള കുരുതിലനെ വളരെ ഉത്തരവാദിത്വബോധത്തോടെ നമ്മൾ മുന്നേറിക്കൊിരുന്നു. ജീവിതത്തിലെ സർവ്വതും നഷ്ടപ്പെട്ട് തെരുവിലാക്കപ്പെട്ടത് പതിനായിരക്കണക്കിന് മനുഷ്യർ. ഉള്ളവനും ഇല്ലാത്തവനും ഒരുപോലെയായിരുന്ന അവസ്ഥയിലായിരുന്നു കാണിച്ചുതന്നത്. ലക്ഷണക്കിനുപേർ ദുരിതാശ്വാസ ക്യാമ്പിൽ അഭയാർത്ഥികളെപ്പോലെ കഴിഞ്ഞിരുന്നു. എത്രയോ നാൾ കഷ്ട്പ്പെട്ടും, പണിയെടുത്തും, അഞ്ചും പത്തും ഒരുക്കൂട്ടിയും വെച്ച സാധാരണക്കാരുടെ ആകെയുള്ള സമ്പാദ്യം അവരുടെ വീടായിരുന്നു. അവിടെ ഇപ്പോൾ കാണുന്ന കാഴ്ച ഒഴിഞ്ഞുകിടക്കുന്ന ഒരു പറമ്പാണ്. ആവശ്യമുള്ള പല രേഖകളും നഷ്ട്ടപ്പെട്ടുപോയ ഈ അവസ്ഥയിൽ ദുരിതാശ്വാസ ക്യാമ്പിൽ ഒരു മനസ്സമാധാനവുമില്ലാതെ കഴിയുകയായിരുന്നു.

വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടുപോയവരെ രക്ഷിക്കാനും, ദുരിതാശ്വാസ ക്യാമ്പുകളിൽ വേണ്ട സഹായസംവിധാനങ്ങൾ ഏർപ്പെടുത്തുവാനും ബാക്കിയുള്ളവർ മത്സരിച്ചുകൊണ്ടിരുന്ന നാളുകൾ, ഇരച്ചുകയറിയ വെള്ളത്തിലേക്ക് സൈന്യത്തിനു മുമ്പ് നാട്ടുകാരും കുതിച്ചിറങ്ങിയപ്പോൾ സർക്കാർ സംവിധാനങ്ങൾ രാപ്പകൽ പ്രവർത്തിച്ചപ്പോൾ, കൂട്ടായ പ്രവർത്തനങ്ങൾ അത്യുജ്ജ്വല വിജയമാണ് സാധ്യമാക്കിയത്. ഭീതിയിലാഴ്ത്തിയ ഈ നിമിഷത്തിൽ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഇന്ത്യൻ ആർമിയും സ്വയമേ ഉത്തരവാദിത്വത്തോടെ അവരുടെ കർത്തവ്യം നിർവ്വഹിക്കുകയും ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്നും ആളുകളെ രക്ഷിക്കുവാനും കഴിഞ്ഞു. നല്ല മനസ്സുമായി ഓടിയെത്തിയ മനുഷ്യത്തൊഴിലാളികൾ ഏറെ കരുതലോടുകൂടിയും ഒറ്റക്കെട്ടായും പ്രവർത്തിച്ചു. ജാതിമതഭേദമില്ലാതെ പ്രവർത്തിച്ചപ്പോൾ വിശ്വസിക്കാൻ പ്രയാസം തോന്നും തരത്തിൽ നല്ല മനസ്സുകളെക്കുറിച്ചു ഓർത്തിരുന്ന നാളുകൾ. ഓരോ മനുഷ്യരുടേയും ആത്മവിശ്വാസവും ചങ്കുറപ്പുകൊും നമ്മൾ വിശ്വസിച്ചു കേരളം പഴയ അവസ്ഥയിലേക്ക് വരുമെന്നും പ്രതിസന്ധികളെ മറികടന്ന് ജാതിമതഭേദമില്ലാതെ ഒത്തൊരുമയോടുകൂടിയുള്ള മുന്നേറ്റം തന്നെയാണ് കേരളത്തിന്റെ ഉയർത്തെഴുന്നേൽപ്പ്.



KAMARUL JAMAL P K
*VI[th] Sem. BCA*

# നിലവിളികൾ

മഴയ്ക്ക് ശമനം വന്നു തുടങ്ങി. എന്നാലും ഈ പഴയ സ്കൂൾ കെട്ടിടത്തിലേക്കുള്ള ആളുകളുടെ ഓട്ടം നി ലച്ചിട്ടില്ല. മാധവൻ നായർ തന്റെ പേരക്കുട്ടിക്കുള്ള തിരച്ചിൽ ആ ആൾക്കൂട്ടത്തിനിടയിൽ തുടങ്ങി. പലരും അവിടിവിടെയായി ചുരുണ്ടുകൂടി കിടക്കുന്നു. കണ്ണീര് വറ്റിയ മുഖങ്ങളായിരുന്നു ഏറെയും. ചിലർ നഷ്ടപ്പെട്ടുപോയ ബന്ധുക്കൾ തിരിച്ചു വന്നതിൽ സന്തോഷിക്കുന്നു. മാധവന് തന്റെ പേരക്കുട്ടിയെ ആ കൂട്ടത്തിൽ കാണാനായില്ല. പെട്ടെന്നുണ്ടായ ഇടിമുഴക്കത്തിൽ അമ്മയെ വിളിച്ചു അലറിയ ഒരെട്ടുവയസ്സുക്കാരന്റെ ശബ്ദം മാധവന്റെ കാതുകളെ അസ്വസ്ഥനാക്കി. ഒപ്പം പ്രതീക്ഷയും.... ശബ്ദം കേട്ടദിക്കിലേക്ക് ഓടിച്ചെന്നു. വരാന്തയിലെ ഭിത്തികളിലൊന്നിൽ കെട്ടിപ്പിടിച്ചിരുന്ന ഒരു കൊച്ചുപയ്യനെ മാധവൻ കണ്ടു.

"മോനെ.... ഗോകുലേ... "

വിറയാർന്ന ചുണ്ടുകളും കലങ്ങിയ കണ്ണുകളുമുള്ള ആ പയ്യൻ നരബാധിച്ച മുഖത്തേക്ക് നോക്കി.... വറ്റിയ കണ്ണീരിൽ നിന്നൽപ്പമൊറ്റിച്ചവൻ മാധവന്റെ കൈകൾക്കിടയിലേക്ക് ഓടിച്ചെന്നു...

" മുത്തച്ഛാ.... എനിക്കെന്റെമ്മയേയും അച്ഛനേയും കാണണം...." മുട്ടുകുത്തി തന്റെ ശരീരത്തിലേക്കടുപ്പിച്ച് മാധവനവനെ കെട്ടിപ്പിടിച്ചു. ഒരു കൊച്ചു കുഞ്ഞിനെ പോലെ അയാൾ മനസ്സിൽ തേങ്ങിയിരുന്നു.

" എനിക്കമ്മയേയും അച്ഛനേയും കാണണം..."

" അവരൊക്കെ നിന്നെയും കാത്ത് വീട്ടിലുണ്ട്... വേഗം വാ...."

പ്രതീക്ഷയോടെ മുത്തച്ഛന്റെ കൈപിടിച്ചവൻ ആ വരാന്തയിലൂടെ നടന്നു നീങ്ങി. അൽപം മുമ്പ് പരിച

യപ്പെട്ട മുഖങ്ങളോട് യാത്ര പറഞ്ഞവൻ ആ പഴയ കെട്ടിടത്തിന്റെ പുറത്തേക്ക് നീങ്ങി.

" നമ്മുടെ വണ്ടിയെവിടെ മുത്തച്ഛാ..."

" വീട്ടിലുണ്ട്... റോഡൊക്കെ ചെളിയല്ലേ.... അതാ എടുക്കാത്തെ.. മോന് വെശക്കുന്നില്ലേ... നമുക്കാദ്യം എവിടെ നിന്നെങ്കിലും ചായ കുടിക്കാം... വാ..."

മാധവൻ അവനെ തന്റെ തോളിലേറ്റി... തൊട്ടടുത്ത ചായക്കടയിലേക്ക് ചെന്നു.

" കഴിക്കാനെന്തെങ്കിലും... "

" ദോശ, ഇഡ്ഡലി, പുട്ട്..." കടക്കാരൻ പ്രതികരിച്ചു.

" ഇഡ്ഡ്ലി എടുത്തോളൂ ഒരു പ്ലേറ്റ്...."

" മുത്തച്ഛന് വേണ്ടെ...."

" ഞാൻ കാലത്ത് കഴിച്ചതാ... ഇപ്പോ മോൻ കഴിക്ക്...."

ഇഡ്ഡലിയും സാമ്പാറും മുന്നിലെത്തിയപ്പോൾ വിശപ്പുകൊണ്ടവനാദ്യം തന്നെയത് കുഴച്ച് പരുവമാക്കി. കഴിക്കാൻ നേരം..

" അമ്മയും അച്ഛനും എന്തേ എന്നെ കൂട്ടാൻ വരാത്തെ...."

" ഞാനാ പറഞ്ഞതവരോട് വരണ്ടാന്ന്... അവർക്ക് ക്ഷീണം കാണില്ലേ... അവരുറങ്ങട്ടെ...."

ഗോകുൽ തലയാട്ടിക്കൊണ്ട് പ്ലേറ്റിലേക്ക് നോക്കി. കുഴച്ചു കൊണ്ടിരുന്ന ഇഡ്ഡലിയെ അവൻ നോക്കിയിരുന്നു. അവന്റെ ചിന്തകൾ അവസാനമായി ഒന്നിച്ചിരുന്നു കഴിച്ച ആ രാത്രിയിലേക്കായിരുന്നു. അവന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത ആ രാത്രി...

മഴയത്ത് വരാന്തയിൽ അച്ഛനെ നോക്കിയിരിക്കുകയായിരുന്നു ഗോകുൽ. അകത്ത് രാത്രിയിലേക്കുള്ള ഭക്ഷണം പാകം ചെയ്യുന്ന അമ്മ. ഇടയ്ക്കിടെ വരാന്തയിൽ നിന്ന് മകനോട് അകത്തേക്കിരിക്കാൻ പറയുന്നുണ്ടായിരുന്നു. മഴയുടെ ശബ്ദം കാരണം അവനത് കേട്ടിരുന്നില്ല. പതിവിനു വിപരീതമായി ഗേറ്റിലൂടെ ബൈക്കിലല്ലാതെ അച്ഛൻ ഓടിവരുന്നു.

" അമ്മേ അച്ഛൻ വന്നു..."

" പനി പിടിക്കും. ഇവിടെ ഇരുന്നാൽ... കേറിവാ... "

ഗോകുലിനെ കൈപിടിച്ച് അവന്റെയച്ഛൻ അവനെ വീടിനകത്തേക്ക് കൊണ്ടുപോയി. ലൈറ്റടിക്കുന്ന കളിത്തോക്ക് നനഞ്ഞ ബാഗിനുള്ളിൽ നിന്ന് അച്ഛന് അവൻ കൊടുത്തു. അകത്തു നിന്ന് തോർത്തുമായി അവന്റെ അമ്മ വന്നു.

" എന്താ വൈകിയത്... " തന്റെ ഭർത്താവിനെ തോർത്തികൊണ്ടവൾ ചോദിച്ചു.

" നല്ല മഴി... വണ്ടിയൊന്നും റോഡിലൂടെ പോവില്ല... പലേടത്തും വെള്ളം കയറിക്കിടക്കുന്നു... നമുക്ക് നാളെ തറവാട്ടിലേക്ക് പോകാം.... "


പെട്ടെന്നൊരു ഇടിമുഴക്കത്തോടുകൂടി കറന്റ് പോയി... അച്ഛൻ കൊവന്ന കളിതോക്കിന്റെ ലൈറ്റ് അവിടെ മിന്നി മറഞ്ഞു. മെഴുകുതിരി വെട്ടത്തിൽ അവർ പെട്ടെന്നുതന്നെ ഭക്ഷണം കഴിച്ചു. കിടക്കാൻ പോയി.. രാത്രി ഏറെ വൈകി എവിടെ നിന്നൊക്കെയോ നിലവിളികൾ കേട്ടാണ് ഗോകുൽ എഴുന്നേറ്റത്. എങ്ങും ഭയപ്പെടുത്തുന്ന ഇരുട്ട്.... ഏതോ രണ്ട് കൈകൾ തന്നെ എടുത്തു കൊണ്ടു പോകുന്നു.... ചുറ്റും വെള്ളത്തിലൂടെ ഓടുന്നതിന്റെ ശബ്ദവും ആരുടെയൊക്കെയോ നിലവിളികളും... അവന്റെ ശരീരമാകെ നനഞ്ഞിരിക്കുന്നു. ഇപ്പോ... താൻ തന്റെ വീട്ടിലല്ല...! പെട്ടെന്നെന്തോ ഒരച്ചയോടുകൂടെ അവനെ തോളിലേറ്റിയയാളും അവനും നിലത്തുവീണു.... ബോധം വന്നപ്പോൾ അപരിചതരായ ഒരു പാടുപേർക്കിടയിൽ താൻ.....

" നീ എന്താ കഴിക്കാത്തെ.... "

" എനിക്ക് വേണ്ട.. ഞാനമ്മയോടൊപ്പം കഴിച്ചോളാം...."

മാധവൻ നിർബന്ധിച്ചവനെ കഴിപ്പിച്ചു. അവനോടെന്തൊക്കെയോ പറയാനുണ്ടായിട്ടും, ഒന്നും പറയാതെ അവനെയത് മുഴുവൻ കഴിപ്പിച്ചു...

തറവാട്ടുമുറ്റം മുഴുവൻ ആളുകൾ.... പരിചിതവും അപരിചിതവുമായ മുഖങ്ങൾ... അകത്ത് നിന്ന് പരിചിതമായ സ്വരത്തോടുകൂടിയ നിലവിളികൾ... വരാന്തയിൽ വെള്ള തുണി പുതച്ച് രണ്ടുപേർ കിടക്കുന്നു. മുത്തച്ഛൻ അവനെ തോളിൽ നിന്നിറക്കി.. അവൻ പുതച്ചു കിടന്ന ശരീരത്തിനടുത്തേക്ക് നീങ്ങി. അടുത്തിരുന്ന ആരോ ആ പുതപ്പൊന്നൽപം നീക്കി.., അമ്മ.. അച്ഛൻ..... വറ്റിയ കണ്ണീരിൽ നിന്നൽപ്പം പോലും കടമെടുക്കാനാവാതെ അവൻ അവരെ നോക്കി നിന്നു... അവസാനമായി...




**RUBY RUKSANA**
*IVth Sem-B.Com CA*


# भीगी हुई बारिश



दुनिया की इस खूबसूरत बारिश के देखो,
कितना सुांदर है, इस बारिश का पानी ।
इस बारिश में पूरि तरह भीगी हुई मैंने ।।
मेरी औखों इतना प्यार करती है कि
मेरी नयनों से औसू की बारिश आती है ।
मेरी औसु असमार में उअकर
बिरिश बनकर मुझपर गिरकर
मुझे मुहब्बत करने नगा ।।
एक श्री होने के कारण
इसी तरह एक बारिश में,
भिगी हुई थी मेरी मान-सम्मान,
उस दिन मेरी औंसु बारिश बनाकर,
नदि में जाकर खेलने लगा ।
आज दुनिया श्री का
माल शम्मान पें खेला ।
इस दुनिया मे मेरी,
औंसु को कोई मूलय नहीं है ?
मेरी गलती क्या थी ?
मैं एक श्री हूँ ।
भीग गायी मैंने इस बारिश में
एक पानी के तरह ।
मेरी आवाज डुबा दिया इस दुनिया ।
धर की चार दिवारो पे
बंद किया मेरी औंसु को ।
आज मैं अपने औंसु से प्रेम किया
क्योंकि आज वो है मेरी शाथी ।
मेरी औंसु मुझे इतना प्यार करती है कि,
वो मुझे छोडना नही जानता ।
मैं भीग रही हैं इस बारिश में ।
मेरी तरह कितना श्री भिग रही है,
इस बारिश की पानी में ।। ।।
डद्वडन्र डद्वत्त्म्ठ्ठदठ्ठ. क
ड्ढद्धड्ड ए.क्दृ४ क्ऋ

# आँसू





**ADITHI RAJ**
*II[nd] Sem-B.A. English*

हे ऑसू ।
मत गिर मेरे लल्ला पर
उसे अंधरो से बहूत डर है
हॉं, हे मेरे साया उस पर
पर तेरा गिरन उससे न सह पाएँगी
हे आसूँ ।
मत गिर मेरे ल्लला पर
हे नहि मेरे तन उसके नाल
पर हे मेरे मन् उसके नाल
पर तेरा गिरना उससे न सह पाएँगी
हे ऑसू ।
मत गिर मेरे ल्लला पर
हॉं, छोड दिया ते क्यो हूआ
न तेखा जा रहा होगा मेरा गम
पर तेरा गिरना उससे न सह पाएँगी
हे आसूँ ।
मत गिर मेरे लल्ला पर
नं सेया करती यी, मेरी लेरी के बगैर
लोरी नहीं तौ क्या, हे मेरे छायों के लकीर उस पर
पर तेरा गिरना उससे न सह पाएँगी
हे आसूँ ।
मत गिर मेरे लल्ला पर
मॉं का दिल चाहना है,
कि उसके बैटा कहीं भी हो,
केसे भी हो, सुरा हो ।

हे आसूँ ।
मत गिर मेरे लल्ला पर
तेरा गिरना उस पर शाप पडेगा,
न गीर मेरे लल्ला पर, बह सह नहीं पाएँगी ।



**ATHIRA. N**
*IVth Sem- BSc.Physics*

# യാത്ര



നിദ്രതൻ മടിത്തടിലിടം നേടവെ
ഗതകാല സ്മരണകളെന്നിലെ നൊമ്പരമായ്
നിൻ പ്രണയാഗ്നിയിൽ
ലയിച്ചഞാനെന്നിലെ ദൈവത്തെ
വിസ്മരിച്ചിന്നിതാ
എൻ പ്രാണൻ വെടിഞ്ഞു നിൽപ്പൂ
എൻ ഘാതകനതാ ഇരയെ തേടി നടപ്പൂ
എന്നാലിന്നതിൽ നഷ്ടത്തെ പേറുന്നു എൻ പ്രിയ
അമ്മതൻ അമൃതായ സ്നേഹമറിഞ്ഞതില്ല ഞാൻ
നിന്നിലെ കപട സ്നേഹത്താൽ
പിതാവിന്റെ സുഗന്ധമറിഞ്ഞതില്ല ഞാൻ
നിന്നിലെ നറുസുഗന്ധത്താൽ
ഇന്നെന്നോട് തന്നെ ഞാൻ ലജ്ജിപ്പൂ
എന്തിനെന്നറിയാതെ ദേഹം വെടിഞ്ഞതിന്.

# ബൂമറാംഗ്



## ചക്ക

(എന്റെ ചക്ക എന്ന കവിതാസമാഹാരത്തിൽ നിന്നും)


**അങ്കണത്തൈപ്ലാവിൽ നിന്നാ**
**ദ്യത്തെ ചക്ക വീഴ്കെ**
**അച്ഛൻ തൻ നേത്രത്തിൽ**
**നിന്നുതിർന്നു ഉപ്പു കണ്ണീർ**

NB: നിയമപ്രകാരമുള്ള മുന്നറിയിപ്പ് ഇത് എന്റെ സ്വന്തം കവിതയാണ്. ആരും കോപ്പിയടിക്കാൻ ശ്രമിക്കരുത്.

(ട്രോളല്ല.. അങ്ങിനെ തോന്നിയാൽ തികച്ചും യാദൃശ്ചികം മാത്രം.)

## ചരിത്രസ്ത്രീകൾ





# THE LAST PAGE


ഇവിടെ പ്ലാൻ ബി പൂർണ്ണമാകുന്നു
എന്റെ മരണവും...
എന്നാൽ ഈ ശവപ്പെട്ടിക്കുള്ളിൽ
ഞാൻ ഒതുങ്ങുന്നില്ല...
എനിയ്ക്ക് തിരിച്ചു വരണം...
എനിയ്ക്കു വേണ്ടി കരഞ്ഞു
കണ്ണീരൊഴുക്കിയവരുടെ കണക്കെടുക്കണം,
കൂടെ കരയണം...
ചിലരോട് മാറ്റിവെച്ച ചില
കണക്കുതീർക്കണം..., പേടിപ്പിക്കണം...
മേലാൽ മരിച്ചുപോയേക്കരുതെന്ന്
വാശിപിടിച്ചവരോട് അടിയുണ്ടാക്കണം...
മിണ്ടാതിരിയ്ക്കണം
തോൽപ്പിയ്ക്കാൻ തുനിഞ്ഞവരെ
നോക്കി
കൊഞ്ഞനം കുത്തണം...
ഒന്നുറക്കെ പൊട്ടിച്ചിരിക്കണം...
ജീവിതത്തിന്റെ പ്ലാൻ സിയുമായി
ഞാൻ തിരികെ വരും
തീർച്ച...!

# ചിത്രകം



**VAISHNAVI. T**
*VI[th] Sem-B.Com A*







**JAMSHEELA. C**
*II[nd] Sem-B.A Economics*



**VAISHNAVI. T**
*VIth Sem-B.Com A*



**JAMSHEELA. C**
*II^nd Sem-B.A Economics*



# ECONOMICA

Economics Association conducted several programmes in the academic year 2018-2019. Association was inaugurated by Ms. Raseena (Assistant Professor, Department of Economics- SNGS College, Pattambi) with seminar session on the topic “The Changing Nature and Contemporary Relevance of Economics”, in the esteemed presence of Fr. Jose Parayil. Quiz, seminar, debate, paper presentation completion, ‘JOGO BONITO’ intercollegiate Quiz tournament are few among the various activities of the associations.

# HISTORY ASSOCIATION

History association was inaugurated by Dr. Musthafa Kamalpasha (HOD of department of history P.S.M.O. College, Thirurangadi) on 30th august 2000 with the blessings of Rev. Fr. Jose Mathew Parayil CFIC.

History association stands for the total development of students in academic and non-academic areas and to spread value based education. The association has conducted several programmes like seminar presentation on archaeology, Onam celebration, Christmas celebration and a study tour to Puducherry and Mahabalipuram. It continues its voyage with the immense support and co-operation from the teachers and students.

# SAPS

**St.Marys Association of Psychology Students**

During the academic year 2018-2019, psychology association of St.Marys College was extremely vibrant with a sequence of activities. Students conducted Fresher’s day ‘ALOHA’ on 24 July 2018. “ZEPHYR 2K18” the association's inaugural ceremony was conducted on 25 September 2018. It was inaugurated by Fr. Rony Kavil. Ms.Shahariya of 4th semester was elected as the Association Secretary for the year 2018-19. Clinical and consultant psychologist Mr.Akhil lectured an orientation class. The dept. conducted a quiz competition and memory test in association with the World Mental Health day on 10th October 2018. Consultant psychologist Ms.Nehla Nihmath lectured a class on mental health. During the academic year 1st years students visited an old age home 'Abhayam' and 2nd year students visited CHL hospital.

## SPINTA
### COMMERCE ASSOSCIATION

SPINTA's curtain raiser programme of this academic year was begun with a colorful world cup quiz competition in the month of July 2018. Students from all classes participated with an enthusiasm and sportsman spirit.

The official inauguration of SPINTA 2019 was on 13th November 2018. Inauguration was done by a very special guest Mr.Thorappa Mustafa, proponent of Retrofix wheel attachment of cars. His sharing of experience really motivated the students. Thereafter, the students staged various entertainment events.

Our students participated in various management fests sponsored by well known management institutions in Kerala.

## RREZATIM
### PHYSICS ASSOCIATION

The association programe in the year 2018-2019 had been conducted successfully with great enthusiasm; students of the department conducted various informative programmes in this academic year. The department conducted an essay competition for the students of college on 4th October 2018 in connection with Space Week. The Inauguration of physics association "Rrezatim" of the academic year was held on 22nd November 2018. 'Rrezatim' means "Radiation" as the name suggests, Physics Association is the emission of energy for the blooming students of the department. The chief dignity of the day were Mr. Sidhartha, Radiologist (MJKM, Cancer research Centre, Alappuzha) and Prof. Hind (HOD of MED college, Mampad). And we are planning to conduct science fair in accordance with science day.

## AMALIT
### ENGLISH ASSOCIATION

The English Association of St. Mary's College was inaugurated by Dr. P.K. Babu (Principal of MES College, Mampad and a renowned English Teacher) on 10th October 2018, with the presence of Fr. Jose Parayil (Principal of the college), Prof. P.P. John (HOD of Department of English) and Hari Prasad (Association Secretary). The programme of the association has begun with a spectacular exhibition of painting by the students of the association and has continued its legacy with some vibrant programmes like 'Spell Bee' and 'Inter Department Film Quiz'.

## Physical Education

ആരോഗ്യബോധമുള്ള ഒരു വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഫിസിക്കൽ എജുക്കേഷൻ ഡിപ്പാർട്ട്മെന്റ് കോളേജിൽ പ്രവർത്തിക്കുന്നത്. എല്ലാ വർഷവും നടത്തുന്ന വാർഷിക കായികമേള സന്തോഷ് ട്രോഫി താരം അഫ്ദാൽ മുത്തു ഉദ്ഘാടനം ചെയ്തതോടൊപ്പം മറ്റൊരു പുതുമയാർന്ന തുടക്കത്തിന് ഈ വർഷം സാക്ഷിയായി. St. Marys Premier League (SPL Season 1). 6 ടീമുകൾ വീറോടെ ഏറ്റുമുട്ടിയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ Cheers Pulikkattil കലാശപോരാട്ടത്തിൽ Brozodians നെ തോല്പിച്ച് പ്രഥമ ചാമ്പ്യന്മാരായി.

# MATHELETES

## MATHS ASSOSCIATION

The Mathematics Association of St. Mary's College conducted various sessions for the students in this academic year 2018-19.

The association initiated the programme with a Seminar related to the topic "Mathematics-Higher Studies at Premier Institute in India" conducted by Mr.Mohammed Nishad (Assistant professor- Farook college). And also a film festival "Mathflix '18" was conducted by showing various films related to mathematics, great mathematicians and social relevance to inspire students.

All the programme were grand success with the support of students and all teachers.

# മലയാള വേദി

ഭാഷയ്ക്കും സംസ്കാരത്തിനും മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാതൃഭാഷയുടെ മഹത്വം വരും തലമുറയ്ക്ക് പകർന്നുകൊടുക്കുക എന്ന ഉദ്ദേശത്തോടുകൂടി 21 വർഷങ്ങൾക്കുമുമ്പ് പ്രശസ്ത നിരൂപകൻ സുകുമാർ അഴിക്കോട് തിരിതെളിച്ച് ഉദ്ഘാടനം ചെയ്ത മലയാള വേദി.

ഈ വർഷം മലയാളവേദി അതിന്റെ വാർഷികം അതിവിപുലമായ പരിപാടികളോടെ ആഘോഷിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ: ഫാ. സജി മുതിരേന്തിക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ പിന്നണി ഗായകനായ ശ്രീ. പ്രിയദർശൻ മുഖ്യാതിഥിയായിരുന്നു. നിരവധി സാമൂഹിക –സാംസ്കാരിക നായകന്മാരുടെ സാന്നിധ്യം സദസ്സിന്റെ മാറ്റ് കൂട്ടി.

ക്യാമ്പസ് നൃത്തസംഘം അവതരിപ്പിച്ച ഫ്യൂഷൻ റൗണ്ട്, ഗായകസംഘമായ മലയാള മാധുരി ഓർക്കസ്ട്ര സംഘടിപ്പിച്ച സംഗീത വിരുന്ന്, രംഗകലയുടെ വിസ്മയം സൃഷ്ടിച്ച 'തളപ്പ്', കോൽക്കളി എന്നീ പരിപാടികൾ ഈ വർഷത്തെ മലയാളവേദി വാർഷികോത്സവത്തെ ധന്യമാക്കി.

# എൻ. എസ്. എസ് പ്രവർത്തന റിപ്പോർട്ട്

സാമൂഹിക പ്രതിബദ്ധതയുള്ള യുവ തലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോളേജിൽ എൻ. എസ്. എസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നത്.

മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ വിപുലമായ പ്രവർത്തനങ്ങളാണ് എൻ. എസ്. എസ് ന്റെ നേതൃത്വത്തിൽ നടപ്പാക്കിയിട്ടുള്ളത്. അതിലേറ്റവും പ്രധാനം അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും, പൂർവ്വ വിദ്യാർത്ഥികളുടേയും, സഹകരണത്തോടെ നിർമ്മിച്ചു നൽകിയ സ്നേഹവീടാണ്. ബഹു. മന്ത്രി. കെ. ടി. ജലീൽ വീടിന്റെ താക്കോൽ ദാനം നിർവ്വഹിക്കുകയുണ്ടായി.

കേരളത്തെ പിടിച്ചു കുലുക്കിയ മഹാപ്രളയത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഒരു ലക്ഷത്തോളം രൂപ പിരിച്ചെടുത്തു. എൻ. എസ്. എസ് ക്ലസ്റ്റർ തല ആർട്ട്സ് മത്സരങ്ങൾക്ക് ആതിഥേയത്വം വഹിയ്ക്കാനും ഈ വർഷം ഭാഗ്യമുണ്ടായി. പരിസ്ഥിതി ദിനത്തിൽ 500 വീടുകളിൽ വൃക്ഷത്തൈ വിതരണം, # I Challenge Plastic Campaign ന്റെ ഭാഗമായി നടന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ശേഖരണം, പെരിന്തൽമണ്ണ KSRTC ബസ് സ്റ്റാന്റ് ക്ലീനിങ്ങ്, എയ്ഡ്സ് ദിന ബോധവത്കരണ റാലി തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് എൻ. എസ്. എസ് ഏറ്റെടുത്ത് നടപ്പാക്കിയത്. ഈ വർഷം പരിസ്ഥിതി പഠന ക്യാമ്പ് നിലമ്പൂർ വെച്ച് നടത്തി.

ST. MARY'S COLLEGE

# Annual Report 2018-19



**Fr. Jose Mathew Parayil CFIC**
Principal

I am extremely happy to present the Annual report of St.Marys College for the academic year 2018-2019. St. Mary's College is an educational institution owned and run by the Congregation of the Sons of the Immaculate Conception (CFIC) founded by blessed Luigi Maria Monti in 1857.The college was established in the year 1996 and it was affiliated to the University of Calicut in 2010.

The 22nd academic year commenced on 12th June 2018. Regular classes for all batches started on this day except for the first year students. Classes for the first year students started on 2nd July 2018.

## Courses offered.

The college offers 13 affiliated courses such as BA English, BA Economics, A History, Bsc Physics, Bsc Maths, Bsc Psychology, BCA, BBA, Bcom computer, Bcom co-operation, Bcom finance, Mcom finance and MA English. It also offers various private courses in different disciplines.

## Staff & Students

The success of an educational institution depends on its teachers and students. The greatest asset of St. Mary's College is the dedicated staff and well disciplined students. We have 77 teaching staff and 18 non teaching staff. The total number of students in various subjects is 1480.

## Infrastructure facility

Class rooms- Our college is having well equipped 50 class room with white board lecture stand, fans, light and necessary seating arrangement for students.

Seminar hall – There are two well arranged seminar halls with necessary seating arrangement, projector, white board etc. in our institute.

Auditorium – Our College is having an auditorium with a seating capacity of 1000 persons and above.

Rest rooms-We provide sufficient number of rest rooms for both boys and girls.

Computer lab- There are two well furnished computer labs equipped with 150 computers.

## Physics lab

We provide a spacious and well equipped Physics lab which enables each student who opts for Bsc Physics programme to gain the proper and adequate exposure to the world of experimental Physics.

**Psychology Lab**: We also have a well equipped psychology lab for facilitating the study of students of Psychology.

Library – The College is equipped with a very good library with a well furnished hall and more than 30000 books dealing with different subjects. Besides these books a number of periodicals, journals and news papers are available at the disposition of students.

Play ground - The College is having a standard size play ground for the student's Physical training.

## Academic Performance

### Examination and Results

To evaluate the educational progress of the students, various examinations, Seminar presentation, assignment work, and project evaluations were conducted. PTA meetings were held after each model examination in which the class teacher meets the parents and students individually, to discuss further proceedings to improve their results. All departments conducted motivation classes, seminars and training programmes for the students according to the relevance. Our students have always produced good results in the University examinations. This year, Ms.Sreelakshmi, our student got the first rank in MA English Literature provided by the University of Calicut.

### Discipline and values

We maintain a serious academic system blended with discipline and values by the guidance of HOD's of various departments. Our college is providing counseling and guidance to the students according to their needs.

**Associations:** Various associations such as Commerce Association (SPINTA), English Association (DIACHRONOS), Economics Association (ECONOMICA), Computer Association (TECHNOCRACY), History Association, Physics Association, Maths Association (MATHLEITE), Psychology Association, Malayalam Association (MALAYANMA) and Hindi Association (AAVAS) are functioning our college in accordance with the purpose for which they are formed.

## CO-curricular activities

- Anti –Ragging Cell- The Anti-ragging cell is very active in our college and doing its responsibility very effectively.
- Anti-Narcotic Cell- We have formed an Anti-narcotic cell which has conducted various awareness classes for students.
- Women Cell-The main objective of women cell is to act as a catalyst for the empowerment of women in our college. The major focus of the cell is to give awareness and develop consciousness among girls.
- College Union- College union election of the present academic year was held on 3rd September 2018, under the leadership of Mr. Narayanan, the returning officer and under guidance of Mr. Rafi, the union advisor. The college union could organize various activities and celebrations during this year.

**NSS Unit**-The NSS activities are aimed at imparting a sense of involvement among the students for the task of nation building. NSS unit performed various activities under the guidance of NSS coordinator Mr. Abdul Navas and Mr. Prasanth. One week residential camp was conducted under the leadership of Mr. Navas during the Christmas holidays. The camp was helpful to awake in the students a sense of social consciousness being an India citizen. As a

part of the Silver Jubilee celebration of the University of Calicut, the N S S unit of St. Marys College has constructed a house (Snehaveedu programme) for a needy person collecting fund from the students, the alumni and well wishers. Mr. K.T Jaleel, the honourable Minister for Higher Education inaugurated and handed over the key of newly constructed house “Snehaveedu” to the beneficiary.

**Onam celebration**- This year Onam celebration was conducted in a very simple way, conducting an “Onam Sadhya” for the teachers and final year students. The amount of money saved from the celebration has been donated to the Flood Relief Fund.

**Annual athletic meet.** The annual sports meet of our college was held on 8th November 2018 in our college ground. Great interest and participations were observed among the students. Afdal Muthu, from Kerala blasters team was the chief guest of the occasion.

**Christmas & New Year celebration**
On 21st December the students and staff together with the management celebrated Christmas and New Year with Christmas carol. Our Provincial councilor Fr. Mathew Pathiplackal delivered Christmas message to students and staff.

**Arts fest**-The academic schedule of the college is arranged in such a way that the students get sufficient opportunities to develop themselves through various extracurricular activities. The arts festival of the present academic year was held on 16 th and 17th January 2018.

**Malayalavedi**-“Malayalavedi” is the pioneer association in the campus which was inaugurated in the year 1998 by Dr. Sukumar Azhikode.The Association was formed with the purpose of developing literary talents of the students in the Malayalam language and introducing traditional art forms of Kerala. The 19th anniversary of Malayalavedi was inaugurated by the play back singer Sri. Priyadarsan on 19th January 2018.

**Study tour**-Every year we conduct study tour for the final degree students. This year also it was conducted for the different batches of final degree students to various places of importance.

**College magazine**-The college magazine is published every year with selected writing from the students. Student’s initiative in this respect is priseworthy. It always enriches the student’s talents and innovative skills.

### *A Word of Thanks*.

It is my privilege to take this occasion to express my sincere thanks to all those who have given their valuable support and guidance in smooth running of the institution. I am grateful to the Provincial and his counsillers of CFIC Congregation for their valuable support and encouragement. I thank each and every member of CFIC India, especially all the members of Luigi Bhavan community for their support. I also convey my sincere thanks to the teaching and non teaching staff of St. Marys College for rendering their sincere and committed service to the college. I use this occasion to thank all the students, parents, benefactors, vvfriends and the public of Puthanangadi for their cooperation in the smooth running of this institution. THANK YOU all.


സ്വാതന്ത്ര്യാടോ
തൊന്നുണ്ട് വല്ലഭായിന്റ് രവിന്റ് ഓലൊക്കെകൂടീട്ടാണൊല്ലോ ഇന്ത്യക്കിത് നേടിക്കൊടുത്തത്.
എന്ത് ?
ബിപ്ലവകാരി
മുത്താണ് മുസ്തഫ
നീലക്കുറിഞ്ഞി
Thug Life
സങ്കീർത്തനം
ചരിത്രകാരൻ
മേഘ ധാക്കാ താരാ..
സുബിനോ ഭവന്തു
അസ്വോ.....ഈ വെരി ബെറി സ്ട്രോബെറി എങ്ങനെണ്ട് ?
എന്താന്നറിയില്ല ആകെപ്പാടെ ഒരു സ്ട്രോബറീടെ ചൊയ
പിക്ക പിക്കാ പിക്കാച്ചു...

# Selfie 2016-19

BSc. PHYSICS



BCA



BSc. MATHS



LIKE . COMMENT . SHARE

**B.COM FINANCE**



**B.COM C.A**



**BBA**



B.A ENGLISH



B.A ENGLISH PVT.



B.A HISTORY



LIKE . COMMENT . SHARE

B.A ECONOMICS



M.A ENGLISH



M.COM



B.COM - A



B.COM - B



B.COM - C









M
06
M
02
2K19




മലയാളവേദി
ST. MARY'S COLLEGE


DOMINO
2K18


250
237
213
114
15





ST. MARY'S PREMIER LEAGUE

SPL

Season - 1















# Sportstars



കാലിക്കറ്റ് യൂണിവേഴ്സിറ്റി B-Zone കായികമേളയിൽ കോളേജിന്റെ ചരിത്രത്തിലാദ്യമായി പ്രീക്വാർട്ടറിലെത്തിയ ഫുട്ബോൾ ടീം



കാലിക്കറ്റ് യൂണിവേഴ്സിറ്റി B-Zone കായികമേളയിൽ ക്വാർട്ടർ ഫൈനലിലെത്തിയ വോളിബോൾ ടീം.



# കാലിക്കറ്റ് യൂണിവേഴ്സിറ്റി
# C -ZONE 2019
# സെന്റ് മേരീസ് കുടുംബത്തിന്റെ
# അഭിനന്ദനങ്ങൾ




കഥകളി സംഗീതം : 1st
ക്ലാസിക്കൽ മ്യൂസിക്ക് : 1st
ലളിതഗാനം : 3rd
കവിതാപാരായണം : 3rd



NAVANEETHA PRAVEEN

കഥകളി സംഗീതം : 1st
ലളിതഗാനം : 1st



MEGHA R.K

സുഷിരവാദ്യം : 1st



BANSULY SAMYUKTHA

ഭരതനാട്യം : 2nd
ക്ലാസിക്കൽ ഡാൻസ് : 2nd
നാടോടിനൃത്തം : 3rd



HARIPRASAD TK

തുകൽ വാദ്യങ്ങൾ : 2nd




NIKHITHA HARICHAN

കഥാപ്രസംഗം : 3rd



FAHEEMA JABEEN

ചെറുകഥാരചന ഇംഗ്ലീഷ് : 3rd



NIRANJAN ALOOR - SREERAJ.E - MUHAMMED MUSTHAFA.KP



AKHIL JOSE, AKSHAY.N, ANASWARA.S.L, BILSON.K. PETER, GAYATHRI.M,PARVATHI.P.M,SHIMIJA.TS, VIMAL VINU, VYSHNAVI.K
GROUP SONG 3rd

## HIGHLIGHTS



**മുഹമ്മദ് നിഷാദ് കെ. ടി.**
ഗോവയിൽ വെച്ച് നടന്ന
INTERNATIONAL BEACH COMPAT GAMESൽ
ഇന്ത്യയെ പ്രതിനിധീകരിച്ച്
KUNG FU TAOLU
വിഭാഗത്തിൽ സ്വർണ്ണമെഡൽ ജേതാവ്



**അസ്ഹറുദ്ദീൻ. പി**
ഈ വർഷത്തെ തുഞ്ചൻ സ്മാരക
കവിതാ പുരസ്കാര ജേതാവ്

ലൈബ്രറി കൗൺസിൽ
സംസ്ഥാന തല വായനാ മത്സരത്തിൽ
മൂന്നാം സമ്മാനം



**ശ്രീലക്ഷ്മി**
കാലിക്കറ്റ് യൂണിവേഴ്സിറ്റി
പരീക്ഷയിൽ M.A English ഒന്നാം റാങ്ക്



സ്നേഹവീടിന്റെ താക്കോൽദാനം
മന്ത്രി കെ.ടി ജലീൽ നിർവ്വഹിക്കുന്നു.



# INCENTIO
## COLLEGE UNION




## ASSOCIATION MEMBERS




## YEAR REPRESENTATIVES



# EDITORIAL BOARD



എഡിറ്റർക്ക് മറവിരോഗം ബാധിച്ചോ എന്ന

ചോദ്യം ഞാനിപ്പോഴും മറന്നിട്ടില്ല

കോളേജിന്റെ ഇടനാഴികളിൽ പലപ്പോഴും

ആ ചോദ്യം ഉയർന്നു കേട്ടു

ഇതുവഴി വരുമോ നമ്മുടെ കോളേജ് മാഗസിൻ...?

നന്ദിയോതുവാൻ ഒരുപാട് പേരുണ്ട്...

വർഷം മുഴുവൻ പണിമുടക്കാതെ ദയകാണിച്ച പേനകൾക്ക്...

ഡിസൈനിങ്ങ് റൂമിലെ ശീതീകരിച്ച മുറിയിൽ കൂട്ടിനുവന്ന
അകം പൊള്ളുന്ന ആശയങ്ങൾക്ക്,

കൊഞ്ഞനംകുത്തുന്ന അക്ഷരങ്ങൾക്ക് മര്യാദ പഠിപ്പിച്ച
സഹയാത്രികന്,

വിളറിപ്പോയ താളുകൾക്ക് നിറങ്ങൾ പൂശിയവർക്ക്,
അപ്രതീക്ഷിതമായി കിട്ടിയ സപ്ലിക്ക്.

Dessi Cuppa യിലെ ബെൽജിയം ചോക്ലേറ്റിന്...

മാഗസിൻ ആശയങ്ങൾ ഇന്റേണൽ എക്സാമിന്റെ ഇടയിൽ

കുത്തിവരക്കേണ്ടി വന്ന അവസ്ഥക്ക്...

സർവ്വോപരി അധ്യാപകർക്ക്, കൂട്ടുകാർക്ക്, സഹകരിച്ചവർക്ക്,
സഹായിച്ചവർക്ക്....

നന്ദി പറയാൻ വിട്ടുപോയ എല്ലാവർക്കും

നന്ദി !





പെയ്തു തോർന്ന ആകാശത്തെ നക്ഷത്രങ്ങൾ
കൂടുതൽ തിളങ്ങും
പേരറിയാത്ത നാടും, ദിക്കറിയാത്ത വഴിയും
അനുഭവങ്ങൾക്കൊണ്ട് അറിവുപകരും.
ഓരോ അസ്തമയങ്ങൾക്കും ഓരോ ഉദയമുണ്ട്.
പ്രതീക്ഷയുടെ സൂര്യോദയം...
ഒപ്പം പൂത്തുതളിർക്കുകയാണ്
വസന്തത്തിന്റെ പുതുശിഖരങ്ങൾ...
ഇതിനുമപ്പുറം വലിയൊരു ലോകം
എനിയ്ക്കായ് കാത്തുനിൽക്കുന്നു
എല്ലാത്തിനും മൂകസാക്ഷിയായി
കാലമേ നീ മാത്രം...